## കേരള ഗവർണ്ണർ

# റിട്ട. ജസ്റ്റിസ് ശ്രീ. പി. സദാശിവം

## 2016 ജൂൺ 24-ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

പതിനാലാം കേരള നിയമസഭയുടെ പ്രഥമ സമ്മേളനത്തെ അഭിസംബോധന ചെയ്യുന്നതിൽ എനിക്ക് അതിയായ സന്തോഷം ഉണ്ട്. നിങ്ങളേവർക്കും എന്റെ ഹാർദ്ദമായ അഭിനന്ദനങ്ങളും ഊഷ്മ ളമായ ആശംസകളും നേരുന്നു.

2. കേരള ജനത വലിയ പ്രത്യാശകളോടും ഉയർന്ന പ്രതീക്ഷ കളോടും കൂടിയാണ് എന്റെ സർക്കാരിനെ അധികാരത്തിലേറ്റിയത്. അഴിമതിയ്ക്കും പക്ഷപാതത്തിനും സ്വജന പക്ഷപാതത്തിനും എതിരായി ജനങ്ങൾ നിശ്ചയദാർഢ്യത്തോടെ പ്രതികരിച്ചിരിക്കുന്നു. ജനവിരുദ്ധ നയങ്ങൾക്കും സ്ത്രീകൾക്ക് നേരയുള്ള അതിക്രമ ങ്ങൾക്കും മതേതരത്വം ദുർബലപ്പെടുത്തുന്നതിനും എതിരായ സമ്മതിദായകരുടെ ശക്തമായ പ്രതിഷേധത്തിന്റെ പ്രതിഫലനമാണ് തിരഞ്ഞെടുപ്പ് വിധി. കാർഷിക വളർച്ച മന്ദീഭവിക്കുകയും പൊതു മേഖലാ യൂണിറ്റുകൾ നഷ്ടത്തിലാവുകയും പരമ്പരാഗത വ്യവസാ യങ്ങൾ തകർച്ച നേരിടുകയും, വിദ്യാഭ്യാസം വാണിജ്യവൽക്കരിക്ക പ്പെടുകയും, പൊതു ആരോഗ്യ സംവിധാനം ദുർബലപ്പെടുകയും ചെയ്തിട്ടുള്ള ഈ പശ്ചാത്തലത്തിൽ ഈ അവസ്ഥക്കൊരു സമൂല മാറ്റം കൊണ്ടുവരുവാൻ ജനങ്ങൾ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ അവരുടെ പ്രതീക്ഷകൾ അർപ്പിച്ചിരിക്കുന്നു. ജനങ്ങ ളുടെ പ്രതീക്ഷക്കൊത്ത് ഉയരുവാൻ സർക്കാരിനെ സാധ്യമാക്കുന്ന നയസമീപനങ്ങൾ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നതിന് എനിക്ക് അതിയായ സന്തോഷമുണ്ട്.

3. ആഗോളവത്ക്കരണം, ഭീതിജനകമായ അസമത്വങ്ങൾക്കും പാരിസ്ഥിതിക നാശത്തിനും കാരണമായിട്ടുണ്ട്. ഒരു നവലോക വ്യവസ്ഥയ്ക്ക് പകരമായി മറ്റൊന്നില്ല എന്ന ശക്തമായ ധാരണ നില നിൽക്കുന്നുണ്ട്. എന്നാൽ ആഗോള സാമ്പത്തിക മാന്ദ്യവും കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രതിസന്ധിയും നിലവിലുള്ള സാഹചര്യത്തിൽ നിന്നുള്ള അടിസ്ഥാനപരമായ ഒരു മാറ്റം ആവശ്യപ്പെടുന്നു. ഈ അവസരത്തിൽ എന്റെ സർക്കാർ, ഫെഡറൽ ചട്ടക്കൂട് ചുമത്തിയ പരിധിക്കുള്ളിൽ നിന്ന്, ഒരു ജനകീയ ബദൽ സംവിധാനം സൃഷ്ടിക്കുവാൻ പ്രയത്നിക്കുന്നതാണ്.

4. ആഗോള പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടുവാൻ ഇന്ത്യയ്ക്ക് സാധ്യമാകുന്നതല്ല. എന്നാൽ ഈ പ്രതിസന്ധിയിൽ നിന്നും കരകയറുന്നതിനായി നവ ലിബറൽ നയങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുവാനാണ് ഭാരത സർക്കാർ ശ്രമിക്കുന്നത്. കൂടാതെ, ഇന്ത്യയുടെ മതേതര സ്വഭാവം ദുർബലപ്പെടുത്തുന്നതിനും നിരന്തര ശ്രമങ്ങൾ നടക്കുന്നുണ്ട്. മതേതരത്വത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഉയർത്തെഴുന്നേൽക്കുന്ന കേരളത്തിന്റെ സാംസ്കാരിക തനിമ പടുത്തുയർത്തിയിട്ടുള്ളത്. ആദ്യകാല നവോത്ഥാന പ്രസ്ഥാനങ്ങളിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ടുള്ള തൊഴിലാളികളുടെയും കർഷകരുടെയും പോരാട്ടങ്ങളും ദേശീയ പ്രസ്ഥാനങ്ങളും, കേരളത്തിൽ മതേതരത്വം ശക്തമാക്കിയിട്ടുണ്ട്.

5. സമാധാനമുള്ള ഭൂമിയിൽ മാത്രമേ വികസനം സാധ്യമാകൂ. അതിനാൽ, ക്രമസമാധാനം ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

6. നമുക്ക് പുതിയതും രൂപാന്തരപ്പെടുത്തിയതുമായ ഒരു കേരളം ആവശ്യമാണ്. കേരളത്തിന്റെ ഭാവി കരങ്ങളിലേന്തിയ യുവജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് നാം ഉയരേണ്ടതുണ്ട്. അവരുടെ അഭിലാഷത്തിനൊത്ത് തൊഴിലവസരങ്ങൾ അവർക്ക് നൽകുവാൻ

നമുക്ക് സാധ്യമാകണം. ആധുനിക കൃഷി രീതിയോടൊപ്പം വ്യാവസായിക വളർച്ചയും നാം ത്വരിതപ്പെടുത്തേണ്ടതുണ്ട്. അതേ സമയം, സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങളിലെ തൊഴിലാളികൾക്കും പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ട വർക്കും സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ നാം സൃഷ്ടിക്കേണ്ടതുണ്ട്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലെ നമ്മുടെ പൊതുസേവന സംവിധാനങ്ങളെ നാം ശക്തിപ്പെടുത്തേണ്ടതും സേവനം പ്രദാനം ചെയ്യുന്നതിന്റെ നിലവാരങ്ങൾ ഉയർത്തേണ്ടതുമുണ്ട്. ചുരുക്കത്തിൽ, അഴിമതിരഹിത ഭരണത്തിലൂടെ സംസ്ഥാനത്ത് വികസനത്തിന്റെ ഒരു പുതുയുഗം സൃഷ്ടിക്കുക എന്നതാണ് കേരള ജനത എന്റെ സർക്കാരിന് നൽകിയിട്ടുള്ള കല്പന.

7. അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും പ്രകടവും ശക്തവുമായ ഒരു നയമായിരിക്കും എന്റെ സർക്കാർ പിന്തുടരുന്നതെന്ന് ഊന്നിപ്പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കട്ടെ. ഈ ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്ക്, അഴിമതി തടയുന്നതിനുള്ള ഒരു കൂട്ടം നടപടികൾ സ്വീകരിക്കുന്നതും, അതിൽ താഴപ്പറയുന്നവ ഉൾപ്പെടുന്നതുമാണ്

- എല്ലാവകുപ്പുകളും നിർബന്ധിതമായും വിവരങ്ങൾ വെളിപ്പെടുത്തണം എന്ന വ്യവസ്ഥ ഏർപ്പെടുത്തുക.
- കൂടുതൽ പൊതുമരാമത്ത് പ്രവർത്തികൾക്ക് ഇ-ടെൻഡർ വ്യാപിപ്പിക്കുക.
- പ്രധാൻ മന്ത്രി ഗ്രാം സഡക് യോജനയുടെ മാതൃകയിൽ പൊതുമരാമത്ത് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്ന സംവിധാനം ഏർപ്പെടുത്തുക.
- സാധനങ്ങളുടെ ഇ-പ്രൊക്യൂർമെന്റ് ഏകോപിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുക.

- സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തുക.

- എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രധാന പൊതുമരാമത്ത് പ്രവർത്തികൾക്കും സോഷ്യൽ ആഡിറ്റ് നിർബന്ധമാക്കുക.

- എല്ലാ പൊതുമരാമത്ത് പ്രവർത്തികളുടെയും വിവിധ ഘട്ടങ്ങൾ പ്രസക്തമായ വിശദാംശങ്ങളോടൊപ്പം ഏതൊരു പൗരനും കാണുവാൻ സാദ്ധ്യമാകുംവിധം ജി.ഐ.എസ്-അടിസ്ഥാനമാക്കിയുള്ള ഒരു സുതാര്യ സംവിധാനത്തിലൂടെ പൊതുനിരീക്ഷണ സൗകര്യം ഒരുക്കുക.

8. സ്ത്രീകളെ വികസനത്തിൽ ഉൾപ്പെടുത്തുവാനും അവർക്കെതിരെയുള്ള അതിക്രമങ്ങൾ അവസാനിപ്പിക്കുവാനും ലിംഗസമത്വം ഉറപ്പാക്കുവാനും എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കേരളത്തെ സമ്പൂർണ്ണമായും ഒരു ലിംഗ-സൗഹൃദ സംസ്ഥാനമായി മാറ്റേണ്ടത് ആവശ്യമാണ്. സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി ഒരു പുതിയ വകുപ്പ് സൃഷ്ടിക്കുന്നതാണ് എന്ന് പ്രഖ്യാപിക്കുന്നതിൽ എന്റെ സർക്കാരിന് സന്തോഷമുണ്ട്.

9. സാധാരണക്കാരായ ജനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ കേരളം വലിയൊരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും, സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നത് ഉറപ്പുവരുത്തുവാൻ ഇതുവരെ സാദ്ധ്യമായിട്ടില്ല. പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും മത്സ്യത്തൊഴിലാളി സമൂഹത്തിന്റെയും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുക എന്നതിനായിരിക്കും എന്റെ സർക്കാരിന്റെ നയപരമായ മുൻഗണന. കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്ന ദാരിദ്ര്യം ഇല്ലാതാക്കേണ്ടതുണ്ട്.

10. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധവും ശാസ്ത്രീയവും സന്തുലിതവുമായ ഒരു ബന്ധത്തെയാണ് വികസനം സൂചിപ്പിക്കുന്നതെന്ന് എന്റെ സർക്കാർ മനസ്സിലാക്കുന്നു. വികസനം പരിസ്ഥിതി സൗഹാർദ്ദമാണ് എന്ന് ഉറപ്പുവരുത്തുക എന്നതാണ് എന്റെ സർക്കാരിന്റെ നയം. ജനങ്ങളെ വിശ്വാസത്തിലെടുത്തും അവരെ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന്റെയും പരിപോഷിപ്പിക്കുന്നതിന്റെയും ചെയ്യുന്നതിന്റെ ഒരു അവിഭാജ്യ ഘടകമാക്കി മാറ്റുക എന്നതുമാണ് എന്റെ സർക്കാരിന്റെ വീക്ഷണം.

11. സദ്ഭരണം, സർക്കാരിന്റെ നയരൂപീകരണം മുതൽ അതിന്റെ അനന്തഫലം വിലയിരുത്തുന്നതു വരെയുള്ള എല്ലാ ഘട്ടങ്ങളിലും എല്ലാ വിഷയങ്ങളെ സംബന്ധിച്ചും ജനകീയ പങ്കാളിത്തം ആവശ്യമാണ് എന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഇലക്ട്രോണിക്കായും ഔപചാരിക വേദികളിലെ നേരിട്ടുള്ള ആശയവിനിമയം വഴിയുള്ള കൂടിയാലോചനകൾ, നിർദ്ദേശം നൽകൽ, പ്രതികരണം എന്നിവയ്ക്ക് അവസരങ്ങൾ നല്കുന്ന, പൗരന്മാർക്ക് ആശയവിനിമയം നടത്തുന്ന വേദി ഒരുക്കുന്ന ഒരു തുറന്ന സർക്കാർ ആയിരിക്കും എന്റേത്.

12. അങ്ങേയറ്റം ദുർബലരും, പാർശ്വവൽക്കരിക്കപ്പെട്ടതുമായ പൗരന്റെ പരാതി പരിഹാരത്തിനായിരിക്കും എന്റെ സർക്കാർ മുന്തിയ പരിഗണന നല്കുന്നത്. "കാലൊച്ച കേൾക്കവേ വാതിൽ തുറക്കുക" എന്ന ആദർശത്തിന് അനുസൃതമായി ഒരു അനുകൂല സമീപനം എന്റെ സർക്കാർ സ്വീകരിക്കുന്നതായിരിക്കും. പരേതനായ ഇ. കെ. നായനാർ നേതൃത്വം നൽകിയിട്ടുള്ള മൂന്നാം ഭരണ പരിഷ്കാര സമിതി ശുപാർശ ചെയ്ത പ്രകാരം, ജില്ലാ തലങ്ങളിലും ഉപ ജില്ലാ തലങ്ങളിലും ഫലപ്രദമായ ജനസമ്പർക്ക പരിപാടികൾ സ്ഥിരമായി സംഘടിപ്പിക്കുന്നതാണ്. ഏതൊരു പൗരനും,

അവന്റെയോ, അവളുടെയോ പരാതിപരിഹാര പുരോഗതി അറിയുവാൻ ഉതകും വിധം ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പരാതി പരിഹാരം ശക്തിപ്പെടുത്തുന്നതാണ്.

**13.** 2012-ലെ കേരള സംസ്ഥാന സേവന അവകാശ ആക്റ്റ് പൗരാവകാശ രേഖ, പൗരൻമാരുമായുള്ള ആശയവിനിമയത്തിനുമുള്ള അവസരം എന്നിവ പോലുള്ള സവിശേഷതകൾ കൊണ്ടുവരുന്നതിനായി, അതിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**14.** പ്രഗത്ഭരായ യുവജനങ്ങളെ പബ്ലിക് സർവ്വീസിലേക്ക് ആകർഷിക്കുക, അതിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ വിവിധ ഉദ്ദേശ്യങ്ങളോടുകൂടി, സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടുവരുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

**15.** നമ്മുടെ ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു പുതിയ പരിശീലന നയം എന്റെ സർക്കാർ രൂപവത്ക്കരിക്കുന്നതാണ്. എല്ലാ സർക്കാർ ജീവനക്കാർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗും അതുപോലെതന്നെ വ്യവസ്ഥാപിത ഇൻ-സർവ്വീസ് കോഴ്സുകളും ഇതിൽ വ്യക്തമായി വ്യവസ്ഥ ചെയ്യുന്നതാണ്. കൂട്ടായ പ്രവർത്തനം കൈവരിക്കുന്നതിലേയ്ക്ക്, സർക്കാരിന്റെ കീഴിലുള്ള വിവിധ പരിശീലന സ്ഥാപനങ്ങളുടെ ഏകോപനം സുഖകരമാക്കുവാൻ, ഐ.എം.ജി.യുടെ ഡയറക്ടർ ജനറലിനെ, ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് ആയി പദവിനിർദ്ദേശം ചെയ്യുന്നതാണ്. മഹത്തായ ഈ ലക്ഷ്യത്തിന് ധനസഹായം നൽകുന്നതിനായി, വകുപ്പുകൾ, അവയുടെ വാർഷിക പ്ലാൻ ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും പരിശീലനത്തിനുവേണ്ടി വിനിയോഗിക്കാൻ അനുവദിക്കുംവിധം യുക്തമായ ബഡ്ജറ്റ് സംവിധാനം കൊണ്ടുവരുന്നതാണ്.

## വികസന വീക്ഷണം

16. കേരളം ഇന്ന് ദുഷ്കരമായ ഒരു വികസന പ്രതിസന്ധി നേരിടുകയാണ്. ഒരു വശത്ത്, നാണ്യവിളമേഖലയിലെ പ്രതിസന്ധിയോടൊപ്പം മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലെ എണ്ണ വിലയിടിവ് മൂലം ഉണ്ടായ സാമ്പത്തിക മാന്ദ്യവും ചേർന്ന് നമ്മുടെ സമ്പദ്വ്യവസ്ഥയ്ക്ക് ഗുരുതരമായ ഒരു ഭീഷണി ഉയർത്തുന്നു. മറുവശത്ത്, ദുഷിച്ച, സങ്കുചിത, കക്ഷിപക്ഷപാത ലക്ഷ്യങ്ങൾക്കുവേണ്ടി, മുൻ സർക്കാർ ചെയ്ത മാപ്പർഹിക്കാത്ത നശീകരണവും, സംസ്ഥാനത്തിന്റെ റവന്യൂ പിരിവ് സംവിധാനത്തിന്റെ അടിത്തറതോണ്ടലും, വിഭവ സമാഹരണത്തെ ഗുരുതരമായ അപായഘട്ടത്തിൽ എത്തിച്ചിട്ടുണ്ട്. സങ്കീർണ്ണമായതും, പുരോഗതി തടസ്സപ്പെടുത്തുന്നതുമായ ഇത്തരമൊരു സാഹചര്യത്തിൽ നിന്ന് സംസ്ഥാനത്തെ എങ്ങനെ മുന്നോട്ട് നയിക്കുവാൻ നമുക്ക് കഴിയും എന്നതിനെ സംബന്ധിച്ച ചോദ്യം ഞങ്ങൾക്ക് കടുത്ത വെല്ലുവിളി ഉയർത്തുന്നു. എന്റെ സർക്കാർ, ഈ പ്രശ്നങ്ങൾക്ക് ക്രിയാത്മകവും പ്രായോഗികവുമായ പരിഹാരങ്ങൾ തീർച്ചയായും കണ്ടെത്തുമെന്ന് പറയേണ്ടതില്ലല്ലോ.

17. വളരെ പ്രത്യേകമായ ചില വികസനലക്ഷ്യങ്ങൾ എന്റെ സർക്കാർ സ്വയം നിശ്ചയിച്ചുറപ്പാക്കിയിട്ടുണ്ട്. അടുത്ത അഞ്ച് വർഷം ഇവ എന്റെ സർക്കാരിന്റെ വികസന തന്ത്രത്തിന്റെ അടിസ്ഥാനമായിരിക്കുന്നതാണ്. ഇൻഫർമേഷൻ ടെക്നോളജി, ബയോടെക്നോളജി, ടൂറിസം, ഇലക്ട്രോണിക്സ് മേഖലകളിലും, ഉയർന്നുവരുന്ന മറ്റ് മേഖലകളിലും പത്ത് ലക്ഷം തൊഴിലുകൾ സൃഷ്ടിക്കുക എന്നതായിരിക്കും നമ്മുടെ ലക്ഷ്യം. കൃഷി, നിർമ്മാണം, വാണിജ്യം, ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകളിൽ മറ്റു പതിനഞ്ച് ലക്ഷം തൊഴിലുകൾ കൂട്ടിച്ചേർക്കുവാൻ ആകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. മറ്റു പത്ത് ലക്ഷം യുവജനങ്ങൾക്ക്

നൈപുണ്യ പരിശീലനം നൽകുന്നതാണ്. 1500 സ്റ്റാർട്ട്-അപ്പുകൾക്ക് ഞങ്ങൾ സാമ്പത്തിക, അടിസ്ഥാന സൗകര്യ, സാങ്കേതിക സഹായം നൽകുന്നതാണ്. ഐ.റ്റി പാർക്കുകളിൽ ലഭ്യമാകുന്ന സ്ഥലം എന്റെ സർക്കാർ ഇരട്ടിപ്പിക്കുന്നതാണ്. സംസ്ഥാനത്തിലേയ്ക്ക് ആകർഷിക്കപ്പെടുന്ന വിനോദസഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുന്നതിനുള്ള പദ്ധതികൾ ഞങ്ങൾ ആവിഷ്കരിക്കുന്നതാണ്.

**18.** ഗ്യാസ്പൈപ്പ്ലൈൻ പദ്ധതി പൂർത്തീകരിക്കുവാനും, ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കുകളിൽ ഗണ്യമായി നിക്ഷേപിക്കുവാനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾ യഥാസമയത്ത് പൂർത്തീകരിക്കുന്നതും, പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതുമാണ്. വിശാലമായ രാഷ്ട്രീയ അഭിപ്രായ സമന്വയത്തിൽ ഇതിനോടകം എത്തിച്ചേർന്നിട്ടുള്ള തിരുവനന്തപുരത്തേയും കോഴിക്കോട്ടേയും വിമാനത്താവളങ്ങളും അത്തരം മറ്റ് അടിസ്ഥാനസൗകര്യ പദ്ധതികളും ഏറ്റെടുക്കുന്നതും സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്. വൻകിട പദ്ധതികൾ, പ്രത്യേകിച്ച് റോഡ് വീതി സംബന്ധിച്ച നിർണ്ണയിക്കപ്പെട്ട നിർദ്ദേശങ്ങളുള്ള പ്രധാന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ഭുമി ഏറ്റെടുക്കൽ ഒരു വലിയ പ്രതിസന്ധി ആയി നിൽക്കുന്നു. ഭൂവുടമകൾക്ക് ന്യായമായ നഷ്ടപരിഹാരം നൽകിക്കൊണ്ടും, ഏറ്റെടുക്കേണ്ട വസ്തു തങ്ങളുടെ ഉപജീവനമാർഗ്ഗത്തിനായി ആശ്രയിക്കുന്നവരെ പുനരധിവസിപ്പിച്ചുകൊണ്ടും പദ്ധതികൾക്കുവേണ്ടിയുള്ള വസ്തു ഏറ്റെടുക്കൽ എന്റെ സർക്കാർ ത്വരിതപ്പെടുത്തുന്നതാണ്.

**19.** പൊതു ആരോഗ്യ സംവിധാനത്തെ ശക്തിപ്പെടുത്തുകയും സമൂലം പരിഷ്കരിക്കുന്നതുമാണ്. സ്ക്കൂൾ വിദ്യാഭ്യാസ സംവിധാനത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് നവീകരിക്കുന്നതാണ്. മികവിന്റെ കേന്ദ്രങ്ങളായി വളർന്നുയരുവാൻ സർവ്വകലാശാലകളെ വികസിപ്പിക്കുന്നതാണ്.

**20.** ഈ സർക്കാർ സ്വയം നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, പീപ്പിൾസ് ക്യാമ്പയിനിന്റെ അടുത്ത ഘട്ടത്തിലൂടെ എല്ലാ മേഖലകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സജീവ പങ്കാളികളാക്കുന്നതാണ്. കേരളത്തെ പട്ടിണി-വിമുക്ത സംസ്ഥാനമാക്കുന്നതാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകൾ എല്ലാ പെൻഷൻകാരുടെയും പടിവാതിൽക്കൽ എത്തിക്കുന്നതാണ്.

**21.** വികസനത്തിൽ ജെൻഡറിനെ മുഖ്യധാരയിലാക്കുന്നതിനു വേണ്ടി, എന്റെ സർക്കാർ നടപ്പു വർഷം തന്നെ ജെൻഡർ ബഡ്ജറ്റിംഗ് കൊണ്ടുവരുന്നതും, തുടർ നടപടിയായി ജെൻഡർ ആഡിറ്റിംഗ് ഏർപ്പെടുത്തുന്നതുമാണ്.

**22.** എന്റെ സർക്കാർ, സംസ്ഥാനത്തിലേക്കുള്ള സ്വകാര്യ നിക്ഷേപത്തിന്റെ വരവ് വേഗത്തിലാക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്നതും, അതിനുവേണ്ടി അനുയോജ്യമായ ഒരു അന്തരീക്ഷം ഏർപ്പെടുത്തുന്നതുമാണ്. സ്വകാര്യ നിക്ഷേപം ഞങ്ങൾ ആകർഷിക്കുമെന്നതിൽ സംശയമില്ല. എന്നാൽ അത് നമ്മുടെ തൊഴിലാളികളുടെ അവകാശങ്ങളെ അവഗണിക്കാതെയും, നമ്മുടെ പരിസ്ഥിതി നിയമങ്ങളെ ലംഘിക്കാതെയും ആയിരിക്കുന്നതാണ്. സ്വകാര്യ നിക്ഷേപകർക്ക് കേരളത്തോടുള്ള പ്രധാന ആകർഷണം, അതിന്റെ അതുല്യമായ പ്രകൃതിദത്തമായ ദാനങ്ങൾക്കും വിദ്യാസമ്പന്നരായ തൊഴിൽ ശക്തിക്കും പുറമെ, സംസ്ഥാനത്ത് യുദ്ധകാലാടിസ്ഥാനത്തിൽ എന്റെ സർക്കാർ നിർമ്മിക്കുന്ന ആധുനിക അടിസ്ഥാന സൗകര്യങ്ങളായിരിക്കുന്നതാണ്. ആധുനികവൽക്കരിക്കപ്പെട്ട റോഡ് സംവിധാനങ്ങൾ, വേഗത്തിലുള്ള റെയിൽപ്പാതകൾ, കാര്യക്ഷമമായ ഉൾനാടൻ ജലഗതാഗതം, ആകർഷകമായ വിമാനത്താവളങ്ങളും തുറമുഖങ്ങളും, വ്യാവസായിക പാർക്കുകൾ, നിലവാരമുള്ള

വൈദ്യുതിയുടെ വിതരണം ഉറപ്പാക്കൽ എന്നിവ, ബഡ്ജറ്റ് വിഹിതത്തിന് പുറമെ സ്വരൂപിക്കുന്ന മതിയായ ഫണ്ടിലൂടെ സൃഷ്ടിക്കപ്പെടുന്നതാണ്.

**23.** ഉയർന്നുവരുന്ന പുതിയ വളർച്ചാ മേഖലകളെയും, അടിസ്ഥാനസൗകര്യത്തെയും കേന്ദ്രീകരിച്ചുള്ള സമ്പദ്‌വ്യവസ്ഥയുടെ പുന:ക്രമീകരണത്തോടൊപ്പം പാവപ്പെട്ടവർക്ക് സമ്പൂർണ്ണ സാമൂഹ്യ സുരക്ഷ പ്രദാനം ചെയ്യുവാനും, പരമ്പരാഗത മേഖലകളിലുള്ള അവരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുവാനും, പൊതുജന ആരോഗ്യവും വിദ്യാഭ്യാസ സംവിധാനവും ശക്തിപ്പെടുത്തുവാനും, പരിസ്ഥിതിസന്തുലനവും ലിംഗസമത്വവും ഉറപ്പുവരുത്തുവാനും, സുചിന്തിതമായ ഒരു തന്ത്രം ഉണ്ടായിരിക്കുന്നതാണ്. ഈ സമീപനം, ആസൂത്രണത്തിലും വികസനത്തിലും സർക്കാരിന് ഒരു വലിയ പങ്ക് അനിവാര്യമാക്കിത്തീർക്കുന്നതാണ്. അത്തരം ഇടപെടലുകളുടെ വിജയം, സർക്കാരിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുവാനുള്ള മതിയായ സാമ്പത്തിക വിഭവങ്ങളുടെ സമാഹരണത്തെ ആശ്രയിച്ചിരിക്കുന്നു. ഇത്, ചുരുക്കത്തിൽ ഒരു നവകേരള സൃഷ്ടിക്കായുള്ള എന്റെ സർക്കാരിന്റെ അജണ്ട ആയിരിക്കുന്നതാണ്. വെല്ലുവിളികൾ അനവധിയാണ്. എന്നാൽ, കേരള ജനതയുടെ പിന്തുണയോടെ എന്റെ സർക്കാർ ഈ വാഗ്ദാനങ്ങൾ തീർച്ചയായും പാലിക്കുന്നതാണ്.

## ആസൂത്രണം

**24.** പഞ്ചവൽസരപദ്ധതി വേണ്ടെന്നുവയ്ക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം അങ്ങേയറ്റം ദീർഘവീക്ഷണമില്ലായ്മ കൊണ്ടാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. നിലവിൽ, സംസ്ഥാനങ്ങളും, വിരോധാഭാസമെന്ന് പറയട്ടെ, കേന്ദ്രവും ദേശീയ

മുൻഗണനകളെക്കുറിച്ച് ഇരുട്ടിൽ തപ്പുകയാണ്. ദേശീയ നയങ്ങളെ സംബന്ധിച്ച് നല്ലവണ്ണം ആസൂത്രണം ചെയ്ത് ആവിഷ്ക്കരിക്കപ്പെട്ട ഒരു പദ്ധതിയുടെ അഭാവത്തിൽ, കേന്ദ്ര സർക്കാരിന്റെ വികസന പരമായ നിർദ്ദേശങ്ങൾ, ഏറെക്കുറെ അവ്യക്തവും ലക്ഷ്യബോധ മില്ലാത്തതായും ആയി കാണുന്നു. പഞ്ചവൽസരപദ്ധതിയുമായി എന്റെ സർക്കാർ മുന്നോട്ടുപോകുന്നതാണ്. പതിമൂന്നാം പഞ്ച വൽസരപദ്ധതി തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

**25.** ആസൂത്രണം കൂടുതൽ പ്രൊഫഷണലും ശാസ്ത്രീയവു മാക്കി തീർക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്റ്റേറ്റ് അക്കാ ഡമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ (SASA), അതിന് സമാന സ്വഭാവത്തിലുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകളും, അന്തർദ്ദേശീയ വിദ്യാസ്ഥാപനങ്ങളും നിശ്ചയിച്ചിട്ടുള്ള നിലവാരങ്ങൾക്കനുസൃത മായുള്ള ഔദ്യോഗിക സ്ഥിതിവിവരക്കണക്കിന്റെ പരിശീലനത്തിനും ഗവേഷണ പഠനങ്ങൾക്കുമുള്ള മികവിന്റെ ഒരു കേന്ദ്രമായി പ്രവർത്തി ക്കുന്നതാണ്. പ്രകൃതി വിഭവങ്ങളെക്കുറിച്ച് ബ്ലോക്കുതല റിപ്പോർട്ടു കൾ തയ്യാറാക്കുന്നതും, ഫലപ്രദമായ പ്രാദേശികതല ആസൂത്രണ ത്തിനുവേണ്ടി ഉപയോഗിക്കുന്നതുമാണ്. മെച്ചപ്പെട്ട പ്രാദേശിക സ്ഥലപര ആസൂത്രണം ഉറപ്പുവരുത്തുന്നതിനായി, ഭൂ-ജല വിഭവ പരിപാലനത്തിനായുള്ള ഒരു സംസ്ഥാനതല ഡിജിറ്റൽ ഡാറ്റ റിപ്പോസിറ്ററി ആയി ജിയോ-ഇൻഫർമാറ്റിക്സ് ലബോറട്ടറിയെ ശക്തി പ്പെടുത്തുന്നതാണ്.

## ധനകാര്യ മാനേജ്മെന്റ്

**26.**സംസ്ഥാനം ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുകയാണ്. ഇതിൽ നിന്നും സംസ്ഥാനത്തെ കര കയറ്റുവാൻ മറ്റാരും ഏറ്റെടുക്കാത്തതായ ദൗത്യം എന്റെ സർക്കാർ

ഇന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ മൂന്നു വർഷങ്ങളായി (2013-2016), കേരള ജനത നിയമസഭയിലൂടെ അംഗീകരിച്ച വാർഷിക പദ്ധതികളുടെ നടപ്പാക്കൽ വാസ്തവത്തിൽ സ്തംഭിച്ചിരിക്കുകയാണ്. മൂന്നു വർഷത്തെ വാർഷിക പ്ലാൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിക്കപ്പെട്ട നിരവധി പദ്ധതികളുടെ യഥാർത്ഥ ചെലവ് നിയമസഭ അംഗീകരിച്ച ബഡ്ജറ്റിന്റെ 60-70% മാത്രമായിരിക്കുന്നു. ഇത് പ്രത്യേകിച്ച്, കേരളത്തിലെ പൊതു നിക്ഷേപങ്ങളിൽ ഒരു പ്രത്യാഘാതം ഉണ്ടാക്കിയിട്ടുള്ളതും, സമൂഹത്തിലെ പാവപ്പെട്ട വിഭാഗങ്ങളെ ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിച്ചിട്ടുള്ളതുമാണ്. ഈ പ്രതിസന്ധിയെ തുടർന്ന്, കയറും മത്സ്യബന്ധനവും മറ്റ് പരമ്പരാഗതവുമായ മേഖലകളിലെ ഗുണഭോക്താക്കൾക്കും തൊഴിലാളികൾക്കും ലഭിക്കുന്ന ധനസഹായത്തെ അങ്ങേയറ്റം ബാധിച്ചു. ഇത് സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ചയെയും വരുമാനത്തെയും തൊഴിൽ സൃഷ്ടിക്കലിനെയും സാരമായി പ്രതിസന്ധിയിലാക്കുകകൂടി ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇപ്പോൾ അനുവദിച്ചിട്ടുള്ള മൊത്തം വായ്പാപരിധി സംസ്ഥാനത്തിന്റെ ദൈനംദിന ചെലവുകൾ നേരിടുവാൻ മാത്രം പര്യാപ്തമായതാണ്. ഇതേത്തുടർന്ന്, റോഡുകൾ, പാലങ്ങൾ, മറ്റ് വൻകിട അടിസ്ഥാനസൗകര്യ പദ്ധതികൾ പോലുള്ളവയ്ക്ക് വേണ്ടിയുള്ള മൂലധനച്ചെലവിന് യാതൊരു ഫണ്ടുകളും ശേഷിക്കുന്നില്ല എന്ന നഗ്ന യാഥാർത്ഥ്യം എന്റെ സർക്കാർ അഭിമുഖീകരിക്കുകയാണ്.

27. എന്റെ സർക്കാരിന്റെ മുമ്പാകെയുള്ള പോംവഴികൾ തികച്ചും പരിമിതമാണ്. റവന്യൂ വരവ് കുറയുന്നതിന് പിന്നിലുള്ള മുഖ്യ കാരണങ്ങളായ അഴിമതിയും കെടുകാര്യസ്ഥതയും ഉന്മൂലനം ചെയ്തുകൊണ്ട്, റവന്യൂ വർദ്ധിപ്പിക്കുവാനുള്ള ആത്മാർത്ഥവും ഊർജ്ജിതവുമായ കൂടുതൽ ശ്രമങ്ങൾ നടത്തുന്നതാണ്. വായ്പ എടുക്കുക എന്നതാണ് മറ്റൊരു മാർഗ്ഗം, എന്നാലിത് ഭാരത സർക്കാർ

അനുവദിച്ച പരിധികൾക്കുള്ളിൽ ആയിരിക്കേണ്ടതായിട്ടുണ്ട്, സംസ്ഥാന സർക്കാരിനുവേണ്ടി ഇതിനകം അനുവദിക്കപ്പെട്ടിട്ടുള്ള വായ്പാപരിധിക്ക് പുറത്ത് വർദ്ധിപ്പിക്കുന്നതിന് ഭാരത സർക്കാർ അതിന്റെ വിമുഖത പ്രകടിപ്പിച്ചിട്ടുണ്ട്. മൂന്നാമത്തെ മാർഗ്ഗം, കഴിഞ്ഞ വർഷക്കാലയളവിൽ ചെയ്തതുപോലെ ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുക എന്നതാണ്. എന്നാലിത് അവശ്യ ചെലവുകളെ കാര്യമായി വെട്ടിക്കുറയ്ക്കുന്നതും അല്ലെങ്കിൽ നീട്ടിവയ്ക്കുന്നതും അനിവാര്യമാക്കിത്തീർക്കും. ഇത് കാർഷിക മേഖലയിലും പരമ്പരാഗത മേഖലയിലുമുള്ള പാവപ്പെട്ടവരെയും തൊഴിലാളികളെയും പ്രഥമപ്രധാനമായും സാരമായും ബാധിക്കുന്നതാണ്. എന്റെ സർക്കാർ തീർച്ചയായും ഈ മാർഗ്ഗം ഒഴിവാക്കും.

**28.** എന്റെ സർക്കാർ, അതിനാൽ ആദ്യമായി റവന്യു സമാഹരണത്തെ വർദ്ധിപ്പിക്കുക, രണ്ടാമതായി, പാവപ്പെട്ടവർക്കും പരമ്പരാഗത മേഖലകൾക്കും വേണ്ടിയുള്ള അവശ്യ ചെലവ് ഉറപ്പുവരുത്തുക അതേ വേളയിൽ പാഴ്ച്ചെലവുകൾ ഒഴിവാക്കുക, മൂന്നാമതായി, ഫണ്ടുകൾ സമാഹരിക്കുന്നതിന് മൂലധന ചെലവിനായി വിപണിയിൽ നിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ വ്യവസ്ഥ ചെയ്യുക എന്നിങ്ങനെയുള്ള ഒരു ബഹു-മുഖതന്ത്രത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസ് ഉപയോഗിച്ചുകൊണ്ട്, ബഡ്ജറ്റിനു പുറമേയുള്ള വായ്പ വാങ്ങലുകളിലൂടെ വൻകിട പദ്ധതികളിലുള്ള പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച ത്വരിതപ്പെടുത്തുവാനുള്ള ക്രിയാത്മകമായ ഒരു വികസനതന്ത്രം, രൂപവൽക്കരിക്കപ്പെടേണ്ടതുണ്ട്.

**29.** സംസ്ഥാനത്ത് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള വ്യക്തമായ ഒരു കാഴ്ചപ്പാട് എന്റെ

സർക്കാരിനുണ്ട്. കേരളത്തിന്റെ അടിസ്ഥാന സൗകര്യം അത് റോഡുകളായാലും പാലങ്ങളായാലും ഉൾനാടൻ ജലമാർഗ്ഗങ്ങളായാലും വിമാനത്താവളങ്ങളായാലും റെയിലായാലും ഐ.റ്റിയായാലും രാജ്യത്ത് ഏറ്റവും മികച്ചതാണെന്ന് ഉറപ്പുവരുത്തുവാൻ അത് പ്രതിജ്ഞാബദ്ധമാണ്. ലോകത്തുടനീളമുള്ള വികസിത രാജ്യങ്ങളിൽ ലഭ്യമാകുന്ന, അതേ നിലവാരത്തോടുകൂടിയ അടിസ്ഥാന സൗകര്യത്തിന്റെ ഉപയോഗം നമ്മുടെ ജനങ്ങൾക്ക് അനുഭവവേദ്യമാകേണ്ടതാണ്. സാമ്പത്തിക വികസനത്തിന്റെയും മൽസരക്ഷമതയുടെയും അർത്ഥത്തിൽ സംസ്ഥാനത്തെ ഏറ്റവും മുന്നിലേയ്ക്ക് നയിക്കുക എന്നതായിരിക്കും എന്റെ സർക്കാരിന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിലേയ്ക്ക് നാം എത്തിച്ചേരണമെങ്കിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള അടിസ്ഥാന സൗകര്യത്തിനു വേണ്ടി 50,000-1,00,000 കോടി നിധിയുടെ ആഗമനം കേരളത്തിന് ആവശ്യമാണെന്ന് കൺസർവേറ്റീവ് എസ്റ്റിമേറ്റുകൾ സൂചിപ്പിക്കുന്നു. ഇത് അർത്ഥമാക്കുന്നതെന്തെന്നാൽ, കേരള അടിസ്ഥാന സൗകര്യത്തിനുവേണ്ടി അടുത്ത അഞ്ച് വർഷക്കാലയളവിൽ അതിന്റെ നിലവിലുള്ള ജിഡിപി യുടെ 10-15% സമാഹരിക്കേണ്ടിയിരിക്കുന്നു എന്നതാണ്. ഈ ജോലി ഒരിക്കലും എളുപ്പമായതല്ല.

**30.** പ്രയാസമേറിയ ഈ ലക്ഷ്യം കൈവരിക്കുവാൻ, എന്റെ സർക്കാർ പണം സ്വരൂപിക്കുന്ന നൂതനമാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്. അടിസ്ഥാന സൗകര്യ പദ്ധതികൾ ദീർഘകാലത്തേക്കുള്ളതും പൊളിറ്റിക്കൽ റിസ്കും നിക്ഷേപകരിൽ വളരെ മങ്ങലേൽപ്പിക്കുയും ചെയ്യുന്നു. നിയമപരവും രാഷ്ട്രീയപരവുമായ നടപടിക്രമങ്ങളിൽ നിക്ഷേപകർക്ക് വിശ്വാസമുണ്ടെങ്കിൽ മാത്രമേ ഗണ്യമായതുകകൾ ദീർഘകാലത്തേക്ക് വിശ്വസിച്ച് നിക്ഷേപിക്കുവാൻ അവർ തയ്യാറാകുകയുള്ളൂ. ഇതിനുവേണ്ടി ഈ സഭയുടെ അടുത്ത

സമ്മേളനത്തിൽ ആവശ്യമായ നിയമനിർമ്മാണ ചട്ടക്കൂട് കൊണ്ടു വരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിദേശത്തു നിന്നും വായ്പകൾ സമാഹരിക്കുവാൻ, നമ്മുടെ ധനകാര്യ സ്ഥാപനങ്ങളിൽ രണ്ടെണ്ണം എൻ. ബി.എഫ്.സി. കളായി റീസ്ട്രക്ചർ ചെയ്യ പ്പെടുന്നതും സെക്യൂരിറ്റീസ് ആന്റ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇൻഡ്യ (എസ്.ഇ.ബി.ഐ.) റഗുലേഷനുകളും (ആർ.ബി.ഐ.) റഗുലേഷനുകളും അനുസരിച്ച് അലൈൻ ചെയ്യപ്പെടുന്നതുമാണ്.

**31.** അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ബന്ധപ്പെട്ട ഐ.റ്റി. സിസ്റ്റങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള, ട്രഷറികളിലെയും ധനകാര്യ വകുപ്പുകളിലെയും ധനപരമായ ഡേറ്റാ ബേസുകളെയും, ശമ്പള പട്ടിക ഡേറ്റാ ബേസുകളെയും, പെൻഷൻ ഡേറ്റാ ബേസുകളെയും, ഉദ്യോഗഗണ ഡേറ്റാ ബേസുകളെയും സംയോജിപ്പിക്കുന്ന ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സിസ്റ്റം എന്റെ സർക്കാർ ആരംഭി ക്കുന്നതും സംസ്ഥാനം അത്തരത്തിലുള്ള ഒരു സമഗ്ര ഇൻഫർ മേഷൻ സിസ്റ്റം വികസിപ്പിക്കുന്ന ഒന്നായി തീരുന്നതുമാണ്. അടുത്ത ആറുമാസത്തിൽ ട്രഷറി ശൃംഖലയ്ക്ക്, അതിന്റെ സ്വന്തം കോർ ബാങ്കിംഗ് സിസ്റ്റം ഉണ്ടായിരിക്കുന്നതിനായി വികസിപ്പിക്കപ്പെടുന്നതാ ണ്. ലിക്വിഡിറ്റി മാനേജ്മെന്റ്, അതിൽ നിർമ്മിതമായ ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികളോടൊപ്പം ഉയർന്ന തോതിലുള്ള പരിഷ് കൃതിയിലേക്ക് വികസിപ്പിക്കപ്പെടുന്നതാണ്. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സാമ്പത്തിക ക്രമക്കേടിൽ നിന്നും സംസ്ഥാനത്തെ മോചിപ്പിക്കുന്നതിൽ നമ്മുടെ സഹായത്തിന് എത്തിച്ചേരുന്നതാണെന്നതിൽ യാതൊരു സംശയവുമില്ല.

**32.** എന്റെ സർക്കാർ, വിവിധ മേഖലകളിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നയനിർദ്ദേശങ്ങളെ ഞാൻ ഇപ്പോൾ ചുരുക്കി പറയട്ടെ.

അപ്രകാരം ചെയ്യുമ്പോൾ, ഞാൻ പതിവ് രീതികളിൽ നിന്നും മാറുകയും, കൂടുതലായി നയപരമായ തുടക്കങ്ങളിലും കുറവായി വിവിധ വകുപ്പുകളിലെ പ്രത്യേക പദ്ധതികൾ എണ്ണിപ്പറയുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നതാണ്.

## വിവരസാങ്കേതിക വിദ്യ

33. ഇ-ഗവേണൻസും ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജിയും വരും വർഷങ്ങളിൽ നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചക്കുള്ള അടിസ്ഥാനമായി വർത്തിക്കും എന്നതിൽ യാതൊരു സംശയവുമില്ല. ഈ കാഴ്ചപ്പാട്, എന്റെ സർക്കാർ സ്വയം നിശ്ചയിച്ചുറപ്പിച്ചിട്ടുള്ളതും ഭരണത്തെയും സേവനം പ്രദാനം ചെയ്യുന്ന സംവിധാനത്തെയും ഇ-സാക്ഷരതയെയും മെച്ചപ്പെടുത്തുന്നതിന് ഈ സാങ്കേതികവിദ്യകളെ ഉപയോഗിക്കുവാനുള്ള നിശ്ചയദാർഢ്യത്തോടുകൂടി മുന്നോട്ടുപോകുന്നതുമാണ്.

34. ഐ.റ്റി. മേഖലയെ ഇന്ത്യയിലും വിദേശത്തുമുള്ള നിക്ഷേപകർക്ക് കൂടുതൽ ഇഷ്ടപ്പെട്ട ലക്ഷ്യസ്ഥാനമാക്കിക്കൊണ്ട്, ആ മേഖലയിലെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിൽ എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ബിസിനസ്സ് ചെയ്യുന്നതിലെ അനായാസത ഉറപ്പുകൊടുക്കുന്നതിലൂടെ മാത്രമേ ഇത് കൈവരിക്കുവാൻ കഴിയുകയുള്ളൂ. എന്റെ സർക്കാർ നിക്ഷേപം സുകരമാക്കുന്നതിനും നിക്ഷേപ അന്തരീക്ഷവും ആവാസവ്യവസ്ഥയും സൃഷ്ടിക്കുന്നതിനുംവേണ്ടി, സബ്സിഡികൾ നൽകുന്ന കാലഘട്ടത്തിൽ നിന്നും അകന്നുനീങ്ങിക്കൊണ്ട്, ഒരു പ്രൊഫഷണൽ സമീപനം സ്വീകരിക്കുന്നതിൽ വിശ്വസിക്കുന്നു. ഒരു സമഗ്ര ഐ.റ്റി. നയം സ്റ്റേക്ക്ഹോൾഡർമാരുമായി കൂടിയാലോചിച്ച് അടുത്ത രണ്ടുമാസത്തിൽ കൊണ്ടു വരുന്നതാണ്. ഐ.റ്റി വ്യവസായത്തിലെ മാറിവരുന്ന ആവശ്യകതകൾക്കനുസൃതമായി നമ്മുടെ യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുവാൻ ഊന്നൽ നൽകുന്നതാണ്.

35. ഇന്ത്യയിലെ ഐ.റ്റി മേഖലയിൽ നമ്മുടെ സംസ്ഥാനത്തെ മുൻപന്തിയിൽ എത്തിക്കുന്നതിനായി എന്റെ സർക്കാർ ധാരാളം പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതും നടന്നുവരുന്ന സംരംഭങ്ങൾ പൂർത്തീകരിക്കുന്നതുമാണ്.

- കോഴിക്കോട്ടെ സൈബർ പാർക്കിന്റെ ഒന്നാം ഘട്ടം ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കുന്നതാണ്. 2.88 ലക്ഷം ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന പുതിയ കെട്ടിടത്തിൽ സ്ഥലത്തിന്റെ അലോട്ട്മെന്റ് സമാരംഭിക്കുന്നതാണ്.

- തിരുവനന്തപുരത്തെ അഭിമാനകരമായ ടെക്നോ സിറ്റി പ്രോജക്ട് മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതാണ്.

- കേരള ടെക്നോളജി സ്റ്റാർട്ട്-അപ്പ് പോളിസിക്ക് അനുസൃതമായി, സ്റ്റാർട്ട്-അപ്പുകളുടെ പ്രോത്സാഹനത്തിനായി നിലവിലുള്ളതും പുതിയതുമായ പദ്ധതികൾ തുടരുന്നതാണ്.

- ടെക്നോളജി ഇന്നോവേഷൻ സോണിന്റെ രണ്ടാം ഘട്ടത്തിനു കീഴിലുള്ള ഏകദേശം 105 കോടി രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കപ്പെടുന്നതും ത്വരിതപ്പെടുത്തുന്നതുമാണ്. പദ്ധതിയുടെ മൂന്നാം ഘട്ടവും ഈ സാമ്പത്തിക വർഷക്കാലയളവിൽ ആരംഭിക്കുന്നതും 2018-ൽ ഗുണഭോക്താക്കൾക്ക് സൗകര്യങ്ങൾ ലഭ്യമാക്കുന്നതുമാണ്.

- ടെക്നോളജി മേഖലയിൽ തെരഞ്ഞെടുക്കപ്പെട്ട 1000 നൂതന ആശയങ്ങളെ പിന്തുണയ്ക്കുന്നതിനുവേണ്ടി ഓരോന്നിനും 2 ലക്ഷം രൂപ സഹായം നൽകുന്ന ഒരു പുതിയ പദ്ധതി കൊണ്ടുവരുന്നതാണ്.

- സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ, നൂതന ആശയങ്ങൾ അറിയുവാനും കൈമാറ്റം ചെയ്യുവാനും പൊതുജനങ്ങൾക്കിടയിലെ ബന്ധപ്പെട്ടവരുമായുള്ള ചർച്ചയ്ക്കും വേണ്ടി ഓപ്പൺ ഇന്നോവേഷൻ സ്പേസുകൾ സ്ഥാപിക്കുന്നതാണ്.

- ആർ & ഡി സ്ഥാപനങ്ങൾ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ, വ്യവസായ സംരംഭകർ മുതലായവരുടെ ആശയവിനിമയം സുകരമാക്കുന്നതിനുവേണ്ടി, സയൻസ് & ടെക്നോളജി ഇന്നോവേഷൻ ആന്റ് കൊമേഴ്സ്യലൈസേഷൻ കേരള (STICK) എന്ന ഒരു വെർച്വൽ പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതും ആ പ്ലാറ്റ്ഫോമിലൂടെ വികസിപ്പിച്ചെടുത്ത ആശയങ്ങൾ പരിശോധിക്കുന്നതിനും പരിഷ്കരിക്കുന്നതിനും വേണ്ടി, ഒരു ഭൗതിക പരീക്ഷണശാല കളമശ്ശേരിയിലെ ടെക്നോളജി ഇന്നോവേഷൻ സോണിൽ സ്ഥാപിക്കുന്നതുമാണ്.

- തിരുവനന്തപുരത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, കേരളയുടെ പൂർണ്ണമായും സജ്ജമായ റസിഡൻഷ്യൽ ക്യാമ്പസ് 2017 മാർച്ച് 31 ഓടു കൂടി തയ്യാറാക്കുന്നതാണ്.

- ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (FOSS) ന്റെയും ഫ്രീ നോളജ് സംരംഭങ്ങളുടെയും ലോകവ്യാപകമായ ശൃംഖല മുതലെടുത്തുകൊണ്ട് ഇക്ഫോസ്സ് (ICFOSS) കേരള സമൂഹത്തിന്റെ വികസന ആവശ്യങ്ങളിൽ ശ്രദ്ധ ഊന്നിയുള്ള ഇന്റർ നാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറിനെ ഒരു അക്കാദമിക ഓർഗനൈസേഷനായി വികസിപ്പിക്കുന്നതാണ്.

- സംസ്ഥാന ഡാറ്റാ സെന്ററിന്റെ അടിസ്ഥാനസൗകര്യത്തെ, അന്താരാഷ്ട്ര നിലവാരങ്ങളിലേയ്ക്ക് ഉയർത്തികൊണ്ട് കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

- രണ്ട് സ്റ്റേറ്റ് ഡാറ്റാ സെന്ററുകളിലും സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്കിലും വിനിമയ സംവിധാനം നിരീക്ഷിക്കുവാനും, സാധ്യമായ സൈബർ ആക്രമണത്തിനെതിരെ ശക്തമായി പ്രവർത്തിക്കുന്ന ആധുനിക സൗകര്യങ്ങളോടുകൂടി ഒരു സെക്യൂരിറ്റി ഓപ്പറേഷൻസ് സെന്റർ സ്ഥാപിക്കുന്നതാണ്.

**36.** ഓഫീസ് നടപടിക്രമങ്ങളെ ഓട്ടോമേറ്റ് ചെയ്തുകൊണ്ട് ഓഫീസുകളെ ലെസ്സ് പേപ്പർ ഓഫീസായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ഡിജിറ്റൽ വർക്ക് പ്ലേസ് സൊല്യൂഷൻ ആയ ഇ-ഓഫീസ്, സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകളിലേയ്ക്കും 14 ജില്ലാ കളക്ടറേറ്റുകളിലേക്കും 21 സബ് കളക്ടറേറ്റുകളിലേക്കും 75 താലൂക്ക് ഓഫീസുകളിലേക്കും, ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലേക്കും വ്യാപിപ്പിക്കുന്നതാണ്. മറ്റു വകുപ്പുകളുടെ ഡയറക്ടറേറ്റുകളിൽ, ആദ്യം ഹെഡ് ഓഫീസിലും പിന്നീട് ജില്ലാതല ഓഫീസുകളിലും നടപ്പിലാക്കുന്നതാണ്.

**37.** യാത്രാവേളയിൽ പൗരന്മാർക്ക് 24 X 7 സർക്കാർ സേവനങ്ങൾ ലഭ്യമാകും വിധം സിറ്റിസൺ സെൻട്രിക് ഇ-ഗവേണൻസ് ആപ്ലിക്കേഷൻസ് സംയോജിപ്പിക്കുന്ന അതുല്യമായ ഒരു മൾട്ടി-പ്ലാറ്റ്ഫോം മൊബൈൽ ആപ്ലിക്കേഷൻ 'എം കേരളം' 42 സർക്കാർ വകുപ്പുകളിലെ 75 ട്രാൻസാക്ഷണൽ സർവ്വീസുകൾ 35 ഇൻഫർമേഷണൽ സർവ്വീസുകൾ എന്നിവയോടെ ആരംഭിക്കുന്നതാണ്.

**38.** കെ.എസ്.ഇ.ബി.എൽ-ന്റെ (KSEBL) വിതരണ അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് എല്ലാ സർക്കാർ ഓഫീസുകളിലും വയേർഡ് കണക്റ്റിവിറ്റി ഏർപ്പെടുത്തുന്നതിനായി രണ്ടായിരം കോടി രൂപ ചെലവ് വരുന്ന മഹത്തായ ഒരു പദ്ധതി നടപ്പുവർഷത്തിൽ ആരംഭിക്കുന്നതും രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുന്നതുമാണ്.

39. അടുത്ത മൂന്നു മാസങ്ങളിൽ, ബസ് സ്റ്റേഷനുകൾക്കും/ റെയിൽവേ സ്റ്റേഷനുകൾക്കും എ-ഗ്രേഡ് ലൈബ്രറികൾക്കും സമാനമായ മറ്റു പൊതുവായിട്ടുള്ള കാത്തിരിപ്പ് ഇടങ്ങളിലും ഓരോ പഞ്ചായത്തിലും ഒരു വൈ-ഫൈ ഹോട്ട്സ്പോട്ട് വീതം മുൻഗണന നൽകികൊണ്ട്, പൊതുജനങ്ങൾക്ക് ആയിരം വൈ-ഫൈ (Wi-Fi) ഹോട്ട്സ്പോട്ടുകൾ ലഭ്യമാക്കുന്നതാണ്.

40. വിവിധ വകുപ്പുകളുടെയും മറ്റ് സർക്കാർ ഏജൻസികളുടെയും ഐ.സി.റ്റി (ICT) ഉദ്യമങ്ങളുടെ സംയോജിത പ്രവർത്തനത്തിനായി ഒരു ഏകോപന സംവിധാനം ഏർപ്പെടുത്തുന്നതാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനം

41. അധികാര വികേന്ദ്രീകരണത്തിന്റെ ആദ്യഘട്ട പരീക്ഷണങ്ങൾ തികച്ചും വിജയമായതിനാൽ അധികാര വികേന്ദ്രീകരണത്തിന്റെ രണ്ടാം ഘട്ടം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ജനകീയാസൂത്രണം വീണ്ടും ആരംഭിക്കുന്നതും സമ്പൂർണ്ണ ശുചിത്വം, ജൈവപച്ചക്കറികൃഷി, ലോക്കൽ ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്, (LIWRM) ഉൾപ്പെടെയുള്ള പ്രകൃതി വിഭവ പരിപാലനം, എന്നിവയിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ രൂപീകരിക്കുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതുമാണ്. നീർത്തട സംരക്ഷണത്തിനായി മഹാത്മാ ഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം (MNREGS) പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതാണ്.

42. തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള വിവിധ തസ്തികകളെ ഒരു കോമൺ സർവ്വീസായി സംയോജിപ്പിക്കുന്നതിന്, 2011 ഫെബ്രുവരിയിൽ എടുത്ത നയപരമായ തീരുമാനം എന്റെ സർക്കാർ പ്രാവർത്തികമാക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിലെ (LSGD) എഞ്ചിനീയറിംഗ് വിഭാഗത്തിലെ എഞ്ചിനീയർമാർ തദ്ദേശസ്വയംഭരണ ഉദ്യോഗസ്ഥർ ആകുന്നതാണ്.

**43.** തദ്ദേശഭരണത്തിൽ, പ്രത്യേകിച്ചും പഞ്ചായത്ത്‌രാജിൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) മികച്ച ഒരു ദേശീയസ്ഥാപനം എന്ന പദവി നേടിയെടുത്തിട്ടുണ്ട്. അതിനെ ശക്തിപ്പെടുത്തുന്നതിനും അതിന്റെ ശേഷി വികസിപ്പിക്കുന്നതിനുമായി 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റിനെ' കിലയുമായി (KILA) സംയോജിപ്പിക്കുന്നതാണ്.

**44.** എന്റെ സർക്കാർ, സംസ്ഥാനത്തിന് യോജിച്ച വികേന്ദ്രീകരണ ആസൂത്രണത്തിന്റെ അന്തഃസത്ത പൂർണ്ണമായും പ്രതിഫലിപ്പിക്കുന്നതിനായി, നിലവിലുള്ള 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന് ഒരു പുതിയ രൂപം നൽകുന്നതാണ്.

**45.** ജില്ലാ ആസൂത്രണ കമ്മറ്റികൾക്ക് മുൻപുണ്ടായിരുന്ന മുഖ്യപദവി വീണ്ടെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ജില്ലാ ആസൂത്രണ കമ്മറ്റിയുടെ സാങ്കേതിക സെക്രട്ടേറിയറ്റ് ഉടൻ തന്നെ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതാണ്.

**46.** സംസ്ഥാനത്തെ പ്രാദേശിക അടിസ്ഥാന സൗകര്യങ്ങളുടെ വർദ്ധിച്ചു വരുന്ന ആവശ്യകത നിറവേറ്റുന്നതിനായി കേരള തദ്ദേശ ഭരണ വികസന നിധിയുടെ (KLGDF) സാധ്യതകൾ പരിഷ്കരിക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**47.** പ്രശംസനീയമായ മികച്ച നടപടികൾ ഏർപ്പെടുത്തിക്കൊണ്ട്, കേരളം വികേന്ദ്രീകരണത്തിൽ ഒരു ലോക മാതൃകയായി മാറിയിട്ടുണ്ട്. ആയതിനാൽ വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിൽ തല്പരരായ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്ക് എന്റെ സർക്കാർ ഒരു മികച്ച മാർഗ്ഗദർശിയായിരിക്കുന്നു എന്നുള്ളത് തികച്ചും അനുയോജ്യമാണ്. ഈ ദൗത്യം കില (KILA) നിർവ്വഹിക്കുന്നതാണ്.

**48.** കുടുംബശ്രീ, അയൽക്കൂട്ടം സംഘങ്ങൾക്ക് ലഭിച്ച വിജയത്തിന്റെ അടിസ്ഥാനത്തിൽ അംഗപരിമിതരുടേയും വയോജനങ്ങളുടെയും അയൽക്കൂട്ടസംഘങ്ങൾ രൂപീകരിക്കുന്നതാണ്.

**49.** ഭവന രഹിതരായവർക്ക് പ്രഥമപരിഗണന നൽകികൊണ്ട് ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട ദുരിതബാധിതർക്ക് അടിസ്ഥാനസേവനങ്ങളും, സൗകര്യങ്ങളും നൽകുന്നതിനായി എന്റെ സർക്കാർ ആശ്രയ പരിപാടിക്ക് ഒരു പുതുജീവൻ നൽകുന്നതാണ്. ബഡ്സ് സ്കൂളുകളും ബഡ്സ് പുനരധിവാസകേന്ദ്രങ്ങളും, മാനസിക വൈകല്യമുള്ള ഓരോ കുട്ടിയേയും ഉൾപ്പെടുത്തത്തക്ക വിധം വ്യാപകമാക്കുന്നതാണ്.

**50.** എന്റെ സർക്കാർ, എല്ലാ ജില്ലകളിലും ഒരു ബ്ലോക്ക് പഞ്ചായത്തിലും ഒരു നഗര തദ്ദേശ സർക്കാരിലും 'സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം' ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതും ജില്ലയിലെ ശേഷിക്കുന്ന ഭാഗത്തിന് ഇതൊരു റിസ്സോഴ്സ് ക്ലസ്റ്ററായി തീരുകയും ചെയ്യുന്നതാണ്. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങൾക്ക് പ്രത്യേക ഊന്നൽ നൽകികൊണ്ടുള്ള അടിസ്ഥാന പരിചരണ സേവനങ്ങൾ നൽകുന്നതിനായി കമ്മ്യൂണിറ്റി റിസ്സോഴ്സ് പഴ്സണുകൾക്ക് കുടുംബശ്രീ പരിശീലനം നൽകുന്നതാണ്.

## ശുചിത്വമിഷൻ

**51.** കേരളത്തിലെ ശുചിത്വം, മാലിന്യസംസ്കരണം എന്നീ വിഷയങ്ങളിൽ വർദ്ധിച്ച് വരുന്ന ആവശ്യകത ഉയർത്തുന്ന വെല്ലുവിളികൾ നേരിടുന്നതിന്, അടിയന്തിരവും ത്വരിതഗതിയിലുമുള്ള ഇടപെടലുകൾ ആവശ്യമാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. വെളിമ്പ്രദേശങ്ങളിൽ മലവിസർജ്ജനം ഇല്ലാത്ത ഒരു സംസ്ഥാനമാക്കി മാറ്റുന്നതിന്, 2016 നവംബർ 1-ഓടു കൂടി ഗ്രാമങ്ങളിലെയും 2017 മാർച്ച് 31-ഓടു കൂടി നഗരങ്ങളിലെയും എല്ലാ പാർപ്പിടങ്ങൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ (LSGIs) ശുചിത്വ സൗകര്യങ്ങൾ നൽകുന്നതിനുള്ള ഒരു കൂട്ടായ പ്രവർത്തനത്തിനുള്ള ഒരു പദ്ധതി എന്റെ സർക്കാർ തയ്യാറാക്കുന്നതാണ്.

വ്യക്തികൾക്ക് സ്വന്തമായ നിലയിൽ തീരുമാനം എടുക്കാം എന്ന തത്വത്തെ അടിസ്ഥാനമാക്കി, വീടുകളിൽ നിന്നു തന്നെ ആരംഭിക്കുന്ന ഒരു വികേന്ദ്രീകൃത രീതിയിലുള്ള ഒരു മാലിന്യ സംസ്കരണ രീതി സ്വീകരിക്കേണ്ടതുണ്ട്. ശുചിത്വത്തിനോടുള്ള എന്റെ സർക്കാരിന്റെ സമീപനത്തിൽ റീസൈക്ലിംഗ് ചെയ്യുക, റീസൈക്ലിംഗ് പാർക്കുകൾ സ്ഥാപിച്ച് റീസൈക്ലിംഗ് സംരംഭകർക്ക് പ്രോത്സാഹനവും സഹായവും നൽകുക, റീസൈക്ലിംഗ് ആന്റ് പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, അപ് ഫെസിലിറ്റി സെന്ററുകൾ, ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുക ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ ഫണ്ട് നൽകുക തുടങ്ങിയ ഒരു കൂട്ടം ഇടപെടലുകൾ ഉൾപ്പെടുന്നതാണ്.

52. പരിസ്ഥിതി സൗഹൃദ സ്വഭാവവും, ശീലങ്ങളും പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ ഒരു പൗരബോധം സൃഷ്ടിക്കുവാനുള്ള, ഊർജ്ജിത ജനകീയ പ്രസ്ഥാനത്തിന് വ്യാപകമായ ഒരു ഇൻഫർമേഷൻ എഡ്യൂക്കേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ക്യാമ്പയിൻ (IEC) പ്രചരണ പരിപാടി സമാരംഭിക്കുന്നതാണ്.

## കാർഷികം

53. നെൽകൃഷി നടത്തുന്ന ഭൂമിയുടെ വിസ്തൃതി മൂന്ന് ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ തീവ്രപ്രയത്നം നടത്തുന്നതും, ഇതിനായി കരഭൂമി തരിശുഭൂമി നെൽകൃഷി പോലെയുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. പച്ചക്കറി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി 50,000 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിലുടനീളം ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ഒരു ജൈവകൃഷിനയം പ്രഖ്യാപിക്കുകയും ചെയ്യുന്നതാണ്. പച്ചക്കറികളിലെ അപകടകരമായ രാസവസ്തു

ക്കളും വിഷവസ്തുക്കളും കണ്ടുപിടിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. സ്കൂൾതല പാഠ്യപദ്ധതിയിൽ കൃഷി ഒരു വിഷയമായി കൊണ്ടുവരുന്നതാണ്. ഓണം സമൃദ്ധി പദ്ധതിയിലൂടെ സേഫ് റ്റു ഈറ്റ് (safe to eat) പച്ചക്കറികൾ വിതരണം ചെയ്യുന്നതാണ്.

54. കുട്ടനാട് പാക്കേജിന് ഒരു പുത്തനുണർവ്വ് നൽകുന്നതാണ്.

55. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ, റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലത്തകർച്ച പരിഹരിക്കുന്നതിനായി ഒരു പ്രത്യേക പാക്കേജ് ആവിഷ്കരിക്കുന്നതാണ്. നെൽകർഷകരുടേയും നാളികേര കർഷകരുടേയും കാർഷിക ഉൽപ്പന്നങ്ങളുടെ താങ്ങുവില സമയബന്ധിതമായി വിതരണം ചെയ്യുന്നതാണ്. നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ഒരു കർമ്മപദ്ധതി രൂപീകരിക്കുന്നതാണ്. നീരയുടെ മൂല്യവർദ്ധനവും ഉൽപാദനവും ഏറ്റെടുക്കുന്നതിനായി ഫാർമർ പ്രൊഡ്യൂസർ കമ്പനികളിൽ സൗകര്യമൊരുക്കുന്നതാണ്.

56. എന്റെ സർക്കാർ, സംസ്ഥാനത്തിലെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

57. എല്ലാ അസംബ്ലി നിയോജക മണ്ഡലങ്ങളിലേക്കും ഹോർട്ടികോർപ്പിന്റെ വിപണനശാലകൾ വ്യാപിപ്പിക്കുകയും സംസ്ഥാനത്തെ കർഷകരിൽ നിന്നും ന്യായവിലയ്ക്ക് പച്ചക്കറികൾ സംഭരിക്കുകയും ഉപഭോക്താവിന് ന്യായമായ നിരക്കിൽ വിൽക്കുകയും ചെയ്യുന്നതാണ്. കർഷകർക്ക് 4% പലിശ നിരക്കിൽ വായ്പ നൽകുന്നതിനും അർഹരായ ചെറുകിട നെൽകൃഷിക്കാർക്കും പച്ചക്കറി കൃഷിക്കാർക്കും പലിശരഹിത വായ്പ നൽകുന്നതിനു വേണ്ടി ഒരു മഹത്തായ പദ്ധതി ആരംഭിക്കുന്നതാണ്.

58. കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളും (PSUs) കാർഷിക സർവ്വകലാശാലയും ഉൽപാദിപ്പിക്കുന്ന കാർഷിക ഉൽപന്നങ്ങളിൽ നിന്നുള്ള മൂല്യവർദ്ധിത വസ്തുക്കളുടെയും കൃഷിയാവശ്യത്തിനായുള്ള വസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാനത്ത് ഉടനീളം ഉപഭോക്താക്കളുടെ ആവശ്യത്തിനനുസൃതമായ സ്റ്റാളുകൾ (Customized Stall) തുറക്കുന്നതാണ്.

## മൃഗസംരക്ഷണവും ക്ഷീരവികസനവും

59. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പു മേഖലകളിൽ കന്നുകാലികളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുക, കർഷകരുടെ വരുമാനവും ലാഭവും വർദ്ധിപ്പിക്കുക, യുവജനങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും തൊഴിലും സംരംഭകത്വവും നൽകുന്നത് വർദ്ധിപ്പിക്കുക എന്നിവയാണ് എന്റെ സർക്കാരിന്റെ പ്രധാന നയം. ഈ ലക്ഷ്യത്തോടൊപ്പം ഓരോ മേഖലയിലുമുള്ള ഏജൻസികളുടെ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട്, ഒരു മിഷൻ മോഡ് അമ്പ്രെല്ലാ പ്രോഗ്രാം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. 5 ലക്ഷം മെട്രിക് ടൺ പാലിന്റെ അധിക ഉൽപാദനത്തിലൂടെ ക്ഷീരോൽപാദനത്തിൽ കേരളത്തിന് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയും എന്നതിനാൽ ക്ഷീരോത്പാദനം വർദ്ധിപ്പിക്കുവാനുള്ള നയം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം, പാൽ കറക്കുന്നതും അതിന്റെ സംസ്കരണ പ്രക്രിയയും യന്ത്രവത്ക്കരിക്കൽ, മൃഗാരോഗ്യ സംരക്ഷണം ശക്തിപ്പെടുത്തുന്നത് തുടരൽ, രോഗചികിൽസ, രോഗനിർണ്ണയ ഉപാധികളുടെ ഉൽപാദനത്തിലും തിരഞ്ഞെടുക്കപ്പെട്ട റഫറൽ കേന്ദ്രങ്ങളിൽ 24 X 7 മൃഗസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുക എന്നിവയിലാണ്. പോഷകാഹാര രംഗത്തും കാലിത്തീറ്റ ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതും, സഹകരണ മേഖലയിലെ സംഭരണവും വിപണനവും യന്ത്രവത്കരിക്കുന്നതും നിർവ്വഹണ

പരമായി മെച്ചപ്പെടുത്തുന്നതുമാണ്. പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ആധുനിക ലബോറട്ടറികൾ സ്ഥാപിക്കുന്നതും ഗുണഭോക്താക്കൾക്ക് നേരിട്ട് പണം നൽകുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (DBT) ഏർപ്പെടുത്തുന്നതുമാണ്.

**60.** സംസ്ഥാനത്തുള്ള ഭൂരിഭാഗം വരുന്ന ഉപഭോഗത്തിന്റേയും ആവശ്യകത നിറവേറ്റുന്നതിനായി ഇറച്ചി-ഇറച്ചിക്കോഴി മേഖലയിൽ, ഉൽപാദനം വർദ്ധിപ്പിക്കുവാൻ എന്റെ സർക്കാർ ലക്ഷ്യമിടുന്നു. ഏറ്റവും മികച്ച സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിനു പുറമേ സംരംഭങ്ങൾക്കുള്ള അവസരങ്ങൾ തുറന്നു കൊടുക്കുന്നതിനായി, ആധുനിക സൗകര്യങ്ങളോടുകൂടിയ മാനേജ്മെന്റ്, ഇൻഷ്വറൻസ് പരിരക്ഷ, വൈദഗ്ദ്ധ്യ വികസന പരിപാടികൾ എന്നിവ ആരംഭിക്കുകയും വിവരസാങ്കേതിക വിദ്യയുടെ ഊർജ്ജിത ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്. തൊഴിൽ സാദ്ധ്യത 20% കണ്ട് വർദ്ധിപ്പിക്കുമെന്നും അധികമായി മൂന്ന് ലക്ഷം സംരംഭകരെയും തൊഴിലാളികളെയും നിയമിക്കുവാൻ കഴിയുമെന്നും എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു.

## ആരോഗ്യം

**61.** എന്റെ സർക്കാർ, പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ശ്രദ്ധ കേന്ദ്രീകരിച്ച് ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുന്നതാണ്. ആരോഗ്യ സംരക്ഷണത്തിനും രോഗപ്രതിരോധത്തിനും ഊന്നൽ നൽകുന്നതിനായി പ്രാഥമിക ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി പുനർനാമകരണം ചെയ്യുന്നതാണ്. അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും അവയെ സജ്ജമാക്കുന്നതാണ്. ഓരോ പ്രദേശങ്ങളിലേയും സാംക്രമിക രോഗങ്ങളും ജീവിതശൈലി രോഗങ്ങളും വിവിധ വകുപ്പുകളുടെ സംഘടിതമായ ശ്രമത്തിലൂടെ കണ്ടെത്തി പരിഹരിക്കുന്നതാണ്. രോഗസാന്നിദ്ധ്യവും അതിന്

കാരണമാകുന്ന ഘടകങ്ങളും കണ്ടെത്തുന്നതിനായി സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള ഒരു സർവ്വെ നടത്തുന്നതാണ്. സർവ്വെ ഫലം രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും അടിസ്ഥാനമാക്കുന്നതാണ്. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ സംഗതിയിൽ ഒരു പ്രാഥമിക ആരോഗ്യ സമ്പ്രദായം വികസിപ്പിച്ചെടുക്കുക എന്നതാണ് സർക്കാർ അഭിലഷിക്കുന്നത്. താലൂക്ക്, ജില്ലാ ആശുപത്രികളെ യഥാക്രമം സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ നൽകുന്ന ആശുപത്രികളാക്കി ഉയർത്തുന്നതാണ്. ഓരോ ഘട്ടത്തിലും ലഭ്യമാക്കേണ്ട ചികിൽസാ സൗകര്യങ്ങൾ വ്യക്തമാക്കുന്നതും അപ്രകാരമുള്ള സൗകര്യങ്ങളുടെ അഭാവമുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി അവ ഏർപ്പെടുത്തുന്നതുമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പാലിയേറ്റീവ് കെയർ നെറ്റ്‌വർക്ക് ബന്ധിപ്പിക്കുന്നതാണ്.

**62.** ആരോഗ്യവകുപ്പിന്റെ മാനവവിഭവശേഷി അവലോകനം ചെയ്യുകയും ആദ്യനടപടിയെന്ന നിലയിൽ, പദവി ഉയർത്തപ്പെട്ട ആശുപത്രികൾക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുകയും ചെയ്യുന്നതാണ്.

**63.** സംസ്ഥാനത്ത്, എന്റെ സർക്കാർ ഒരു സമഗ്ര ഇ-ആരോഗ്യ പരിപാടി നടപ്പിലാക്കുന്നതാണ്. ഈ പരിപാടിയുടെ കീഴിൽ എല്ലാ പൗരന്മാരുടെയും ആരോഗ്യം സംബന്ധിച്ച വിവരങ്ങൾ ഉപ-കേന്ദ്ര തലത്തിൽ ശേഖരിക്കുകയും അത് ഭാവിയിൽ ഇലക്ട്രോണിക് ഹെൽത്ത് റിക്കോർഡിന് (EHR) ആധാരമാക്കുകയും ചെയ്യുന്നതാണ്. ഇ.എച്ച്.ആർ. (EHR) ഉപയോഗിച്ച് പൗരന്മാർക്കും അവരുടെ ജീവിതഘട്ടങ്ങൾക്ക് യുക്തമായിട്ടുള്ള ഗുണപ്രദവും വ്യക്തിപരവുമായ ആരോഗ്യ സേവനങ്ങൾ നൽകുന്നതുമാണ്. ഇത് രാജ്യത്തെ പ്രഥമ സമഗ്ര ഇ-ആരോഗ്യ പരിപാടിയായിരിക്കും.

**64.** കേരളത്തിൽ രോഗികൾ ചികിത്സാസമയത്ത് ഭീമമായ തുകകൾ ചിലവഴിക്കുകയും അത് അവരിൽ പലരേയും ദാരിദ്ര്യത്തിലേക്ക്

തള്ളിവിടുകയും ചെയ്യുന്നുണ്ട്. ഇത് ഒഴിവാക്കുന്നതിനായി എന്റെ സർക്കാർ വിവിധ ആരോഗ്യ പരിചരണ സൗകര്യങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് ഒരു സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കുന്നതാണ്. കേരളത്തിലെ എല്ലാ ജനങ്ങൾക്കും ഒരു യൂണിവേഴ്സൽ പ്രീ-പെയ്ഡ് സ്കീം -ന്റെ പരിരക്ഷ നൽകുന്ന വിധത്തിൽ മേൽ പറഞ്ഞ സ്കീമിന്റെ കീഴിൽ ഉൾപ്പെടാത്തവർക്കു വേണ്ടി, ഇൻഷ്വറൻസ് കമ്പനികളുടെ സഹായത്തോടെ ഒരു പുതിയ പ്രീ-പേയ്മെന്റ് സ്കീം ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**65.** എന്റെ സർക്കാർ, കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളെയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുവാനും അവയിൽ രണ്ടെണ്ണത്തിനെ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) പദവിയിലേക്ക് ഉയർത്തുവാനും ഉദ്ദേശിക്കുന്നു. ജീവിത ശൈലി രോഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ ലഭ്യമാക്കുന്നതാണ്. ഗോത്രവർഗ്ഗക്കാർ, മത്സ്യത്തൊഴിലാളികൾ, സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ എന്നിവർക്ക് പ്രത്യേക ചികിത്സാ സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതാണ്. എയ്ഡ്സ് രോഗികളെ പുനരധിവസിപ്പിക്കുന്നതിനായി പദ്ധതികൾ രൂപീകരിക്കുന്നതാണ്. അംഗപരിമിതരുടെ ആരോഗ്യപരിപാലനത്തിനായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ആരോഗ്യ സർവ്വകലാശാലകൾ ശക്തിപ്പെടുത്തുകയും പുതിയ ഗവേഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യും. കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിലെ ഗവേഷണ സൗകര്യങ്ങൾ ശക്തിപ്പെടുത്തും.

**66.** രോഗപ്രതിരോധത്തിനും രോഗനിയന്ത്രണത്തിനും അതുപോലെ തന്നെ ആരോഗ്യ പരിപാലനത്തിനും ആയുഷ് ചികിത്സാ സംവിധാനം പൂർണ്ണമായും ഉപയോഗപ്പെടുത്തും. എല്ലാത്തരം ചികിത്സാ പദ്ധതികൾക്കും പ്രാധാന്യം നല്കും. ആയുഷ് -ന്റെ

കീഴിൽ ഒരു ആധുനിക ഗവേഷണ സ്ഥാപനം സ്ഥാപിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നവീകരിക്കുകയും ബന്ധപ്പെട്ട ചട്ടങ്ങൾ സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ്.

## വിദ്യാഭ്യാസം

**67.** എന്റെ സർക്കാർ, പ്രീ പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി, സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് സൗകര്യങ്ങളും ആധുനികവത്കരിക്കുന്നതിന് ഊന്നൽ നല്കിക്കൊണ്ട്, അവിടെ സമഗ്രമായൊരു മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു മാസ്റ്റർ പ്ലാൻ ആവിഷ്കരിക്കുന്നതാണ്. 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ അത്യാധുനികമാക്കുകയും ചെയ്യും. വിദ്യാഭ്യാസ സമ്പ്രദായം കൂടുതൽ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുന്നതിനു വേണ്ടി പുനഃക്രമീകരിക്കുന്നതാണ്.

**68.** പ്രീ-പ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെയുള്ള സ്കൂളുകളിൽ മാതൃഭാഷാ പഠനത്തിനു ഊന്നൽ നല്കുന്നതാണ്. അതേസമയം ഇംഗ്ലീഷ് ഭാഷാ പഠനം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഇരു ഭാഷകളിലും പ്രാവീണ്യമുള്ള പുതിയ തലമുറയെ സൃഷ്ടിക്കുകയും ചെയ്യും.

**69.** നൈപുണ്യ വികസനത്തിന് ഒരു സമഗ്ര സംവിധാനം ആവിഷ്കരിക്കും. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് (ASAP) കീഴിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കും. വിഭാവനം ചെയ്തിട്ടുള്ള പതിനഞ്ച് സ്കിൽ പാർക്കുകൾക്ക് പുറമേ പത്ത് അഡീഷണൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ കൂടി ഈ വർഷം ആരംഭിക്കുന്നതാണ്. എ.എസ്.എ.പി. യുടെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ

സംസ്ഥാനത്തെ എല്ലാ നിയമസഭാ നിയോജകമണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്. അത്തരത്തിലുള്ള മുപ്പത് സെന്ററുകൾ കൂടി ആരംഭിക്കുന്നതാണ്.

**70.** പ്രത്യേക ശ്രദ്ധ ആവശ്യമാണെന്ന് കരുതുന്ന എല്ലാ വിദ്യാർത്ഥികളെയും മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേക്ക് ഒരു പദ്ധതി ആവിഷ്കരിക്കുന്നതാണ്. വിദ്യാലയങ്ങളിൽ പോഷക സമൃദ്ധമായ ഉച്ചഭക്ഷണം ഉറപ്പുവരുത്തും.

**71.** ഐ.റ്റി.@സ്ക്കൂൾ ആധുനികവത്ക്കരിക്കുന്നതിന് സമയോചിതമായ മാറ്റങ്ങൾ കൊണ്ടുവരും. സ്കൂൾ ക്യാമ്പസുകൾ ജൈവ വൈവിധ്യപാർക്കുകളായി രൂപാന്തരപ്പെടുത്തുന്നതും വിദ്യാർത്ഥികൾക്ക് ജൈവ പച്ചക്കറി കൃഷി, വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം, ജലസംരക്ഷണം തുടങ്ങിയ ആശയങ്ങളിൻമേൽ അവബോധം വർദ്ധിപ്പിക്കുന്നതിനും അതുവഴി ഒരു പരിസ്ഥിതി-സൗഹൃദ സംസ്കാരം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ്.

**72.** സംസ്ഥാനത്ത് തുടങ്ങിവച്ച സാക്ഷരതാ യജ്ഞം എല്ലാ മേഖലയെയും ഉൾപ്പെടുത്തുന്ന രീതിയിൽ നിലനിർത്തുന്നതാണ്.

**73.** സർവ്വകലാശാലകൾ, മികച്ച വിദ്യാഭ്യാസ ആശയങ്ങളോടും സമ്പ്രദായങ്ങളോടും കൂടിയുള്ളതാവണം എന്ന ലക്ഷ്യത്തോടെ അവയെ ഉന്നത വിദ്യാഭ്യാസത്തിലെ പ്രധാന കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തുവാൻ എന്റെ സർക്കാർ പ്രയത്നിക്കുന്നതാണ്. സംസ്ഥാനത്ത് കൂടുതൽ ഉന്നതവിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണകേന്ദ്രങ്ങളുടെ നിലയിലേക്ക് സർവ്വകലാശാല ലൈബ്രറികളെ ഉയർത്തുന്നതാണ്. സർവ്വകലാശാല നിലവാരം, ആധുനിക സർവ്വകലാശാലകളുടെ നിലയിലേക്ക് ഉയർത്തുന്നതിലേക്ക് ഭരണസമിതികളിലെ

തിരഞ്ഞെടുപ്പിലും പ്രവർത്തനങ്ങളിലും സമയോചിതമായ പരിഷ്കരണങ്ങൾ വരുത്തുന്നതാണ്.

74. സർവ്വകലാശാലകളിൽ നടത്തുന്ന അടിസ്ഥാന ഗവേഷണങ്ങളുടെ ഫലങ്ങൾ, പ്രസ്തുത ഗവേഷണനേട്ടങ്ങൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിലേക്ക് ജനപ്രതിനിധികളും പൊതുജനങ്ങളുമായും പങ്കുവയ്ക്കുന്നതാണ്. ഇത് സർവ്വകലാശാലകളും മറ്റു സാമൂഹ്യ സാമ്പത്തിക മേഖലകളുമായുള്ള ബന്ധം ശക്തിപ്പെടുത്തുകയും ആയത് ഗവേഷണത്തിന് ഒരു പുതിയ ദിശാബോധം നൽകുകയും ചെയ്യുന്നതാണ്. എല്ലാ സർവ്വകലാശാലകളിലും സർവ്വകലാശാല - വ്യവസായ ശൃംഖലകൾ പരിപോഷിപ്പിക്കും.

75. എഞ്ചിനീയറിംഗ് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റും. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിനായി പരിവർത്തനാത്മകമായ മാറ്റങ്ങൾ കൊണ്ടുവരുന്നതാണ്.

76. ഉന്നതവിദ്യാഭ്യാസ മേഖല നവീകരിക്കുന്നതിന്റെ ഭാഗമായി ഇൻഫർമേഷൻ പവർഹൗസ് (ലേണിംഗ് പോർട്ടൽ) സ്ഥാപിക്കുവാനുള്ള നടപടി ഈ വർഷം ആരംഭിക്കുന്നതാണ്.

## സ്പോർട്സും യുവജനകാര്യവും

77. എന്റെ സർക്കാർ, സ്കൂളുകളിൽ യോഗ കൊണ്ടുവരുന്നതിനുള്ള അനുകൂല നടപടികൾ സ്വീകരിക്കുന്നതാണ്. സ്പോർട്സ് യുവജനകാര്യ മേഖലയിൽ വിവിധ ഏജൻസികളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് കായിക ഭവൻ നിർമ്മിക്കാനുദ്ദേശിക്കുന്നു. വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനായി ഏഷ്യൻ ബീച്ച് ഗെയിംസിന് ആതിഥ്യം വഹിക്കുന്നതിനുള്ള ശ്രമങ്ങൾ എന്റെ

സർക്കാർ നടത്തുന്നതാണ്.

**78.** ഓവർലാപ്സും ഡ്യൂപ്ലിക്കേഷനും ഒഴിവാക്കുന്നതിനും കൂട്ടായ പ്രവർത്തനം കൊണ്ടുവരുന്നതിനും സ്പോർട്സ് ഡയറക്ടറേറ്റും സ്പോർട്സ് കൗൺസിലും സംയോജിപ്പിക്കുന്നതാണ്. സ്പോർട്സ് ഇൻക്യൂബേറ്റർ പ്രത്യേകിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്നതാണ്. പെൺകുട്ടികൾക്കിടയിൽ സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി അവർക്ക് മാത്രമായി സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കുന്നതുൾപ്പെടെ ഒരു പ്രത്യേക പദ്ധതി ആരംഭിക്കുന്നതാണ്.

## സാംസ്കാരികകാര്യം

**79.** കേരളത്തിന്റെ അതുല്യമായ സംസ്കാരം പരിപോഷിപ്പിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും നമ്മുടെ പാരമ്പര്യവും പൈതൃകവും സംരക്ഷിക്കുന്നതിനും സാംസ്കാരികകാര്യ വകുപ്പ് ഒരു പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഈ വർഷത്തെ മുഖ്യപ്രവർത്തനങ്ങളിൽ കേരള കലാമണ്ഡലം കൽപിത സർവകലാശാലയെ ഒരു സാംസ്കാരിക സർവ്വകലാശാലയാക്കുക, അന്യംനിന്നുപോകുന്ന നാടൻ കലകളെ പുനരുജ്ജീവിപ്പിക്കുക, റോക്ക് ആർട്ടുകളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുക, നടന്നുകൊണ്ടിരിക്കുന്ന സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുക, പൈതൃക മൂല്യമുള്ളവയെയും മ്യൂസിയങ്ങളെയും ആർട്ട് ഗ്യാലറികളെയും അതുപോലെ സംരക്ഷിക്കുന്നതിനുള്ള പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നിവ ഉൾപ്പെടുന്നതാണ്. ശ്രീചിത്ര ആർട്ട് ഗ്യാലറിയ്ക്കായി ഒരു പുതിയ കെട്ടിടത്തിന്റെ നിർമ്മാണം നടത്തുന്നതും വൈക്കം സത്യാഗ്രഹ മെമ്മോറിയൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതുമാണ്.

80. തൃശ്ശൂരിലെ മൃഗശാല എത്രയും വേഗം പുതിയ ക്യാമ്പസിലേയ്ക്ക് മാറ്റുന്നതാണ്.

81. അക്കാദമികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യും.

82. കേരളത്തെ ആഗോള സാംസ്ക്കാരിക രംഗത്ത് പ്രതിഷ്ഠിക്കുന്നതിൽ ബിനാലെ യുടെ പങ്ക് പരിഗണിച്ചുകൊണ്ട്, എന്റെ സർക്കാർ ഈ ഉദ്യമത്തിന് തുടർന്നും പിന്തുണ നൽകുന്നതാണ്.

83. ആധുനിക സിനിമയുടെ ആവശ്യങ്ങൾക്കനുസൃതമായി ഒരു ഫിലിം സിറ്റി ചിത്രാഞ്ജലി സ്റ്റുഡിയോ കോംപ്ലക്സിൽ സ്ഥാപിക്കുന്നതാണ്.

## ഭക്ഷ്യവും പൊതുവിതരണവും

84. അവശ്യസാധനങ്ങളുടെ വിലനിയന്ത്രണം ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. മാവേലി സ്റ്റോറുകൾ വഴി വിൽക്കപ്പെടുന്ന സബ്സിഡിയുള്ള പതിമൂന്ന് സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നതല്ല. സപ്ലൈക്കോ മുഖേന വിപണി ഇടപെടലുകൾ ശക്തിപ്പെടുത്തുന്നതാണ്. സപ്ലൈക്കോയ്ക്കുള്ള ബജറ്റ് വിഹിതം ഇരട്ടിയാക്കി വർദ്ധിപ്പിച്ച് 150 കോടി രൂപയാക്കിയതാണ് എന്റെ സർക്കാർ എടുത്ത ആദ്യ തീരുമാനങ്ങളിൽ ഒന്ന്.

85. ഈ സാമ്പത്തികവർഷം കൂടുതൽ മാവേലി മെഡിക്കൽ സ്റ്റോറുകളും പെട്രോൾ ബങ്കുകളും ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ് (എൽ.പി.ജി.) വിപണനകേന്ദ്രങ്ങളും തുറക്കുന്നതാണ്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത മുപ്പത്തിയെട്ട് ഗ്രാമപഞ്ചായത്തുകളിലും പുതിയ സപ്ലൈക്കോ വിപണനകേന്ദ്രങ്ങൾ തുറക്കുന്നതും നിലവിലുള്ള മാവേലി സ്റ്റോറുകളെ അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുകയും ചെയ്യും.

എല്ലാ ഉപഭോഗവസ്തുക്കളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ കേന്ദ്രങ്ങളിൽ പീപ്പിൾസ് ബസാറുകൾ ആരംഭിക്കുന്നതാണ്.

**86.** പൊതു വിതരണ സമ്പ്രദായം (പി.ഡി.എസ്.) കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്റെ സർക്കാർ പ്രയത്നിക്കുന്നതും അഴിമതി ഉന്മൂലനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, കൃത്രിമ വിലക്കയറ്റം, കൃത്രിമം കാണിക്കൽ എന്നിവ തടയുന്നതിനും കർശന നടപടികൾ സ്വീകരിക്കുന്നതാണ്. പാചകവാതക വിതരണം സംബന്ധിച്ച് റിപ്പോർട്ട് ചെയ്യുന്ന ക്രമക്കേടുകളിൽ സർക്കാർ കാര്യക്ഷമമായി ഇടപെടുന്നതാണ്.

**87.** നിലവിൽ സബ്സിഡി നിരക്കിൽ റേഷൻ ലഭ്യമാകുന്ന എല്ലാ കുടുംബങ്ങൾക്കും തുടർന്നും സബ്സിഡി നിരക്കിൽ റേഷൻ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന്, 2013-ലെ ദേശീയ ഭക്ഷ്യ സുരക്ഷാ ആക്റ്റ് (NFSA) എന്റെ സർക്കാർ നടപ്പിലാക്കുന്നതാണ്.

**88.** നിലവിൽ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി തരംതിരിക്കുമ്പോൾ, പാവപ്പെട്ട ജനങ്ങളിലെ ഗണ്യമായ ഒരു വിഭാഗം പൊതു വിതരണ സമ്പ്രദായത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നുണ്ട്. ബി.പി.എൽ. - അന്ത്യോദയ അന്ന യോജന (എ.എ.വൈ.) കുടുംബങ്ങൾക്ക് സൗജന്യമായി അരി വിതരണം ചെയ്യുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ (MGNREGS) ഉൾപ്പെട്ട വിവിധ അസംഘടിത തൊഴിലാളികളെയും ജോലിക്കാരെയും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി സൗജന്യ റേഷൻ ഉറപ്പാക്കുന്നവിധം, എന്റെ സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്.

**89.** എന്റെ സർക്കാർ, റേഷൻകടകളെ ആധുനികവത്കരിക്കുന്നതിനും റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയാക്കുന്നതിനും, നിലവിലുള്ള റേഷൻകട ശൃംഖലയിലെ വിവിധ പ്രവർത്തനങ്ങളെ വൈവിദ്ധ്യവത്ക്കരിക്കുന്നതിനും ഊന്നൽ നൽകുന്നതാണ്.

**90.** കേരളത്തെ പട്ടിണിരഹിത സംസ്ഥാന മാക്കി മാറ്റണമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. ഇതിലേക്കായി കുടുംബശ്രീയുടെയും സ്വകാര്യമേഖലയുടെയും പങ്കാളിത്തത്തോടുകൂടി "വൺ ടൈം ഫ്രീ മീൽസ് ഫോർ ദി നീഡി" എന്ന പദ്ധതി കൊണ്ടുവരുന്നതാണ്.

## വ്യവസായം

**91.** സംസ്ഥാനത്തെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി പുതിയ സംരംഭങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ ഊന്നൽ നൽകുന്നതാണ്. സംസ്ഥാനത്ത് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സംരംഭകർ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതാണ്.

**92.** കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്നാണ് പൊതുമേഖലയെ പുനരുജ്ജീവിപ്പിക്കുകയും അവയെ ലാഭകരമാക്കുകയും ചെയ്തു എന്നത്. അവയിൽ പലതും ഇപ്പോൾ ഋണബാധ്യതയിലും പീഢിതാവസ്ഥയിലുമാണ്. മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പരീക്ഷിച്ച് വിജയിച്ച നയസമീപനം വഴി പൊതുമേഖലാ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും, പുനരുജ്ജീവിപ്പിക്കുന്നതിനും എന്റെ സർക്കാർ പ്രത്യേക പരിഗണന നൽകുന്നതാണ്.

**93.** വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് സഹായകരമാകുന്നതിന് കാര്യക്ഷമവും

അനുയോജ്യവുമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഒരു കൂട്ടം നടപടികൾ സ്വീകരിക്കുന്നതാണ്.

- ഏകജാലക സംവിധാനം, സ്വയം സാക്ഷ്യപ്പെടുത്തൽ പദ്ധതി എന്നിവ ആവിഷ്ക്കരിച്ചുകൊണ്ട് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതാണ്.
- പ്രാദേശിക ലഭ്യത അടിസ്ഥാനമാക്കി നാളികേരം, നേന്ത്രപ്പഴം, ചക്ക, കൈതച്ചക്ക മുതലായവയുടെ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.
- വ്യാവസായിക യൂണിറ്റ്, റിസർച്ച് ആന്റ് ഡെവലപ്മെന്റ് (R & D) സ്ഥാപനങ്ങൾ എന്നിവക്കിടയിലുള്ള ബന്ധം സുദൃഢമാക്കികൊണ്ട് വ്യാവസായിക മേഖല പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക ഇൻപുട്ട് ഉറപ്പാക്കുന്നതാണ്.
- ജില്ലാ വ്യവസായ കേന്ദ്രങ്ങളും താലൂക്ക് വ്യവസായ കേന്ദ്രങ്ങളും കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (KSWAN) മുഖേന ബന്ധിച്ചുകൊണ്ട് ഓൺലൈൻ സേവനങ്ങൾ വ്യവസായ സംരംഭകർക്ക് പ്രദാനം ചെയ്യുന്നതാണ്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ വ്യവസായിക എസ്റ്റേറ്റുകൾ ആരംഭിക്കുന്നതാണ്.
- കരകൗശലത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കുടി സംരംഭങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്.

- കരകൗശല ഉൽപന്നങ്ങളുടെ വിപണി വർദ്ധിപ്പിക്കുന്നതിന് ടൂറിസം മേഖലയുടെ സഹകരണത്തോടെ ബ്രാൻഡ് പ്രചരണപദ്ധതി ആരംഭിക്കുന്നതാണ്.
- എത്നിക് കേരള കരകൗശല ഉൽപ്പന്നങ്ങളുടെ ശാസ്ത്രീയ വിപണനം.
- ശരിയായ പഠനം നടത്തിയശേഷം സംസ്ഥാനത്തെ പീഡിത വ്യവസായ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതാണ്.
- സഹകരണ സ്പിന്നിംഗ് മില്ലുകളിലേക്ക് സാമ്പത്തിക സഹായം വ്യാപിപ്പിക്കുന്നതാണ്.
- ടെക്സ്റ്റൈൽ മേഖല ശക്തിപ്പെടുത്തുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നതാണ്.

**94.** നവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) വഴി പുതിയ സ്റ്റാർട്ട്-അപ്പുകളിലേക്കായി സാമ്പത്തിക സഹായം വ്യാപിപ്പിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്ത്രീസംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്ത്രീ സംരംഭകർക്ക് കെ.എസ്.ഐ.ഡി.സി വഴി സാമ്പത്തിക സഹായം നൽകുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രകൃതിവാതക പൈപ്പ്ലൈൻ പ്രോജക്ട് പൂർത്തിയാക്കുന്നതാണ്.

**95.** പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുടെ യഥാസമയ അവലോകനത്തിലൂടെ അവയുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന് എന്റെ സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്. നഷ്ടം ഉണ്ടാക്കുന്ന യൂണിറ്റുകളെ തിരികെ കൊണ്ടുവരുന്നതിന് വേണ്ട ഫലപ്രദമായ നടപടികൾ ഘട്ടം ഘട്ടമായ രീതിയിൽ സ്വീകരിക്കുന്നതാണ്. വിവിധ പൊതുമേഖലാ സ്ഥാപന

ങ്ങളുടെ ആധുനികവത്കരണവും പുനരുദ്ധാരണ പ്രോജക്ടുകളും അവലോകനം ചെയ്യുകയും, അനിവാര്യമായി കണ്ടെത്തുന്നവയുമായി മുന്നോട്ടു പോകുകയും ചെയ്യും.

**96.** കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (KINFRA) കൂടുതൽ സുതാര്യവും സംരംഭകസൗഹൃദവുമാക്കും. തോന്നയ്ക്കലുള്ള ലൈഫ് സയൻസ് പാർക്ക് പൂർത്തീകരിക്കുകയും, ജീവശാസ്ത്ര മേഖലയിലെ ലഭ്യമായ അവസരങ്ങൾ ഫലവത്തായ രീതിയിൽ ഉപയോഗപ്പെടുത്തുകയും ചെയ്യും. കെൽട്രോണിനെ പുനരുജ്ജീവിപ്പിക്കുന്നതാണ്.

**97.** ഭാരത സർക്കാരിന്റെ സംരംഭമായ 'മേക്ക് ഇൻ ഇൻഡ്യയുടെ കീഴിൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്തുള്ള ഡിഫൻസ് പാർക്കിനെ പ്രതിരോധ ഉൽപ്പന്നങ്ങൾക്കു വേണ്ടിയുള്ള ഒരു പ്രമുഖ നിർമ്മാണ ഘടകമായി സ്ഥാപിച്ചുകൊണ്ടു വരാൻ എന്റെ സർക്കാർ ശ്രമിക്കുന്നതാണ്.

**98.** ഇരുമ്പ് അയിര്, ധാതുമണൽ (റെയർ എർത്ത്) മുതലായവയുടെ ഖനനം പൊതുമേഖലയിലേയ്ക്ക് പരമിതപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ധാതു അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത കണ്ടെത്തുന്നതും, അനധികൃത ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതുമാണ്. ഖനനസംബന്ധമായ പ്രശ്നങ്ങൾ കാരണം അടച്ചുപൂട്ടിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**99.** മൈനിംഗും ജിയോളജിയും ഡയറക്ടറേറ്റ് നൽകുന്ന പെർമിറ്റുകൾ വിതരണം ചെയ്യുന്നതിലുള്ള സുതാര്യത വർദ്ധിപ്പിക്കുന്നതിനായി ഇ-പാസ് സമ്പ്രദായം സ്വീകരിക്കും. കളിമൺ ദൗർലഭ്യം കാരണം പീഡിതമായ വ്യവസായങ്ങളെ സംരക്ഷിക്കും.

## കശുവണ്ടി

**100.** എന്റെ സർക്കാർ, ഫാക്ടറികൾക്ക് അസംസ്കൃത സാധനങ്ങൾ യഥാസമയം വിതരണം ചെയ്യുന്നത് ഉറപ്പു വരുത്തുന്നതിലേയ്ക്ക് മതിയായ ധനസഹായം നൽകി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനേയും, കാപ്പക്സിനേയും ശക്തമാക്കുന്നതാണ്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റേയും ആധുനികവത്കരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനും കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉത്പാദനത്തിനും ഊന്നൽ നൽകുന്നതാണ്. കശുമാവ് കൃഷി വികസനത്തിനായുള്ള കേരള സംസ്ഥാന ഏജൻസി സംസ്ഥാനത്ത് കശുമാവ് കൃഷി വിസ്തൃതി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുക്കും. ജൈവ കശുമാവ് കൃഷിയ്ക്കും റോ നട്ട് ബാങ്കിനും ഊന്നൽ നൽകുന്നതാണ്.

**101.** എന്റെ സർക്കാർ, അസംസ്കൃത കശുവണ്ടിയുടെ ലഭ്യതക്കുറവ് നേരിടുന്നതിലേക്ക് മറ്റു സംസ്ഥാനങ്ങളിൽ സ്ഥലം പാട്ട വ്യവസ്ഥയിലെടുത്ത് കശുമാവ് തോട്ടങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കും. കൂടാതെ, സർക്കാർ കശുവണ്ടിയ്ക്ക് പ്ലാന്റേഷൻ പദവി നൽകുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കും.

## കയർ

**102.** ജീവിതസന്ധാരണത്തിന് കഷ്ടിച്ച നിലയിലുള്ളതാണെങ്കിലും, പതിനായിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം നിലനിർത്തുവാൻ സഹായിക്കുന്ന കയർ മേഖല ഇന്ന് ബദൽ സാമഗ്രികൾ മൂലവും സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നും ഉള്ള മത്സരങ്ങൾ മൂലവും കടുത്ത വെല്ലുവിളികൾ നേരിടുകയാണ്. എന്റെ സർക്കാർ, പരമ്പരാഗത തൊഴിലാളികൾക്ക്

തൊഴിലും അടിസ്ഥാന വേതനവും ഉറപ്പാക്കുന്നതിനോടൊപ്പം തന്നെ കയർ വ്യവസായത്തിൽ സത്വരമായ ആധുനികവത്ക്കരണവും പ്രോത്സാഹിപ്പിക്കും. മിതമായ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥകളിലും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) മുഖേന ധനസഹായം ലഭ്യമാക്കുമെന്ന് ഉറപ്പു വരുത്തുന്നതിനോടൊപ്പം സ്വകാര്യ വ്യവസായ സംരഭകർക്ക് നിക്ഷേപ സബ്സിഡിയും സർക്കാർ വാഗ്ദാനം ചെയ്യുന്നു.

**103.** തൊണ്ട് ശേഖരണവും ചകിരി നിർമ്മാണവും ഏറ്റെടുക്കാൻ നാളീകേര ഉത്പാദന കമ്പനികളെ പ്രോത്സാഹിപ്പിക്കുകയും അതുവഴി, കർഷകരുടെയും നാളീകേര കമ്പനികളുടെയും ആദായം ഒരേ പോലെ വർദ്ധിപ്പിക്കുവാൻ കഴിയുകയും ചെയ്യും. കുടുംബശ്രീ സംഘങ്ങളെ കൂടി തൊണ്ട് ശേഖരണത്തിനും ചകിരി നിർമ്മാണത്തിനും പ്രോത്സാഹിപ്പിക്കുന്നതാണ്. അങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന ചകിരി സംഭരിക്കുമെന്ന ഉറപ്പോടു കൂടി കയർ സ്പിന്നിംഗ് സഹകരണ സംഘങ്ങൾക്ക് നൽകുകയും ചെയ്യുന്നതാണ്. ചെറുകിട ഉൽപ്പാദകർക്ക് ചകിരി ലഭ്യമാക്കുകയും അവരുടെ കയർ ഉൽപ്പന്നങ്ങൾ നിശ്ചിത വിലയ്ക്ക് കയർ കോർപ്പറേഷൻ സംഭരിക്കുകയും ചെയ്യുന്നതാണ്. എന്റെ സർക്കാർ, കയർ ഉൽപ്പന്നങ്ങൾക്ക് വിലക്കിഴിവ് അനുവദിച്ച് ഉൽപ്പന്നങ്ങളുടെ വിജയകരമായ വിപണനം സാധ്യമാക്കുന്നതാണ്.

## കൈത്തറി, ഖാദി, ഗ്രാമീണ വ്യവസായങ്ങൾ

**104.** കൈത്തറി സഹകരണ സംഘങ്ങൾക്ക് നൂലുകൾ വിലക്കിഴിവിൽ ലഭ്യമാക്കുന്നതിനും തറികൾ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കും. കൈത്തറി സഹകരണ മേഖല കൂടുതൽ തൊഴിൽ സൃഷ്ടിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി പുന:സംഘടിപ്പിക്കും. തിരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകളിൽ

ഹാൻഡ്‌ലൂം ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതാണ്. കൈത്തറിയിലുള്ള യൂണിഫോമുകൾ പ്രോത്സാഹിപ്പിക്കുന്നതാണ്. ഹാന്റ് ക്സിന്റേയും ഹാൻഡ്‌വീവിന്റേയും ഉത്പാദനം വർദ്ധിപ്പിക്കുന്നതാണ്.

**105.** ഖാദി ഗ്രാമീണ വ്യവസായങ്ങളുടെ ക്ലസ്റ്റർ പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുകയും കുറഞ്ഞ കൂലി പരിഷ്ക്കരിക്കുന്നത് ഉൾപ്പെടെ തൊഴിലാളികളുടെ നില മെച്ചപ്പെടുത്തുകയും ചെയ്യും. സൗരോർജ്ജ ചർക്ക ജനകീയമാക്കുന്നതാണ്. കളിമണ്ണ്, നീറ്റ്കക്ക സഹകരണ സംഘങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നതാണ്. കള്ള് ചെത്തിന് സഹായകമാകും വിധം സങ്കരയിനം തെങ്ങുകൃഷി പ്രോത്സാഹിപ്പിക്കുന്നതാണ്. ആർട്ടിസാൻ കോർപ്പറേഷനുകളുടെ പ്രവർത്തനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതാണ്.

**106.** കൈത്തറി, ഖാദി, മുള മേഖലകളിലെ നിലവിലുള്ള വരുമാന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിന് കുറഞ്ഞത് നൂറ് ദിവസത്തെ തൊഴിലവസരം സൃഷ്ടിച്ച് വികസിപ്പിക്കും.

**107.** എല്ലാ പരമ്പരാഗത വ്യവസായങ്ങളുടെയും ഉൽപ്പന്നങ്ങളുടെ വിപണനം എന്റെ സർക്കാർ ശക്തമായി പ്രോത്സാഹിപ്പിക്കും. കള്ള് വ്യവസായം ആധുനികവത്കരിക്കുന്നത് തുടരുന്നതാണ്.

## ടൂറിസം

**108.** എന്റെ സർക്കാർ, വിനോദസഞ്ചാര മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിന് മുൻഗണന നൽകും. യുവജനങ്ങൾക്ക് പ്രത്യേകിച്ചും ഗ്രാമീണ മേഖലയിൽ ഉള്ളവർക്ക് തൊഴിലധിഷ്ഠിത വൈദഗ്ധ്യം സൃഷ്ടിക്കുന്നതിനായി ഒരു പുതിയ പദ്ധതി നടപ്പിലാക്കും. തദ്ദേശവാസികൾക്ക് ഗുണം ഉറപ്പു വരുത്തുന്ന റെസ്പോൺസിബിൾ ടൂറിസത്തിന്റെ (RT) തത്വങ്ങൾ വ്യാപകമായി എല്ലാ ലക്ഷ്യസ്ഥാനങ്ങളിലേയ്ക്കും എത്തിക്കുന്നതും ടൂറിസം

യൂണിറ്റുകൾക്ക് ഒരു ആർ.റ്റി. തരംതിരിക്കൽ കൊണ്ടുവരുന്നതു മാണ്. കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ വരവ് കുറയുന്നത് തടയുന്നതിനും അടുത്ത അഞ്ചു വർഷക്കാലത്തിനു ള്ളിൽ കേരളത്തിലേയ്ക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ വരവ് ഇരട്ടിപ്പിക്കുന്നതിനും പരിഹാരനടപടികൾ സ്വീകരിക്കുന്ന താണ്.

**109.** സമഗ്രമായ മാലിന്യസംസ്ക്കരണ പദ്ധതികൾ, എല്ലാ പ്രമുഖ വിനോദസഞ്ചാര ലക്ഷ്യസ്ഥാനങ്ങളിലും അടിസ്ഥാനസൗ കര്യനിർമ്മാണം, അടയാളചിഹ്നങ്ങൾ, ഇൻഫർമേഷൻസെന്ററുകൾ എന്നിവ ഉൾപ്പെടെ വഴിയോരസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിവയിലൂടെ എന്റെ സർക്കാർ ടൂറിസം അടിസ്ഥാനസൗകര്യം ശക്തിപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നതാണ്. ലക്ഷ്യസ്ഥാന ങ്ങളുടെ സംരക്ഷണവും പരിപാലനവും സ്ഥാപനവൽക്കരിക്കുന്ന താണ്. പൈതൃക സംരക്ഷണത്തിനും പരിപാലനത്തിനും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. മുസരിസ് ഹെറിറ്റേജ് പദ്ധതിയുടെ പാത പിൻതുടർന്ന് ആലപ്പുഴ ഹെറിറ്റേജ് കൺസർവേഷനും സമാരംഭം കുറിക്കുന്നതാണ്. അടുത്ത മുഖ്യ അന്തർദേശീയ വിനോദസഞ്ചാര പ്രോഡക്ടായി 'സ്പൈസ് റൂട്ട് സർക്ക്യൂട്ടി'നെ ആവിഷ്കരിക്കുന്ന താണ്.

**110.** എന്റെ സർക്കാർ, വിനോദസഞ്ചാരികളുടെ സംരക്ഷണ ത്തിനും സുരക്ഷയും ഉറപ്പുവരുത്തുന്നതിന് പ്രഥമ പ്രാധാന്യം നൽകി അടിയന്തിര സഹായക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുമാണ്. കൂടുതൽ ലക്ഷ്യസ്ഥാനങ്ങളിലേയ്ക്ക് ലൈഫ്ഗാർഡുകളുടെയും ടൂറിസ്റ്റ് വാർഡൻമാരുടെയും സേവനങ്ങൾ വ്യാപിപ്പിക്കുകയും ചെയ്യും.

**111.** കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (SIHM), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (IHMCT), കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്റ്റഡീസ് (KIHMS) എന്നിവ പോലുള്ള സംസ്ഥാനത്തെ പ്രമുഖമായ മാൻപവർ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുകയും കെ.ഐ.റ്റി.റ്റി.എസ്. -നെ ഒരു മികവിന്റെ കേന്ദ്രം ആയി വികസിപ്പിക്കുകയും ചെയ്യുന്നതാണ്.

**112.** കേരളത്തിലെ തീർത്ഥാടനകേന്ദ്രങ്ങളെയും സാംസ്ക്കാരിക കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു തീർത്ഥാടന വിനോദസഞ്ചാര നയത്തിന് രൂപം നൽകാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ഉത്സവങ്ങളുടെ ഒരു വാർഷിക കലണ്ടർ തയ്യാറാക്കും. വ്യവസായത്തെ വിനോദസഞ്ചാരവുമായി ബന്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു കരകൗശലമേള സംഘടിപ്പിക്കും.

## ഫോറസ്റ്റ്

**113.** എന്റെ സർക്കാർ, നിലവിലുള്ള വനങ്ങളുടെ പരിപാലനത്തിനും സംരക്ഷണത്തിനും വികസനത്തിനും പ്രതിജ്ഞാബദ്ധമാണ്. യാതൊരുവിധ കയ്യേറ്റവും അനുവദിക്കുന്നതല്ല.

**114.** ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും പശ്ചാത്തലത്തിൽ നിലവിലുള്ള വനങ്ങളുടെ സംരക്ഷണം എന്നതിലുപരി സാമൂഹ്യ വനവൽക്കരണത്തിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്. കൂടാതെ വൃക്ഷങ്ങൾ, ഫലവൃക്ഷങ്ങൾ, ഔഷധ ചെടികൾ എന്നിവയുടെ നടീൽ പ്രോൽസാഹിപ്പിക്കും.

**115.** എന്റെ സർക്കാർ, പരിസ്ഥിതി വിദ്യാഭ്യാസത്തിനും സന്ദർശക സുരക്ഷയ്ക്കും പ്രത്യേക ഊന്നൽ നൽകി വനമേഖല

യിൽ കമ്മ്യൂണിറ്റിയെ അടിസ്ഥാനമാക്കി ഇക്കോ ടൂറിസത്തിന് പ്രാധാന്യം നൽകും. വന ആശ്രിത സമുദായങ്ങളിൽ നിന്നും, പ്രത്യേകിച്ചും ആദിവാസികളിൽ നിന്നും 500 യുവാക്കളെ ഇക്കോ ടൂറിസം ഗൈഡുകളായി പരിശീലിപ്പിക്കും. ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് വനമേഖലയിലെ സന്ദർശനങ്ങളെക്കൊണ്ട് പരിസ്ഥിതി ക്കുണ്ടാകുന്ന ആഘാതത്തിന്റെ ശാസ്ത്രീയ പഠനം നടത്തുന്നതാണ്. അടുത്ത അഞ്ചു വർഷത്തിൽ ഈ മേഖലയിലെ തൊഴിൽസാദ്ധ്യത പ്രതിദിനം കുറഞ്ഞത് 1500 തൊഴിൽദിനങ്ങളായി വർദ്ധിപ്പിക്കുന്നതിന് ഈ മേഖലയിൽ പദ്ധതികളും പരിപാടികളും ക്രമാനുഗതമായി നടപ്പാക്കുന്നതാണ്.

**116.** എന്റെ സർക്കാർ, വരുന്ന അഞ്ചു വർഷത്തിനുള്ളിൽ അവശേഷിക്കുന്ന വനമേഖലകളിൽ കൂടി ഫോറസ്റ്റ് സ്റ്റേഷനുകൾ വ്യാപിപ്പിക്കും. സംസ്ഥാനത്തെ വനാതിർത്തി വേർതിരിക്കുന്ന ഉദ്യമം പൂർത്തീകരിക്കാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമായിരിക്കുന്നതും ശേഷിക്കുന്ന 3000 കി.മീ. വേർതിരിക്കുന്ന പ്രക്രിയ പൂർത്തീകരിക്കുന്നതുമാണ്.

**117.** സംസ്ഥാനത്താകമാനം വനങ്ങളിലെ ക്യാമറ നിരീക്ഷണങ്ങൾ വനമേഖലയിൽ ഒരു സ്ഥിരമായ ജാഗ്രത പുലർത്തുന്നതിന് സഹായിക്കുന്നു. ആയിരത്തിലേറെ ക്യാമറകൾ കൂടി ഉടൻ സ്ഥാപിക്കുന്നതാണ്. വനമേഖലയുടെയും വന്യജീവികളുടെയും സംരക്ഷണത്തിനായി വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

## പരിസ്ഥിതി

**118.** എന്റെ സർക്കാർ, സംസ്ഥാനത്തിന്റെ വികസനം അതിന്റെ പരിസ്ഥിതിക്ക് കോട്ടവും ഭംഗവും തട്ടാതെ നടപ്പാക്കുന്നതിന് പ്രതിജ്ഞാബദ്ധവും, പരിസ്ഥിതി സംരക്ഷണം, പരിപാലനം, വികസനം

എന്നിവയ്ക്കിടയിൽ ഒരു സന്തുലനം കണ്ടെത്തുവാൻ ശ്രമിക്കുന്നതുമാണ്. ആറുമാസക്കാലയളവിനുള്ളിൽ കേരളത്തിന്റെ പരിസ്ഥിതി സംബന്ധിച്ച അവസ്ഥയുടെ ഒരു ധവളപത്രം പുറപ്പെടുവിക്കുന്നതാണ്. കേരളത്തിന്റെ പരിസ്ഥിതിശാസ്ത്രത്തിൽ പശ്ചിമഘട്ടത്തിനുള്ള പ്രാധാന്യം കണക്കിലെടുത്ത് കർഷകരുമായും പൊതുജനങ്ങളുമായും ചർച്ചചെയ്ത് സംരക്ഷണതന്ത്രം രൂപപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സൂക്ഷ്മവും കർശനവുമായ വിലയിരുത്തലിനും ആഘാതപഠന നിർണ്ണയത്തിനും ശേഷം മാത്രമാകും പാരിസ്ഥിതിക അനുമതി നൽകുന്നത്.

**119.** എന്റെ സർക്കാർ, ഒരു പഠനത്തിന്റെ അടിസ്ഥാനത്തിൽ മലിനീകരണം കുറയ്ക്കുന്നതിന് ഒരു സമഗ്രമായ നയം രൂപീകരിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ റഗുലേഷനുകൾ നടപ്പിൽ വരുത്തുവാനും ഉദ്ദേശിക്കുന്നു. പുഴമണൽ ഉൾപ്പെടെയുള്ള ഖനന പ്രവർത്തികൾ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ നിയന്ത്രിക്കുന്നതാണ്. സംസ്ഥാനത്തെ ധാതു ഖനനം വിശേഷിച്ചും കരിമണൽ ഖനനം ആവശ്യമായ പാരിസ്ഥിക സുരക്ഷയും മൂല്യവർദ്ധനവും ഉറപ്പാക്കി പൊതുമേഖലയുടെ കീഴിൽ കൊണ്ടുവരുന്നതാണ്. 2008-ലെ കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ ആക്റ്റ് വിഭാവനം ചെയ്തിരിക്കുന്നതുപോലെ ഉപഗ്രഹ ഛായാചിത്രത്തിന്റെ സഹായത്തോടുകൂടി ഒരു ഡാറ്റാബേസ് തയ്യാറാക്കി ഒരു വർഷത്തിനകം പ്രസിദ്ധീകരിക്കുന്നതാണ്. എന്റെ സർക്കാർ, മഴവെള്ള സംഭരണത്തിനും ജലത്തിന്റെ പുനരുപയോഗവും സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുവാനും ഉദ്ദേശിക്കുന്നു. പുതുതായി രൂപീകൃതമായ തണ്ണീർത്തട അതോറിറ്റിയെ ശക്തിപ്പെടുത്തി സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ നിയന്ത്രിക്കുന്നതിനും പരിപാലിക്കുന്നതിനും ശക്തിപ്പെടുത്തുന്ന

താണ്. പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലങ്ങളിൽ ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുന്നതും ശാസ്ത്രീയമായി അവ അപ്ഡേറ്റ് ചെയ്യുന്നതുമാണ്.

## ശാസ്ത്രവും സാങ്കേതിക വിദ്യയും

**120.** സംസ്ഥാനത്ത് പ്രശംസനീയമായ പ്രവർത്തനങ്ങൾ നടത്തുന്ന അനേക സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ കൂടി അവരുടെ ഗവേഷണ പ്രവർത്തനങ്ങളുടെ പ്രയോജനം ജനങ്ങളിലേയ്ക്ക് എത്തിച്ചേർന്നിട്ടില്ല. ഒരു സമൂഹം എന്ന നിലയിൽ കേരളം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ പലതിനുമുള്ള ഉത്തരം ഈ സ്ഥാപനങ്ങളെ ഗവേഷണമേഖല കാര്യക്ഷമമായി തിരിച്ചുവിടുന്നതിലൂടെ നേടാനാകുന്നതും, ഇക്കാര്യത്തിൽ, എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നതുമാണ്.

## മത്സ്യബന്ധനം

**121.** തീരദേശ ജനതയ്ക്ക് തൊഴിലും ജീവിതോപാധിയും നൽകുന്ന മത്സ്യബന്ധന മേഖലയുടെ അതിയായ പ്രാധാന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. ആഴക്കടൽ മത്സ്യബന്ധനം പുന:പരിശോധിക്കുന്നതിനു വേണ്ടി രൂപീകൃതമായ മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകളും നിലവിലുള്ള നയങ്ങളും സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്ക് ഹാനികരമാണ് എന്നാണ് എന്റെ സർക്കാരിന്റെ കാഴ്ചപ്പാട്. ഡോ.എസ്. അയ്യപ്പൻ നയിച്ച കമ്മിറ്റിയുടെ ശിപാർശകൾ എന്റെ സർക്കാർ വേഗത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**122.** മത്സ്യത്തൊഴിലാളികളുടെ, മത്സ്യവിഭവങ്ങളിലും തീരപ്രദേശ മേഖലയിലുമുള്ള, പരമ്പരാഗത അവകാശങ്ങൾ സംരക്ഷിക്കുക എന്നുള്ളതിന് എന്റെ സർക്കാർ പ്രഥമപരിഗണന

നൽകുന്നു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ കടലെടുപ്പിന് വിധേയമാകുന്നിടങ്ങളിലെ മത്സ്യത്തൊഴിലാളികളെ മുൻഗണനാക്രമം അനുസരിച്ച് സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കും.

**123.** ശുചിത്വമിഷന്റെ സഹായത്തോടെ എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും, ശുദ്ധജലം, ശുചിത്വമുള്ള കക്കൂസ്, മാലിന്യ സംസ്ക്കരണ സംവിധാനം എന്നീ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് ഊന്നൽ നൽകുന്നതാണ്.

**124.** പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നൈപുണ്യം നവീകരിച്ചും ആഴക്കടൽ മത്സ്യബന്ധനത്തിനായി പ്രത്യേകസംവിധാനങ്ങളുള്ള മത്സ്യബന്ധന യാനങ്ങൾ നൽകിയും പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ശാക്തീകരിക്കുന്നതിനുള്ള സംഘടിത ശ്രമങ്ങൾ നടത്തും. നിലവിലുള്ള മത്സ്യവിത്ത് ഫാമുകളുടെയും ഹാച്ചറികളുടെയും ഉൽപ്പാദനശേഷി വർദ്ധിപ്പിച്ചുകൊണ്ടും പുതിയ മത്സ്യവിത്ത് ഫാമുകൾ സ്ഥാപിച്ചുകൊണ്ടും മത്സ്യവിത്ത് ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ എന്റെ സർക്കാർ പരിശ്രമിക്കുന്നതാണ്.

**125.** മറൈൻ മത്സ്യബന്ധന മേഖലയിലെ ഉദ്യമങ്ങൾക്ക് പുറമേ, ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുന്നതിന് ഒരു കൂട്ടം പ്രായോഗിക പദ്ധതികളുമായി എന്റെ സർക്കാർ മുന്നോട്ടുവരുന്നതാണ്.

**126.** സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഒരു സമഗ്ര ഡാറ്റാബാങ്ക് തയ്യാറാക്കുന്നതും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായങ്ങൾ കൂടുതൽ ഫലപ്രദമായി അവരിലേയ്ക്ക് എത്തിക്കുന്നതിനുവേണ്ടി എല്ലാ രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികൾക്കും ഫാമിലി കാർഡുകൾ നൽകുകയും ചെയ്യും. അടിസ്ഥാന സൗകര്യങ്ങളും മാനവശേഷിയും നൽകിക്കൊണ്ട് മത്സ്യഭവനുകൾ

കൂടുതൽ പ്രവർത്തനക്ഷമമാക്കും. അർഹരായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സബ്സിഡി നിരക്കിൽ മണ്ണെണ്ണ നൽകുന്നതാണ്. മത്സ്യബന്ധനയാനങ്ങൾക്ക് ഡീസൽ സബ്സിഡി നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കും.

**127.** മത്സ്യബന്ധന സാമഗ്രികളുടെ ഉടമസ്ഥതയുള്ള സജീവ മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും കടലിലേയ്ക്കുള്ള പ്രവേശനത്തിനും സമുദ്രവിഭവങ്ങളുടെ ഉപയോഗത്തിനുമായി സമഗ്രമായ ഒരു അക്വേറിയൻ റിഫോമ്സ് ആക്റ്റ് കൊണ്ടുവരാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സമുദ്രമത്സ്യവിഭവ സംരക്ഷണത്തിൽ നിലവിലുള്ള വെല്ലുവിളികളെ നേരിടുന്നതിനായി 1980-ലെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്റ്റ് (KMFR Act, 1980) ഭേദഗതി ചെയ്യുന്നതാണ്.

**128.** വിദേശ മത്സ്യബന്ധന കപ്പലുകൾ/ലെറ്റർ ഓഫ് പെർമിഷൻ (എൽ.ഒ.പി.) കപ്പലുകൾ എന്നിവ കേരള തീരത്തിന്റെ ടെറിട്ടോറിയൽ സമുദ്ര മേഖലയിൽ അതിക്രമിച്ചു കടക്കുന്നത് നിരോധിക്കുന്നതിനും, മുരാരി കമ്മിറ്റിയുടെ ശിപാർശകൾ അക്ഷരാർത്ഥത്തിൽ നടപ്പിലാക്കുന്നതിനും എന്റെ സർക്കാർ കേന്ദ്ര സർക്കാരിന്റെ പിന്തുണ തേടുന്നതായിരിക്കും. മത്സ്യത്തൊഴിലാളി ക്ഷേമത്തിനും വികസനത്തിനുമുള്ള സൊസൈറ്റികൾ ശക്തിപ്പെടുത്തുകയും, പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതും കേരള മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കുന്നതുമാണ്. സംസ്ഥാനത്തിന്റെ തീരദേശ മേഖലയുടെ മൊത്തത്തിലുള്ള ഏകീകൃത വികസനത്തിനായി എന്റെ സർക്കാർ ഒരു പ്രത്യേക പാക്കേജിന് രൂപം നൽകും.

## ഭവനനിർമ്മാണം

**129.** സാർവ്വത്രികമായ ഭവനനിർമ്മാണത്തിലൂടെ ഭൂരഹിതർക്കും, ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ചു നൽകുന്നതിന് ഒരു പദ്ധതി എന്റെ സർക്കാർ സമാരംഭിക്കുന്നതാണ്. ആദ്യപടിയെന്ന നിലയിൽ, സംസ്ഥാനത്ത് ഭവനരഹിതരായിട്ടുള്ള കുടുംബങ്ങളുടെ കൃത്യമായ വിവര ശേഖരണം അടിയന്തിരമായി നടത്തുന്നതും, സർക്കാർ നിശ്ചയിക്കുന്ന സുതാര്യമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഗുണഭോക്താക്കളുടെ ഒരു മുൻഗണനാപട്ടിക തയ്യാറാക്കുന്നതുമാണ്. പ്രസ്തുത പദ്ധതിയ്ക്ക് ഈ വർഷം തന്നെ തുടക്കം കുറിക്കുന്നതാണ്. കൂടാതെ, സർക്കാർ പദ്ധതിയിലുൾപ്പെട്ടതും പൂർത്തിയാക്കാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനും, സബ്സിഡി കുടിശ്ശിക വിതരണം ചെയ്യുന്നതിനും ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുന്നതാണ്.

**130.** എല്ലാവർക്കും താങ്ങാവുന്ന ചെലവിലുള്ള വീടുകൾ നൽകുക എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് പ്രീഫാബ് (Pre fab) സാങ്കേതികവിദ്യ ജനകീയമാക്കുന്നതാണ്. സംസ്ഥാനത്ത് ഉടനീളം നിർമ്മാണ പ്രവർത്തനങ്ങളിൽ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള ഒരു പരിപാടി ഏറ്റെടുക്കുന്നതാണ്.

**131.** ഇത് പരേതനായ ജനകീയ വാസ്തുശിൽപ്പി ഡോ. ലാറിബേക്കറുടെ നൂറാം ജന്മവർഷമാണ്. പൊതുനിർമ്മാണ പ്രവർത്തികളിൽ അദ്ദേഹത്തിന്റെ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യയ്ക്ക് പ്രാമുഖ്യം നൽകുക എന്നതായിരിക്കും അദ്ദേഹത്തിന് നൽകാവുന്ന ഏറ്റവും ഉചിതമായ സ്മരണ. നടപ്പുവർഷം തന്നെ ഇതു പ്രാവർത്തികമാക്കാനായി എന്റെ സർക്കാർ പരിശ്രമിക്കും. ലാറിബേക്കറോടുള്ള ആദരസൂചകമായി, ചെലവുകുറഞ്ഞതും പരിസ്ഥിതിയ്ക്ക് അനുയോജ്യവുമായ അദ്ദേഹത്തിന്റെ സാങ്കേതിക

വിദ്യ പ്രചരിപ്പിക്കുന്നതിന് ലാറിബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനം വളർത്തിയെടുക്കുന്നതാണ്.

## സഹകരണം

**132.** എന്റെ സർക്കാർ, നിലവിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ വനിത സഹകരണ സംഘങ്ങളെയും മാർക്കറ്റിംഗ് സഹകരണ സംഘങ്ങളെയും ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. സഹകരണ വകുപ്പ് ആവിഷ്കരിച്ച ജൈവപച്ചക്കറി കൃഷിപദ്ധതിയുടെ ഭാഗമായി 'സുവർണ്ണം ഷോപ്പുകൾ' തുടങ്ങുന്നതാണ്. സംസ്ഥാനത്തെ റബ്ബർ കർഷകരെ സഹായിക്കുന്നതിലേയ്ക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് (RUBBERMARK) മറ്റ് ഉൽപ്പന്നങ്ങളിലേയ്ക്ക് വൈവിദ്ധ്യവൽക്കരിച്ച് നിലവിലുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്.

**133.** സഹകരണ മേഖലയിലെ അപ്പക്സ് ഫെഡറേഷനുകളെ ശക്തിപ്പെടുത്തുന്നതാണ്. സഹകരണ സംഘങ്ങളെ ഇ-കോമേഴ്സ് ആരംഭിക്കുന്നതിനുവേണ്ടി സജ്ജമാക്കുന്നതാണ്. പ്രവർത്തന സാധ്യമായ രജിസ്റ്റർ ചെയ്യപ്പെട്ട എല്ലാ സഹകരണ സംഘങ്ങളെയും പ്രവർത്തനക്ഷമമാക്കുന്നതിനും പ്രവർത്തനരഹിതമായ സംഘങ്ങളെ ലിക്വിഡേറ്റ് ചെയ്യുന്നതിനും പ്രത്യേക ശ്രമങ്ങൾ നടത്തുന്നതായിരിക്കും.

**134.** സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് പ്രൈമറി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ്സ് (PACs) യെ ഒരു അപ്പക്സ് സ്ഥാപനമാക്കുന്നതിനുള്ള നടപടിക്ക് എന്റെ സർക്കാർ ആരംഭം കുറിക്കും. ഇത് ധനനിക്ഷേപങ്ങളും, ക്രെഡിറ്റും, സംസ്ഥാനത്ത് വളർത്തികൊണ്ടുവരുന്നതിനും

അടിസ്ഥാന സൗകര്യങ്ങളും പ്രാദേശിക വികസനവും സാരവത്തായി ഉയർത്തുന്നതിനും സഹായിക്കും. സഹകരണ ബാങ്കുകളുടെ കോർബാങ്കിംഗ് ശൃംഖല നടപ്പിലാക്കും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽ നിന്നും പാവപ്പെട്ടവരെ സംരക്ഷിക്കുന്നതിന്, ഒരു വിശാല വിതരണ ശേഖരണ ശൃംഖല കുടുംബശ്രീ മിഷന്റെ സഹായത്തോടെ നടപ്പിലാക്കും.

135. കാര്യക്ഷമമില്ലായ്മ അഴിമതി എന്നിവ ബാധിക്കപ്പെട്ട കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ പുനക്രമീകരിക്കേണ്ടിയിരിക്കുന്നതും, വിലക്കയറ്റം മൂലം കഷ്ടപ്പെടുന്ന സമൂഹത്തിലെ, പാവപ്പെട്ടവരുടെ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിന്, ചില്ലറ വ്യാപാര ശൃംഖലയെ അർത്ഥവത്തായ ഒരു സംവിധാനമാക്കിമാറ്റുന്നതുമാണ്.

## തൊഴിലും വൈദഗ്ദ്ധ്യവും

136. എന്റെ സർക്കാർ, ഇപ്പോൾ സംസ്ഥാനത്തിന്റെ തൊഴിൽ ശക്തിയുടെ പ്രധാന ഭാഗമായിരിക്കുന്ന അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളികളെ തിരിച്ചറിയുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ ആരംഭിക്കും. അവർക്ക് വേണ്ടി എ.എ.ഡബ്ല്യൂ.എ.ഇസഡ് (AAWAZ) എന്ന ഒരു പുതിയ പദ്ധതി, ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. യുവജനങ്ങൾക്ക് വേണ്ടിയുള്ള വൈദഗ്ദ്ധ്യ വികസന പദ്ധതികൾക്ക് ഊന്നൽ നൽകുന്നതും, പ്ലെയിസ്മെന്റ് ലിങ്ക്ഡ് എംപ്ലോയ്ബിലിറ്റി പ്രോഗ്രാം ഏർപ്പെടുത്തുന്നതുമാണ്. എന്റെ സർക്കാർ, കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും നിയന്ത്രണത്തിനുമായി ഒരു സമഗ്ര നിയമ നിർമ്മാണം കൊണ്ടുവരും.

**137.** വ്യാവസായിക പരിശീലന സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവും, മറ്റു സൗകര്യങ്ങളും അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്തുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പരിശോധന കൾക്ക് മുൻഗണന നല്കുവാനും ലംഘനങ്ങൾ കണ്ടുപിടിക്കപ്പെടു കയും ഉടനടി തിരുത്തപ്പെടുകയും ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തു വാനും, വെബ് എനേബിൽഡ് റിസ്ക് വേയിറ്റഡ് ഇൻസ്പെക്ഷൻ സ്കീം ഫാക്ടറികളിൽ കൊണ്ടുവരുന്നതാണ്. കേരളത്തിലെ ഫാക്ടറികളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള തൊഴിലാളികൾക്ക് ഒക്കുപേ ഷണൽ ഹെൽത്ത് സർവ്വീസ് ലഭ്യമാക്കുന്നതിന്, ഒക്കുപേഷണൽ ഹെൽത്ത് ആന്റ് ഇൻഡസ്ട്രിയൽ ഹൈജിൻ സർവ്വെ നടത്തുന്നതാണ്. എന്റർപ്രണർഷിപ്പിൽ അഭിരുചിയുള്ള ഭിന്നശേ ഷിക്കാരായ ആളുകൾക്ക്, അവർക്ക് ആവശ്യമായ സാമ്പത്തിക സഹായവും പരിശീലനവും നൽകി ശക്തിപ്പെടുത്തുന്നതിനുവേണ്ടി 'കൈവല്യ' പദ്ധതി ആരംഭിക്കുന്നതാണ്. കൂടുതൽ തൊഴിലാളി കളെ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് (ഇ.പി.എഫ്), എംപ്ലോ യീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് (ഇ.എസ്.ഐ.) സ്കീമുകളിൽ കൊണ്ടുവരുന്നതാണ്.

## പൊതുമരാമത്ത്

**138.** പൊതുമരാമത്തു പ്രവർത്തികളിൽ, നൂതനരീതി കൊണ്ടു വരുകയും, പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുകയും, കാലാതാ മസങ്ങൾ ഇല്ലാതാക്കുകയും, നിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നതിനോടൊപ്പം സംസ്ഥാനത്ത് പൊതുമരാമത്തു പ്രവർത്തി കളിലെ മൂലധന നിക്ഷേപത്തിന്റെ തോതിന് ഇതുവരെ ഇല്ലാത്ത ഒരു പ്രേരകശക്തി നല്കി പ്രോത്സാഹിപ്പിക്കുന്നതിൽ ആയിരിക്കും, പൊതുമരാമത്തു വകുപ്പ് ശ്രദ്ധ കേന്ദ്രീകരിയ്ക്കുന്നത്.

**139.** ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനെ കേന്ദ്രീകരിച്ചുള്ള താണ് പൊതുമരാമത്തു മേഖലയിലെ എന്റെ സർക്കാരിന്റെ നയസമീപനമെന്ന് ഞാൻ ഊന്നിപറയട്ടെ. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, ഓൺലൈൻ അംഗീകാരത്തിനും വേണ്ടി പി.ഡബ്ല്യൂ.ഡി (PWD) യും നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) യും ഉണ്ടാക്കിയിട്ടുള്ള, വ്യാപകമായി സ്വീകരിക്കപ്പെട്ടിട്ടുള്ള, പ്രൈസ് സോഫ്റ്റ്‌വെയർ (Project Information and Cost Estimation Software) കമ്പ്യൂട്ടർവത്കരണ ബിൽ തയ്യാറാക്കൽ (e-bill), ഇ-മെഷർമെന്റ് ബുക്ക്, പുരോഗതി നിരീക്ഷിക്കൽ, ആസ്തികളുടെ ഡിജിറ്റൽ ചെയ്യൽ എന്നിവ ഉൾപ്പെടുന്ന, വികസനത്തിന്റെ രണ്ടാം ഘട്ടത്തോടുകൂടി കൂടുതൽ വികസിപ്പിക്കുന്നതാണ്.

**140.** പി.ഡബ്ല്യൂ.ഡി (PWD) യ്ക്കായുള്ള പുതിയ ക്വാളിറ്റി മാനുവലിലെയും, ലബോറട്ടറി മാനുവലിലെയും വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നുവെന്ന്, എന്റെ സർക്കാർ ഉറപ്പു വരുത്തും. ഈ നടപടികൾ, ഈ വർഷം മുതൽ പി.ഡബ്ല്യൂ.ഡി (PWD) യ്ക്ക് കീഴിലുള്ള മരാമത്തുകൾക്കുവേണ്ടി ഒരു സ്വതന്ത്ര ഏജൻസി മുഖേന മൂന്നാമതൊരു തലത്തിൽ ക്വാളിറ്റി ആഡിറ്റിംഗ് കൊണ്ട് ശക്തിപ്പെടുത്തും. ക്വാളിറ്റി കൺട്രോൾ ലാബുകൾ കേന്ദ്ര സർക്കാരിന്റെ ക്വാളിറ്റി കൺട്രോൾ ഓർഗനൈസേഷനുകളിൽ നിന്ന് സാക്ഷ്യപ്പെടുത്തലുകൾ നേടും. ലോകവ്യാപകമായി പ്രാമുഖ്യം നേടി വരുന്ന സസ്റ്റൈനബിൾ എനർജി എഫിഷ്യന്റും, പരിസ്ഥിതി സൗഹാർദ്ദ കെട്ടിട നിർമ്മാണവും, എന്ന ആശയത്തിന് അനുസൃതമായി വരും വർഷങ്ങളിൽ PWD ഏറ്റെടുക്കുന്ന എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങളുടെയും രൂപകല്പനയിൽ ഗ്രീൻ ബിൽഡിംഗ് കൺസെപ്റ്റ്സ് സ്വീകരിക്കുന്നതാണ്.

141. പൊതുമരാമത്ത് വകുപ്പ്, ഈ വർഷം സംസ്ഥാനത്ത് റോഡ് സർഫേസിങ്ങിനും/റീസർഫേസിങ്ങിനും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് തുണ്ടുകൾ ഉപയോഗിച്ച്, കുറഞ്ഞത് 100 കി.മീ. റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമാണ്. പ്ലാസ്റ്റിക് വേസ്റ്റ് നിർമ്മാർജ്ജനത്തെ സംബന്ധിച്ച പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുവാൻ കൂടി ഇത് സഹായിക്കുന്നതും, അത് റോഡ് പണികൾക്കു വേണ്ടി ഹോട്ട് ബിറ്റുമിനസ് മിക്സറുകളിൽ വേസ്റ്റ് പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തെ സംബന്ധിച്ച ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ ശിപാർശകൾക്ക് അനുസൃതമായിരിക്കുന്നതുമാണ്.

142. ഈ വർഷം, ഏകദേശം 500 കി.മീ. ദൈർഘ്യമുള്ള റോഡ് റീസർഫൈസ് ചെയ്യുന്നതിനുവേണ്ടി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (BPCL) ഉല്പാദിപ്പിച്ചിട്ടുള്ള എൻ.ആർ.എം.ബി (Natural Rubber Modified Bitumen) ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുവാൻ, എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

143. വികസനം ത്വരിതപ്പെടുത്തുവാൻ പ്രാദേശിക അസംസ്കൃതവസ്തുക്കളെ ഉപയോഗിക്കുന്നതും, പരിസ്ഥിതി സൗഹാർദ്ദപരവുമായ കോസ്റ്റ് ഇഫക്ടീവ് ടെക്നോളജീസ് വ്യാപകമായി സ്വീകരിക്കുന്നതുമാണ്. ഇതിൽ റോഡ് നിർമ്മാണത്തിന് റബ്ബർ, പ്ലാസ്റ്റിക്, കയർ, ജിയോടെക്സ്റ്റയിൽസ് എന്നിവയുടെ ഉപയോഗവും പൊതുകെട്ടിടങ്ങളിൽ ഗ്രീൻ ടെക്നോളജിയുടെ ഉപയോഗവും മുതലായവയും ഉൾപ്പെടുന്നു. എന്റെ സർക്കാർ, ആദ്യത്തെ ആറുമാസങ്ങളിൽത്തന്നെ, വ്യത്യസ്ത നിർമ്മാണ പ്രവൃത്തികളിൽ അങ്ങനെയുള്ള സാങ്കേതിക വിദ്യകളെ സമയബന്ധിതമായി തിരിച്ചറിയുന്നതും, സമയബന്ധിതമായി തിരിച്ചറിഞ്ഞ് അത്തരം സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നത് ഉറപ്പുവരുത്തുന്നതുമാണ്.

**144.** ഈ വർഷം പി.ഡബ്ല്യു.ഡി (PWD) വകുപ്പിന്റെ ഉടമസ്ഥത യിലുള്ളതും അത് പരിപാലിച്ച് വരുന്നതുമായ നിലവിലുള്ള പാല ങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ് (GIS) മാപ്പിങ് പൂർത്തീകരിക്കുകയും, നിലവിലുള്ള റോഡുകളുടെയും പാലങ്ങളു ടെയും എല്ലാ ഡേറ്റയും അപ്ഡേറ്റ് ചെയ്യുന്നതും, എല്ലാ റോഡുക ളുടെയും ജി.ഐ.എസ് (GIS) മാപ്പിങ് പൂർത്തീകരിക്കുന്നതുമാണ്. പി.ഡബ്ല്യു.ഡി (PWD) യും തദ്ദേശ സർക്കാരുകളും പരിപാലിച്ചു വരുന്നതും അവയുടെ ഉടമസ്ഥതയിലുള്ളതുമായ എല്ലാ റോഡുക ളുടെയും വിശദാംശങ്ങൾ കാണിക്കുന്ന ബോർഡുകൾ സ്ഥാപി ക്കുന്ന നടപടി എടുക്കുന്നതാണ്.

**145.** ഇതിനോടകം തയ്യാറാക്കപ്പെട്ട ഡി.പി.ആർ (DPR) അടിസ്ഥാനമാക്കി തിരുവനന്തപുരത്തും, കോഴിക്കോട്ടും ലൈറ്റ് മെട്രോ ഉദ്യമവുമായി, എന്റെ സർക്കാർ മുന്നോട്ട് പോകും. അടിയന്തിര നടപടിയെന്ന നിലയിൽ, തിരുവനന്തപുരത്തെ ശ്രീകാര്യത്തും, ഉള്ളൂരും, പട്ടത്തും, തമ്പാനൂരും നാലു ഫ്ളൈ ഓവറുകളുടെ ജോലി നടപ്പു വർഷം തന്നെ ആരംഭിക്കുന്നതാണ്.

**146.** പി.ഡബ്ല്യു.ഡി (PWD) പ്രവർത്തികളിൽ സോഷ്യൽ ആഡിറ്റിങ് സ്വീകരിക്കുന്നതാണ്.

**147.** കേരളത്തിലെ പൊതുമരാമത്തുവകുപ്പിന് വളരെ സമ്പ ന്നവും പ്രാഗല്ഭ്യവുമുള്ള ഒരു കൂട്ടം എൻജിനീയർമാർ ഉണ്ടെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. ഈ എൻജിനീയർമാരെ ശ്രേഷ്ഠമായി ആദരിക്കപ്പെടുന്ന നാഷൻ ബിൽഡിങ്ങ് കേഡർ ആയി രൂപാന്തരപ്പെടുത്തുന്നതാണ്.

## ഗതാഗതം

**148.** മോട്ടോർ വാഹനവകുപ്പിൽ ആധുനികവത്കരണത്തിനായിരിക്കും ഊന്നൽ നൽകുക. പൊതു സ്വകാര്യ പങ്കാളിത്തം (PPP) മാതൃക പിന്തുടർന്ന് ഏഴ് സ്ഥലങ്ങളിൽ കൂടി ഡ്രൈവർ ടെസ്റ്റിങ്, ടാക്സി വെഹിക്കിൾ ടെസ്റ്റിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. സ്മാർട്ട് കാർഡുകൾ അടിസ്ഥാനമാക്കി ഡ്രൈവിംഗ് ലൈസൻസുകളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്. റോഡ് സുരക്ഷാ പ്രവർത്തനങ്ങളിൽ സ്കൂൾ കുട്ടികളെ പരിശീലിപ്പിക്കുന്നതിനുവേണ്ടി, ഒരു 'റോഡ് സേഫ്റ്റി കോർപ്പ്സ്' രൂപവത്കരിക്കുന്നതായിരിക്കും. പൗരൻമാർക്ക് വേഗത്തിലുള്ള ഒരു സേവനം ഉറപ്പുവരുത്തുവാൻ കൂടുതൽ 'ഇ-സർവ്വീസുകൾ' നല്കുന്നതാണ്. മെച്ചപ്പെട്ട റോഡ് സുരക്ഷയ്ക്കും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനു പ്രത്യേകിച്ചും, സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടി പൊതുഗതാഗതസേവനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (GPS) ട്രാക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതാണ്. ആട്ടോമൊബൈലുകൾമൂലം ഉണ്ടാകുന്ന പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിന്റെ ഭാഗമായി, പൊല്യൂഷൻ ടെസ്റ്റിങ്ങ് സെന്ററുകളെ നിരീക്ഷിക്കുന്നതിനു വേണ്ടി ഒരു കേന്ദ്രീകൃത നിരീക്ഷണ സംവിധാനവും പൊല്യൂഷൻ സർട്ടിഫിക്കറ്റ് നൽകലും പരിഗണനയിലാണ്.

**149.** ഫോർട്ട് കൊച്ചിയിലെ ബോട്ടപകടത്തിനെ തുടർന്ന്, ഇരട്ട എഞ്ചിനും ഇരട്ട ഹള്ളുമുള്ള 9 കട്ടാമരൻ വെസ്സൽസുകളും ഒരു ഹൾ ഉള്ള 5 കട്ടാമരൻ വെസ്സലുകളും ജലഗതാഗത വകുപ്പിന് വാങ്ങുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. അടിയന്തിര സാഹചര്യങ്ങളെ നേരിടാൻ അഞ്ച് രക്ഷാ ബോട്ടുകൾ കൂടി വാങ്ങുന്നതാണ്. സ്റ്റേഷനിലും യാത്രയിലും അടിയന്തിര ഘട്ടങ്ങളിൽ വെസ്സലുകളിലും സ്റ്റേഷനുകളിലും ഉള്ള വിവിധ രക്ഷാ ഉപകരണങ്ങളുടെ ഉപയോഗത്തെ സംബന്ധിച്ച് യാത്രക്കാർക്ക് അറിവ് നല്കുന്നതിനും

ജി.പി.എസ് (GPS) വെസ്സൽ ട്രാക്കിംഗ് സിസ്റ്റവും വെസ്സലുകളിലെ ഡിസ്പ്ലേ സിസ്റ്റവും പോലുള്ള ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണ്.

150. സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസ് (CNG) ബസ്സുകൾ കൊണ്ടുവരുന്നതിനും, അതുപോലെതന്നെ ബാറ്ററികൾ ഉപയോഗിച്ച് ഇലക്ട്രിക് ബസ്സുകൾ പ്രവർത്തിപ്പിക്കുന്നതിന്റെ സാധ്യത വിലയിരുത്തുവാനും വേണ്ടിയുള്ള കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (KSRTC) ഒരു നിർദ്ദേശം എന്റെ സർക്കാർ പരിഗണിക്കുന്നതാണ്. കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ (KURTC) മുഖാന്തിരം ഉള്ള ആധുനിക സൗകര്യങ്ങളോടെ പൊതു ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെടുത്തി, ഇലക്ട്രിക്, സി.എൻ.ജി (CNG) ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നതാണ്.

151. വേഗതയേറിയതും ആധുനികവുമായ 78 ബോട്ടുകൾ നൽകിക്കൊണ്ടും, 38 പുതിയ ജെട്ടികൾ നിർമ്മിച്ചുകൊണ്ടും വിശാല കൊച്ചി പ്രദേശത്തുള്ള കായലിന്റെയും ജലപാതകളോടും ചേർന്ന് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ നടപ്പാക്കേണ്ടതായ പ്രവേശന അടിസ്ഥാന സൗകര്യം സൃഷ്ടിച്ചുകൊണ്ടും ഇന്റഗ്രേറ്റഡ് വാട്ടർ ട്രാൻസ്പോർട്ടേഷൻ പ്രോജക്ട് നടപ്പിലാക്കി തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഭാരത സർക്കാരിൽ നിന്നും മുറപ്രകാരമുള്ള അംഗീകാരം നേടിയ ശേഷം 2024 കോടി രൂപയുടെ മതിപ്പ് ചെലവിൽ കൊച്ചി മെട്രോ റെയിൽ പാത കാക്കനാടു വരെ നീട്ടുന്ന ജോലി ഈ വർഷം ആരംഭിക്കുന്നതാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ വാണിജ്യ അടിസ്ഥാനത്തിലുള്ള ആദ്യഘട്ടത്തിന്റെ പ്രവർത്തനം, 2017 വർഷത്തിന്റെ ആദ്യ പകുതിയിൽ ഭാഗികമായി ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

**152.** കണ്ണൂരിലെ ഗ്രീൻഫീൽഡ് എയർപോർട്ട് പദ്ധതി എന്ന സ്വപ്ന പദ്ധതി 2017 ഫെബ്രുവരിയോടെ പൂർത്തിയാക്കുന്നതും, ഈ സാമ്പത്തിക വർഷം തന്നെ അവിടെ നിന്നും വിമാന സർവ്വീസ് ആരംഭിക്കുവാനും കഴിയുന്നതുമാണ്.

**153.** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് ഏകദേശം 15 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള അതിന്റെ 3-ാമത്തെ ടെർമിനൽ പൂർത്തിയാക്കുന്ന പ്രക്രിയയിലാണ്. ഏകദേശം 15 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള പുതിയ ടെർമിനലിൽ നിന്നും 2016 സെപ്റ്റംബറോടെ വിമാന സർവ്വീസ് ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഉൾനാടൻ ജല ഗതാഗതം

**154.** സംസ്ഥാനത്തിന് വരദാനമായി കിട്ടിയ കനാലുകളുടെയും കായലുകളുടെയും ജലാശയങ്ങളുടെയും ശ്രേഷ്ഠമായ ശൃംഖല പരമാവധി ഉപയോഗപ്പെടുത്തുന്നതിന്, എന്റെ സർക്കാർ ലക്ഷ്യമിടുന്നു. ഭാവിയിൽ ജലപാതകൾ വഴി ജലഗതാഗതവും വിനോദ സഞ്ചാരവും അഭിവൃദ്ധിപ്പെടുത്തുന്നതു ലക്ഷ്യമിട്ട് ഉൾനാടൻ ജലപാതകൾ വികസിപ്പിക്കുന്നതിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**155.** വടക്ക് ഹോസ്ദുർഗ് മുതൽ തെക്ക് കോവളം വരെ നീണ്ടുകിടക്കുന്ന ഉൾനാടൻ ജലപാതകളുടെ, തെക്ക് വടക്ക് ഇടനാഴി, മുഴുവനും മൂന്ന് വർഷത്തിനുള്ളിൽ ഒരു ദേശീയ ജലപാതയായി പ്രഖ്യാപിക്കുവാൻ കഴിയും എന്ന രീതിയിൽ വെസ്റ്റ് കോസ്റ്റ് നാഷണൽ വാട്ടർ കനാലിനെ, തെക്ക് കൊല്ലത്തിനും വടക്ക് കോട്ടപ്പുറത്തിനും അപ്പുറത്തേയ്ക്ക്, ക്രമാനുഗതമായി നീട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ വടകര - മാഹി ഭാഗവും

കൊല്ലം-കോവളം ഭാഗവും, കൊല്ലംതോടും വീതികൂട്ടലും കുറുകെയുള്ള നിർമ്മിതിയും പൂർത്തിയാക്കുന്നതാണ്. മാഹി-വളപട്ടണം ഭാഗത്തിന്റെ വിശദമായ പരിശോധനയും നടത്തുന്നതാണ്.

## ജലവിഭവങ്ങൾ

**156.** എന്റെ സർക്കാർ, സംയോജിത ജല വിഭവ സംരക്ഷണത്തിലും പരിപാലനത്തിലും നദികളുടെ പുനരുജ്ജീവനത്തിലും, ജല വിതരണ പദ്ധതികളുടെ വ്യാപനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ജല സംരക്ഷണത്തിന്റെ അടിസ്ഥാന ഘടകം നീർത്തടങ്ങൾ എന്ന നിലയിൽ, നീർത്തടങ്ങളെ നദീതടങ്ങളിലേക്ക് സംയോജിപ്പിച്ചായിരിക്കും ജലസംരക്ഷണ പരിപാലന ശ്രമങ്ങൾക്കുള്ള പ്രധാന ശ്രദ്ധ.

**157.** എന്റെ സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കുളങ്ങളുടെയും കിണറുകളുടെയും പുനരുജ്ജീവനത്തിനും, മഴവെള്ള ശേഖരണത്തിലൂടെ ജല സംരക്ഷണത്തിനും റീചാർജ്ജിനും പ്രോത്സാഹനം നൽകുന്നതാണ്. പ്രാദേശിക ജല ആവശ്യത്തിലേക്ക് കുളങ്ങളുടെ സംയോജനത്തിനുള്ള സാദ്ധ്യതകൾ ആരായുന്നതാണ്. പ്രധാൻ മന്ത്രി കൃഷി സിൻജായി യോജന (PMKSY) നല്ല നിലയിൽ ഉപയോഗപ്പെടുത്തിക്കൊണ്ട് കുളങ്ങളെ ജലസേചന സ്രോതസ്സുകൾ ആക്കി വികസിപ്പിക്കുന്നതാണ്. ജല സംരക്ഷണ ഉപാധികളായ റഗുലേറ്ററുകൾ, മിനി ഡാമുകൾ, തടയണകൾ പോലുള്ള ജലസംഭരണ നിർമ്മിതികളുടെ ഒരു ശ്രേണി നദികളിലെ അനുയോജ്യമായ സ്ഥലങ്ങളിൽ നിർമ്മിക്കുന്നതാണ്.

**158.** എന്റെ സർക്കാർ, ഭൂഗർഭജല പരിപാലനത്തിന്, അക്വിഫർ മാപ്പിംഗും ഭൂഗർഭ ജല റീചാർജ്ജും ഉൾപ്പെടെയുള്ള ശാസ്ത്രീയ തത്വങ്ങൾ, ഭൂഗർഭ ജല സംരക്ഷണത്തിന് സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഭൂഗർഭജലത്തിന്റെയും ഉപരിതല ജലത്തിന്റെയും

സംയോജിത ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. ജലാശയങ്ങളിലെ മലിനീകരണം പരിഹരിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുകൊണ്ടുള്ള ഒരു പങ്കാളിത്ത സമീപനം സ്വീകരിക്കുന്നതാണ്.

**159.** 'കേരള വാട്ടർ റിസോർസസ് ഇൻഫർമേഷൻ സിസ്റ്റ'ത്തെ ജലപരിപാലന തീരുമാനങ്ങളെ സുഗമമാക്കുന്നതിനുള്ള, ഒരു ഉപാധിയായി വികസിപ്പിച്ചെടുക്കുന്നതാണ്. നദികളിലെ ജലസംരക്ഷണ സംവിധാനങ്ങളായ റഗുലേറ്ററുകൾ, മിനി ഡാമുകൾ, തടയണകൾ പോലുള്ള സംഭരണ നിർമ്മിതികളുടെ നിർമ്മാണം, നീർത്തട നദീതടതലങ്ങളിലുള്ള ജലസംരക്ഷണ നടപടികൾ എന്നിവയായിരിക്കും ഊന്നൽ നൽകപ്പെടുന്ന മേഖലകൾ.

**160.** ഗുണനിലവാരം ഉറപ്പു വരുത്തപ്പെട്ട കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന്, ജലവിതരണ പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലുള്ള ശുദ്ധ ജല വിതരണത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ പുനഃസ്ഥാപനം/മെച്ചപ്പെടുത്തൽ എന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ് ഇതിനായുള്ള തന്ത്രം. കേരള വാട്ടർ അതോറിറ്റിയുടെ ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുകയും കമ്മീഷൻ ചെയ്യുകയും ചെയ്യുന്നതു വഴി കേരളത്തിന്റെ ജനസംഖ്യയിൽ 60% സുരക്ഷിതമായ പൈപ്പിലൂടെയുള്ള കുടിവെള്ള വിതരണത്തിന് പ്രാപ്യത നേടുന്നതാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകികൊണ്ട്, സുരക്ഷിത ജല വിതരണം മറ്റ് ഏതൊരു പദ്ധതിയിലും ഉൾപ്പെടാത്ത ശേഷിക്കുന്ന ജനവിഭാഗത്തിന് എത്തിക്കുന്നതിന് വേണ്ടി പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്.

**161.** തീരദേശ മണ്ണൊലിപ്പ് എന്ന ഗുരുതരമായ പ്രശ്നം നേരിടുന്നതിന്, പ്രാദേശികമായി യോജിച്ചതും ചെലവ് കുറഞ്ഞതുമായ ഗ്രീൻ ടെക്നോളജികളുടെ ഒരു മിശ്രണം ഉപയോഗിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## അന്തർസംസ്ഥാന നദീജലം

**162.** മുല്ലപെരിയാർ ഡാമിനെ സംബന്ധിച്ച് നിയമസഭ പാസ്സാക്കിയ പ്രമേയത്തിൽ എന്റെ സർക്കാർ ഉറച്ചുനിൽക്കുന്നു. എന്നിരുന്നാലും സുപ്രീം കോടതി വിധിന്യായത്തെ തുടർന്നുണ്ടായ നിയമവശം പരിഗണിച്ച് അണക്കെട്ടിന്റെ സുരക്ഷ, ബലം, ആയുസ്സ് അതുപോലെതന്നെ ഇതു സംബന്ധിച്ച പരിഹാരമാർഗ്ഗങ്ങളും തിട്ടപ്പെടുത്തുന്നതിലേയ്ക്ക് ലഭ്യമാകുന്ന മികച്ച വിദഗ്ദ്ധർ അടങ്ങുന്ന ഒരു പുതിയ മൾട്ടി ഡിസിപ്ലിനറി ടീമിന്റെ ആവശ്യകത സ്ഥാപിക്കുന്നതിൽ എന്റെ സർക്കാർ നിയമപരമായി ശ്രദ്ധപതിപ്പിക്കുന്നതാണ്.

## ഊർജ്ജം

**163.** മിതമായ നിരക്കിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കുന്നതിന് സംസ്ഥാനത്തിന്റെ ഊർജ്ജ സുരക്ഷ നിലനിർത്തിക്കൊണ്ട് ഒരു സുസ്ഥിര വികസന മാതൃക പിന്തുടരുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധവും, 2017- ഓടു കൂടി സംസ്ഥാനത്തെ എല്ലാ വീടുകളും വൈദ്യുതീകരിയ്ക്കുകയും ഈ നേട്ടം കൈവരിക്കുന്ന രാജ്യത്തെ ആദ്യസംസ്ഥാനം ആയി തീരുകയും ചെയ്യുന്നതാണ്.

**164.** ഊർജ്ജഭദ്രത എന്ന ലക്ഷ്യം പിന്തുടരുന്നതിൽ പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ അവഗണിക്കാനാകില്ലായെന്ന ഉറച്ച വിശ്വസമാണ് എന്റെ സർക്കാരിനുള്ളത് അതുകൊണ്ട് പരിസ്ഥിതിയിൽ വളരെ കുറഞ്ഞ ആഘാതം ഉണ്ടാക്കുന്ന കൂടുതൽ ജലവൈദ്യുത പദ്ധതികളും കുറഞ്ഞത് ഒരു പുതിയ തെർമൽ പവ്വർ പ്ലാന്റെങ്കിലും എങ്ങനെ ഏറ്റെടുക്കാനാകും എന്നത് ബന്ധപ്പെട്ട തല്പരകക്ഷികളുമായി തുടർന്ന് ആലോചിക്കുന്നതാണ്. 2020 - ഓടുകൂടി മൊത്തം ഉപഭോഗത്തിന്റെ കുറഞ്ഞത് 10 ശതമാനമെങ്കിലും പുനരുത്പാദക ഊർജ്ജ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുന്നത് ഉറപ്പുവരുത്തുന്നതിനായി, പുനരുത്പാദക സ്രോതസ്സുകളിൽ നിന്നുള്ള

ഊർജ്ജ ഉത്പാദനം ദ്രുതഗതിയിൽ ആക്കുന്നതാണ്. കാസർഗോഡ്, 200 മെഗാവാട്ട് സോളാർ പാർക്ക് സ്ഥാപിക്കുക എന്നതാണ് ഉടനടി ചെയ്യേണ്ട പ്രധാന ഉദ്യമം. കൂടാതെ കനാലുകളെ ഉപയോഗിച്ച് സൗരോർജ്ജ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ സാധ്യത ആരായുന്നതാണ്.

**165.** കേരളത്തിന്റെ വിതരണ സംവിധാനം ഊർജ്ജ ഇറക്കുമതിയെ വളരെയധികം ആശ്രയിച്ചിരിക്കുന്നു. നമ്മുടെ ഊർജ്ജ ഇറക്കുമതിയ്ക്ക് നിർണ്ണായകമാകുന്ന 400 കെ വി ഇടമൺ-കൊച്ചി ട്രാൻസ്മിഷൻ ലൈനിന്റെ സമയബന്ധിതമായ നടപ്പാക്കൽ ഏറ്റെടുക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, വിന്യസിക്കപ്പെട്ട ഉപകരണങ്ങൾ പരിഷ്കരിച്ചുകൊണ്ട് ഒരേ റൈറ്റ് ഓഫ് വേ (ROW) യിലൂടെ കൂടുതൽ ഊർജ്ജം കൊണ്ടുപോകുന്നതിനുള്ള ട്രാൻസ്ഗ്രിഡ് 2.0 എന്ന ഒരു നൂതന പദ്ധതിയിൽ കെ.എസ്.ഇ.ബി.എൽ (KSEBL) ഏർപ്പെട്ടിരിക്കുകയാണ്. ഊർജ്ജ ഇറക്കുമതിയ്ക്കായി സംസ്ഥാനത്തിന്റെ വിതരണ ശേഷി വർദ്ധിപ്പിക്കുന്നതിന് പവർഗ്രിഡ് കോർപ്പറേഷനിലൂടെ ഹൈ വോൾട്ടേജ് ഡയറക്റ്റ് കറണ്ട് പ്രോജക്റ്റ് (HVDC) പദ്ധതി നടപ്പിലാക്കും.

**166.** ഊർജ്ജ വിതരണ ശൃംഖല നവീകരിച്ചും ഘട്ടംഘട്ടമായി സ്മാർട്ട് ഗ്രിഡ് നടപ്പിലാക്കിയും സംസ്ഥാനത്തെ ഊർജ്ജ വിതരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്, എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കൂടാതെ ഉപഭോക്താവിന്റെ ചുറ്റുപാടുകളിൽ തന്നെ പുനരുൽപ്പാദക ഊർജ്ജത്തിന്റെ സംയോജനം ഇത് സാധ്യമാക്കുന്നു. ഉപഭോക്താക്കൾക്ക് പുതിയ സേവനങ്ങൾ ലഭ്യമാക്കുന്നതിന്, കെ.എസ്.ഇ.ബി.എൽ (KSEBL) ന്റെ ഐ. റ്റി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതാണ്. കൂടാതെ അഡ്വാൻസ്ഡ് റിസർച്ച് ആൻഡ് ഡെവലപ്പ്മെന്റ് സെന്റർ ഇൻ ഇലക്ട്രിക്കൽ പവർ സിസ്റ്റം (AR & DCE) സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**167.** കുട്ടികളിൽ ഊർജ്ജ സംരക്ഷണ സംസ്കാരം സന്നിവേശിപ്പിക്കുന്നതിന് എല്ലാ അപ്പർ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂളുകളിലും എനർജി മാനേജ്മെന്റ് സെന്റർ വഴി എനർജി സ്മാർട്ട് സ്കൂൾ പരിപാടി വ്യാപിപ്പിക്കും.

**168.** 2 മുതൽ 100 M വരെ ശേഷിയുള്ള ഗ്രിഡ് ഇന്റർ -ആക്റ്റീവ് സോളാർ ഫോട്ടോവോൾട്ടിക് (SPV) ഊർജ്ജ നിലയങ്ങൾ ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (ANERT) മുഖേന സ്ഥാപിക്കുന്നതാണ്. സ്ഥാപനങ്ങളിലും വീടുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിപ്പിക്കുന്നതുവഴി, 9000 ക്യൂബിക് മീറ്ററിന്റെ പ്രതിദിന ബയോഗ്യാസ് ഉൽപ്പാദനം കൈവരിക്കുന്നതോടൊപ്പം, വികേന്ദ്രീകൃത രീതിയിൽ ജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികളും ഏറ്റെടുക്കും.

## ഹാർബർ

**169.** മത്സ്യബന്ധന തുറമുഖങ്ങളുടെയും നടന്നുകൊണ്ടിരിക്കുന്ന മറ്റ് അടിസ്ഥാന സൗകര്യനിർമ്മാണങ്ങളുടെയും പ്രവർത്തികൾ പൂർത്തീകരിക്കുക എന്നതിനായിരിക്കും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഊന്നൽ നൽകുന്നത്. പാരിസ്ഥിതിക ആഘാതം ശ്രദ്ധാപൂർവ്വം വിലയിരുത്തിയശേഷം കേന്ദ്രസർക്കാരിന്റെ അനുമതിയോടുകൂടി പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നത് പരിഗണിക്കുന്നതായിരിക്കും. വേളിയിൽ കടൽഭിത്തിയുടെ നിർമ്മാണം ഏറ്റെടുക്കും. തീരദേശ റോഡുകളുടെ മെച്ചപ്പെടുത്തൽ ഈ വർഷം ആരംഭിക്കുന്നതാണ്.

## തുറമുഖങ്ങൾ

**170.** സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ തുറമുഖ മേഖലയ്ക്കുള്ള അനിഷേധ്യമായ പ്രാധാന്യം എന്റെ സർക്കാർ മനസ്സിലാക്കുന്നു. ഈ മേഖലയുടെ വളർച്ചയ്ക്കുവേണ്ടി തന്ത്രപ്രധാന

മായ ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. വിഴിഞ്ഞം തുറമുഖം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. അഴീക്കൽ തുറമുഖം വഴി കണ്ടെയിനറുകളിൽ കൂടിയുള്ള ചരക്കുനീക്കം ഉടൻ തന്നെ ആരംഭിക്കും. ഗതാഗത ചെലവുകളിൽ ഗണ്യമായ ലാഭവും പാരിസ്ഥിതിക കാര്യത്തിൽ അനുകൂല ഫലമുളവാക്കുകയും ചെയ്യുന്നതുകൊണ്ട് കണ്ടെയിനർ ഗതാഗതം തീരദേശ ഷിപ്പിംഗ് വഴി തിരിച്ചുവിടുന്നതാണ്.

**171.** സിമന്റ്, സ്റ്റീൽ, ടൈൽസ് മറ്റ് ഉപഭോഗ വസ്തുക്കൾ തുടങ്ങിയ വ്യവസായങ്ങളെ പരിപോഷിപ്പിക്കുന്നതിനായി കൊല്ലം, വിഴിഞ്ഞം, അഴീക്കൽ, ബേപ്പൂർ എന്നിവിടങ്ങളിലെ ചെറു തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനുള്ള പുതിയ ഉദ്യമങ്ങൾ എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. മാരിടൈം കോഴ്സുകൾ നീണ്ടകരയിലും കൊടുങ്ങല്ലൂരിലുമുള്ള കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്നതാണ്. പി.പി.പി.-മാതൃകയിലുള്ള പൊന്നാനിയിലെ മണൽ ശുചീകരണ പദ്ധതിയും, ആലപ്പുഴയിലെ ഉൾനാടൻ ജലയാനങ്ങൾക്കുവേണ്ടിയുള്ള ഡ്രൈ ഡോക്കിന്റെയും നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതാണ്. കേരളത്തിന്റെ തീരക്കടൽ വഴി യാത്രായാനങ്ങളുടെ സർവ്വീസ് ആരംഭിക്കുന്ന കാര്യം എന്റെ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## സാമൂഹ്യനീതി

**172.** എന്റെ സർക്കാർ, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (MGNREGS)-യുമായി ചേർന്ന് സ്ഥലം കണ്ടെത്തി, സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ സമയബന്ധിത നടപടികൾ സ്വീകരിക്കും. അങ്കണവാടി വർക്കർമാർ/ ഹെൽപ്പർ എന്നിവർക്കുള്ള പരിശീലന പരിപാടികൾക്ക് ഊന്നൽ നൽകും.

**173.** ആരോഗ്യം, നിയമം, പോലീസ് തുടങ്ങിയ സംസ്ഥാനതല ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട്, സ്ത്രീ സുരക്ഷയ്ക്കായി സംസ്ഥാനത്ത് 24 മണിക്കൂർ സംയോജിത വൺ സ്റ്റോപ് ക്രൈസിസ് സെന്റർ (OSCC) ഏർപ്പെടുത്തുന്നതും ആവശ്യമുള്ള സ്ത്രീകൾക്ക് കൗൺസിലിംഗ് നൽകുന്നതുമായിരിക്കും. എല്ലാ ജില്ലകളിലും ലൈംഗിക അതിക്രമത്തിന്റെയും ലൈംഗിക വ്യാപാരത്തിനും ഇരകളാകുന്ന സ്ത്രീകൾക്കും പെൺകുട്ടികൾക്കും സംരക്ഷണം നൽകുന്ന നിർഭയ ഷെൽട്ടർ ഹോമുകൾ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും സ്ഥാപിക്കുന്നതാണ്.

**174.** ട്രാൻസ്ജെൻഡർ വിഭാഗത്തിനുവേണ്ടി ഒരു പദ്ധതി രൂപീകരിക്കുന്നതാണ്.

**175.** എന്റെ സർക്കാർ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും വേണ്ടി പൊതു സമൂഹത്തിന്റെ പങ്കാളിത്തത്തോടുകൂടി "ബാലസുരക്ഷ" എന്ന പദ്ധതി അവതരിപ്പിക്കും. ഗോത്രമേഖലയിൽ ശിശുമരണങ്ങളും പോഷകാഹാരക്കുറവും തടയുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ശ്രമങ്ങൾ നടത്തുന്നതാണ്. അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഒരു ദ്രുതകർമ്മസേന രൂപീകരിക്കും. തെരുവ് കുട്ടികൾക്കായി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കും.

**176.** കൂടുതൽ ഗുണഭോക്താക്കൾക്ക് സഹായം എത്തിക്കാൻ കഴിയും എന്ന ലക്ഷ്യത്തോടെ ആനുകൂല്യങ്ങൾ നേടുന്നതിന്റെ ഇരട്ടിപ്പ് ഇല്ലാതാക്കുവാൻ, വിവിധ മേഖലകളിലുള്ള എല്ലാ സാമൂഹ്യ സുരക്ഷാ പദ്ധതികളെയും എന്റെ സർക്കാർ ഏകോപിപ്പിക്കുന്നതാണ്. സാമൂഹ്യനീതി വകുപ്പിലെ നിലവിലുള്ള നയങ്ങൾ പുനരവലോകനം ചെയ്യുന്നതും, ദുർബല വിഭാഗങ്ങളുടെ ഉന്നമനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന പുതിയ നയങ്ങൾ രൂപീകരിക്കുന്നതിന്

യഥാസമയം നടപടി സ്വീകരിക്കുന്നതുമാണ്. സാമൂഹ്യനീതി വകുപ്പിൻ കീഴിലെ ജില്ലാതല ഓഫീസുകൾ, ഉയർന്നുവരുന്ന ചുമതലകൾ നിറവേറ്റുന്നതിന് പ്രവർത്തനപരമായി പുനഃസജ്ജീകരിക്കുന്നതാണ്. വിവിധ സുരക്ഷാ പദ്ധതികളുടെ കാര്യക്ഷമമായ നിരീക്ഷണത്തിനുവേണ്ടി 'ഇ-ക്ഷേമ' സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒരു ഡാറ്റാബേസ് വികസിപ്പിക്കും.

**177.** സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ, വൃദ്ധജനങ്ങൾ എന്നിവർക്കായി നടപ്പാക്കിയ വിവിധ പദ്ധതികളെ വിലയിരുത്തുന്നതിനായി, സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനായുള്ള നടപടികൾ എന്റെ സർക്കാർ എടുക്കുന്നതാണ്. ഭവനരഹിതരെ രജിസ്റ്റർ ചെയ്യുന്നതിന് ഒരു നിയമം നിർമ്മിക്കും. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ (NIPMR)-നെ വിദ്യാഭ്യാസം, ഗവേഷണം, ചികിൽസാ സൗകര്യങ്ങൾ എന്നിവയ്ക്കായുള്ള ഒരു ദേശീയ തല ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തും.

**178.** ഡിസെബിലിറ്റി സെൻസസ് നടത്തിയ ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. അംഗപരിമിതർക്ക് പരിചരണങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, വിവിധ ഏജൻസികൾക്കും ഈ ഡാറ്റാ ലഭ്യമാക്കുന്നതാണ്. ഇതിനുപുറമെ മേൽപ്പറഞ്ഞ എല്ലാ ആളുകൾക്കും യൂണിഫൈഡ് ഡിസേബിൾഡ് ഐഡന്റിറ്റി കാർഡ് (UDID) നൽകുന്നതാണ്.

**179.** അംഗപരിമിതർക്കായി സംവരണം ചെയ്തിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കും. സംസ്ഥാനത്തെ ഒരു ലക്ഷത്തിൽ അധികം വരുന്ന മാനസിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷണത്തിനായി ഒരു സംവിധാനം എന്റെ സർക്കാർ നടപ്പിലാക്കും. കുട്ടികളിൽ ഉള്ള പഠനവൈകല്യം പ്രാരംഭഘട്ടത്തിൽ തന്നെ കണ്ടു

പിടിക്കുന്നതിനും, ഭേദപ്പെടുത്തുന്നതിനും ഉള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ഒരു സംയോജിത പദ്ധതി ഏർപ്പെടുത്തും. ഏർളി ഐഡെന്റിഫിക്കേഷൻ ആന്റ് ഇന്റർവെൻഷൻ സെന്റർ ഫോർ ഡിസെബിലിറ്റീസ് എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതാണ്.

**180.** 2007-ലെ മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആന്റ് സീനിയർ സിറ്റിസൺസ് ആക്റ്റ് നടപ്പിലാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ട്രിബ്യൂണൽ രൂപവത്കരിക്കുന്നതും എന്റെ സർക്കാർ പരിഗണിക്കുന്നതാണ്. കേരളത്തെ ഒരു വയോജന സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതാണ്. ആവശ്യമായ വ്യക്തികൾക്ക് സഹായം നല്കുന്നതിനു വേണ്ടി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) ന്റെ കീഴിൽ 'വീ കെയർ വോളന്ററി കോർപ്സ്' എന്ന കാര്യക്ഷമമായ സാമൂഹ്യ സുരക്ഷാ കോർപ്സ് രൂപീകരിക്കുന്നതാണ്.

**181.** എന്റെ സർക്കാർ മറവിരോഗം ഉള്ള ആളുകളെ സഹായിക്കുന്നതിനായി ഡിമൻഷ്യ കെയർ സെന്ററുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പകൽ വീടു - കളെ നവീകരിക്കും. അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്ക്, പ്രത്യേകിച്ചും സ്ത്രീകൾക്ക്, പ്രത്യേകമായ ശ്രദ്ധ നൽകുന്നതാണ്.

## പട്ടിക ജാതികൾ

**182.** നമ്മുടെ സംസ്ഥാനത്തെ പട്ടികജാതിക്കാരായ ജനസമൂഹത്തിന്റെ വികാസം, അവരുടെ സ്വാഭാവികചുറ്റുപാടിൽ തന്നെ പരിപോഷിപ്പിക്കുക എന്നതാണ് എന്റെ സർക്കാരിന്റെ ദൗത്യം. പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതി ഉറപ്പുവരുത്തുവാനും അവരുടെ പുരോഗതിയ്ക്കു വേണ്ടി നീക്കിവ

ച്ചിരിക്കുന്ന ഫണ്ട് വിവക്ഷിക്കപ്പെട്ട ഉദ്ദേശത്തിനായി വിനിയോഗിക്കപ്പെടുന്നു എന്നും എസ്.സി/എസ്.റ്റി വിഭാഗത്തിലുള്ളവർക്കായി നീക്കിവച്ചിരിക്കുന്ന സംവരണം അവർക്കുത്തന്നെ ലഭിക്കുന്നുവെന്ന് കാണുവാനും വേണ്ടി ഒരു നിയമം എന്റെ സർക്കാർ കൊണ്ടുവരുന്നതാണ്. വിവാഹസഹായം, മിശ്ര വിവാഹം, വിദ്യഭ്യാസബത്ത, സ്വയം തൊഴിൽ സബ്സിഡി പോലുള്ള വിവിധ ക്ഷേമപദ്ധതികളിൻ കീഴിൽ നൽകുന്ന ക്ഷേമപദ്ധതികളുടെ നിരക്ക് വർദ്ധിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**183.** മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും എസ്.സി/എസ്.റ്റി ഹോസ്റ്റലുകളിലും സൗകര്യങ്ങൾക്കും സേവനങ്ങൾക്കും നിശ്ചിത നിലവാരങ്ങൾ എർപ്പെടുത്തുന്നതും കുറവുകൾ നികത്തുവാൻ സമയബന്ധിതമായ ഒരു പദ്ധതി ആരംഭിക്കുന്നതാണ്.

**184.** പട്ടികജാതി പെൺകുട്ടികളുടെ ചുറ്റുപാടുകളുമായി യോജിച്ചുപോകുന്ന 'വാത്സല്യ നിധി' എന്ന പേരിലുള്ള ഒരു പദ്ധതി ഈ വർഷം രൂപം നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികജാതിക്കാർക്കിടയിലുള്ള കുറഞ്ഞ തൊഴിൽ ലഭ്യത പരിഹരിക്കുവാൻ വകുപ്പിന് കീഴിലുള്ള 44 ഐ.ടി.ഐ കൾ സ്പെഷ്യൽ ഫിനിഷിംഗ് സ്കൂളുകളാക്കി ശക്തിപ്പെടുത്തും.

## പട്ടികവർഗ്ഗങ്ങൾ

**185.** കേരളത്തിലെ ഗ്രാമീണരായ ബി.പി.എൽ ജനസംഖ്യയെ അപേക്ഷിച്ച് പട്ടികവർഗ്ഗക്കാർക്കിടയിൽ നിലനിൽക്കുന്ന ദാരിദ്ര്യമെന്ന അവസ്ഥ, രണ്ടരമടങ്ങാണെന്ന വേദനാജനകമായ യാഥാർത്ഥ്യത്തെ കുറിച്ച് എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്. കേരള ഭൂപരിഷ്കരണ ആക്റ്റ് തന്നെ ഭൂരഹിതരെന്ന അവസ്ഥ കുറയ്ക്കുവാൻ ഉദ്ദേശിക്കപ്പെട്ടുള്ളതാണെങ്കിലും ഗോത്ര വർഗ്ഗങ്ങളിലെ ഏറെപേർക്ക് പ്രസ്തുത നിയമ നിർമ്മാണത്തിന്റെ ആനുകൂല്യം ലഭിച്ചിട്ടില്ല. പട്ടികവർഗ്ഗ

ക്കാർക്കുവേണ്ടി ഭൂമിക്കായുള്ള വേദനാജനകമായ നിരവധി സംഘർഷത്തിന് സംസ്ഥാനം സാക്ഷ്യം വഹിച്ചിട്ടുണ്ട് - ഇത് ഏതൊരു ജനാധിപത്യ സമൂഹത്തിന്റെയും മന:സാക്ഷിക്കേൽക്കുന്ന കളങ്കമാണ്. ഭൂരഹിതരായ ഗോത്രവർഗ്ഗ ജനസമൂഹത്തിന് ഭൂമി നൽകുന്നതിനും ദാരിദ്ര്യം കുറച്ചുകൊണ്ടുവരുന്നതിനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ സാമ്പത്തിക വളർച്ചയ്ക്കുള്ള അടസ്ഥാനം വികസിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിലും ആയിരിക്കും എന്റെ സർക്കാരിന്റെ പദ്ധതികളും നയങ്ങളും ഊന്നൽ നൽകുന്നത് എന്ന് ഞാൻ ഇവിടെ ഊന്നിപറയട്ടെ.

**186.** വനവാസികളായ ഗോത്രവർഗ്ഗക്കാരുടെ വികസനാവകാശം ഉറപ്പുവരുത്തും. നിലവിലുള്ള താമസസ്ഥലങ്ങൾ മെച്ചപ്പെടുത്തുന്നതിനും വീടുകൾ ഇല്ലാത്ത കുടുംബങ്ങൾക്കും പുതുക്കുവാനോ അറ്റകുറ്റപ്പണി ചെയ്യുവാനോ കഴിയാത്തവിധം ശിഥിലമായി വീടുകളിൽ ജീവിക്കുന്നവർക്കും പുതിയ വീടുകളുടെ നിർമ്മാണത്തിനും ധനസഹായം നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**187.** ലഭ്യമായ സ്രോതസ്സുകൾ സംയോജിപ്പിച്ച് എല്ലാ എസ്.റ്റി. കുടുംബങ്ങൾക്കും വൈദ്യുതിയും കുടിവെള്ളവും ലഭ്യമാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വാട്ടർ അതോറിറ്റിയുടെയും, ഭൂഗർഭജല വകുപ്പിന്റെയും സ്വജൽധാര, ജലനിധി പോലുള്ള നിലവിലുള്ള പദ്ധതികളുടെയും വാട്ടർ അതോറിറ്റിയുടെയും ഭൂഗർഭജല വകുപ്പിന്റെയും നിലവിലുള്ള പദ്ധതികളെയും പുനരുജ്ജീവിപ്പിക്കുന്നതിനും എന്റെ സർക്കാർ മുൻഗണന നൽകും. ആവശ്യം ഉള്ളിടങ്ങളിൽ എല്ലാം പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതാണ്. എക്കോ ട്രൈബൽ ഹാബിറ്റാറ്റുകളുടെ വികസനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നതാണ്.

**188.** വേതനമായി പണവും, ഫുഡ് സപ്പോർട്ട് പദ്ധതി വഴി ഭക്ഷ്യ ധാന്യങ്ങളും ഓരോരുത്തരുടേയും മുൻഗണനയും രുചിയും അനുസരിച്ച് ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്തും ഗോത്രവർഗ്ഗക്കാരെ അലട്ടുന്ന പ്രശ്നങ്ങളായ പോഷകാഹാര കുറവു മൂലമുള്ള രോഗങ്ങളും, വിശപ്പും, ദാരിദ്ര്യവും എന്റെ സർക്കാർ പരിഹരിക്കുന്നതാണ്. ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും കൃഷിയിലും അനുബന്ധ മേഖലകളിലും ഭൂമി അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതാണ്. ഉൾവനങ്ങളിൽ താമസിക്കുന്ന പണിയർ/അടിയർ/മലപ്പണ്ടാരം/അരനാടൻ/മലപ്പുലയൻ/പിവിറ്റിജി - പ്രത്യേകമായി ദുർബ്ബലമാക്കപ്പെട്ട ട്രൈബൽ ഗ്രൂപ്പുകൾ (particularly vulnerable tribal groups) എന്നിവർക്കിടയിലെ പോഷകാഹാരക്കുറവ് സംബന്ധിച്ച പ്രശ്നം പരിഹരിക്കുന്നതിന് പോഷക സമൃദ്ധമായ ഭക്ഷണം നൽകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതാണ്. ഇതിനു പുറമെ, ഓണത്തിനും മറ്റു പ്രത്യേക അവസരങ്ങളിലും ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷണ പൊതികൾ വിതരണം ചെയ്യുന്നതാണ്. തീക്ഷണമായ പോഷകാഹാരക്കുറവ് അനുഭവിക്കുന്ന എല്ലാ സെറ്റിൽമെന്റുകളിലും കമ്മ്യൂണിറ്റി കിച്ചനുകളും ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകളും ഏർപ്പെടുത്തുന്നതാണ്.

**189.** പെൺകുട്ടികൾക്കിടയിലെ ശരിയായ വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ പതിനെട്ട് വയസ്സ് പൂർത്തിയായതിനും പത്താം തരം പാസ്സായതിനുശേഷം മാത്രം പണമാക്കി മാറ്റാൻ സാദ്ധ്യമാകുന്ന ദീർഘകാല ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട ഒരു നിക്ഷേപ പദ്ധതിയുള്ള ട്രൈബൽ ഗേൾ ചൈൽഡ് എൻഡോവ്മെന്റ് സ്കീം എന്റെ സർക്കാർ ആരംഭിക്കുന്നതാണ്.

**190.** എല്ലാ ഗോത്രവർഗ്ഗ സമൂഹങ്ങൾക്കും ഉന്നതനിലവാരമുള്ള വിദ്യാഭ്യാസ അവസരങ്ങൾ ഉറപ്പുവരുത്തുവാൻ എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നു ടീച്ചർ ട്രെയിനിംഗ്, ലാംഗ്വേജ് ട്രെയിനിംഗ് എന്നിവിടങ്ങളിൽ നിന്നും ഉൾപ്പെടെയുള്ള ഉയർന്ന നിരക്കിലുള്ള കൊഴിഞ്ഞുപോക്ക് തടയുന്നതിന്, എന്റെ സർക്കാർ പ്രത്യേക ഇടപെടൽ നടത്തുന്നതും മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ആശ്രം സ്കൂളുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തുക, കരിയർ ഗൈഡൻസ് നൽകുക, പിന്തുണ നൽകുക, കൂടുതൽ തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസ സൗകര്യങ്ങൾ വ്യാപിപ്പിക്കുക, വിദ്യാസമ്പന്നരും തൊഴിൽരഹിതരുമായ എസ്.റ്റി. ജനങ്ങളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുക എന്നിവപോലെയുള്ള നടപടികൾക്കൊപ്പം വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ട്രാൻസ്പോർട്ട് സൗകര്യങ്ങളും ഏർപ്പെടുത്തുന്നതും ഒരു ബഹുമുഖ തന്ത്രത്തിന്റെ ഭാഗമായി കൂട്ടിചേർക്കപ്പെടുന്നതാണ്.

**191.** ട്രൈബൽ വിദ്യാർത്ഥികൾക്കിടയിൽ കലാ-കായിക വാസനകളെ പ്രോത്സാഹിപ്പിക്കുവാൻ എന്റെ സർക്കാർ പ്രത്യേക ശ്രമം നടത്തുന്നതാണ്. കേരള കലാമണ്ഡലം, ഫോക്ക്ലോർ അക്കാദമി, ലളിത കലാ അക്കാദമി എന്നിവയുടെ സഹായത്തോടെ ട്രൈബൽ സംസ്കാരത്തിലെ വൈവിധ്യവും, ആകർഷണീയതയും പരിപോഷിപ്പിക്കുന്നതാണ്.

## പിന്നാക്ക സമുദായങ്ങൾ

**192.** പിന്നാക്ക വിഭാഗങ്ങളുടെ ത്വരിതഗതിയിലുള്ള സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്ക് മുഖ്യതടസ്സം വിദ്യാഭ്യാസ പിന്നാക്കാവസ്ഥയാണെന്ന് തിരിച്ചറിയുന്ന എന്റെ സർക്കാർ, പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ വികസനത്തിന് പ്രാമുഖ്യം നൽകും. ഒ.ബി.സി, ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും സഹായവും, തൊഴില

വസരം വർദ്ധിപ്പിക്കുന്ന പദ്ധതികൾ, നൈപുണ്യ വികസനം ഉൾപ്പെടെയുള്ള പത്ത് പദ്ധതികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് നടത്തുന്നതാണ്. അവരുടെ സമഗ്രമായ വികസനത്തിന് എന്റെ സർക്കാർ ഒരു പദ്ധതി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ, ക്രിസ്ത്യൻ കൺവേർട്ട്സ് റെക്കമെൻഡഡ് കമ്മ്യൂണിറ്റീസിനു വേണ്ടിയുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ എന്നിവ മുഖാന്തിരം നൽകുന്ന സഹായത്തിന്റെ വ്യാപ്തി കൂടുതലായി വ്യാപിപ്പിക്കുന്നതാണ്.

## ന്യൂനപക്ഷ ക്ഷേമം

**193.** പാലൊളി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഹജ്ജ് കമ്മിറ്റിക്ക് സ്ഥിരമായി ഗ്രാന്റ് അനുവദിക്കുന്നതും വഖഫ് ബോർഡിനുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുകയും ചെയ്യും. അന്യാധീനപ്പെട്ട വഖഫ് സ്വത്തുക്കൾ വീണ്ടെടുക്കാൻ കൂട്ടായ ശ്രമം നടത്തുന്നതാണ്. ബോർഡിനെ സാമ്പത്തികമായി ശക്തിപ്പെടുത്തുവാൻ വേണ്ട വരുമാനം ഉണ്ടാക്കുവാനായി വഖഫ് സ്വത്തുകൾ ഉപയോഗിക്കുന്നതാണ്. വഖഫ് ബോർഡിന്റെ കീഴിൽ വരുന്ന തസ്തികളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് പി.എസ്.സി.യെ ചുമതലപ്പെടുത്തുന്നതും അത് മുസ്ലീം സമുദായത്തിലെ യോഗ്യരായ ഉദ്യോഗാർത്ഥികൾക്കു തന്നെ നിയമനം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യും. ന്യൂനപക്ഷങ്ങൾക്ക് ഇ-സാക്ഷരതയും കമ്പ്യൂട്ടർ പരിശീലനവും നൽകുന്നതിന് ഊന്നൽ നൽകും.

## മുന്നാക്ക സമുദായങ്ങൾ

**194.** കേരള സംസ്ഥാന മുന്നാക്ക വിഭാഗ കോർപ്പറേഷൻ ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് മതിയായ ഫണ്ട് നൽകി കോർപ്പറേഷനെ എന്റെ സർക്കാർ ശക്തിപ്പെടുത്തും.

## സൈനികക്ഷേമം

**195.** സായുധ സേനകളിലെ കേരളിയരുടെ ബാഹുല്യം പരിഗണിച്ച് സൈനികക്ഷേമ പ്രവർത്തനങ്ങൾ ഏകോപിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്റെ സർക്കാർ ഊന്നൽ നൽകുന്നതാണ്.

## പ്രിന്റിംഗ് ആന്റ് സ്റ്റേഷനറി

**196.** സർക്കാർ പ്രസ്സുകളുടെ ശേഷി പരമാവധി ഉപയോഗപ്പെടുത്തുന്നതും സുതാര്യത ഉറപ്പുവരുത്തുന്നതിനായി സ്റ്റേഷനറി വകുപ്പിലെ സംഭരണ സംവിധാനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതുമാണ്.

## പ്രവാസി കേരളീയർ

**197.** കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്ക് വിലപ്പെട്ട സംഭാവന നൽകുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ബഹുഭൂരിപക്ഷം വരുന്ന പ്രവാസി കേരളീയരെ എന്റെ സർക്കാർ നന്ദിയോടെ സ്മരിക്കുന്നു.

**198.** വിദേശ രാജ്യങ്ങളിൽ പോകുന്നവർക്ക് അവിടെ തൊഴിൽ ലഭിക്കാനുതകും വിധം വിവിധ കഴിവുകൾ പ്രദാനം ചെയ്യുവാൻ നോർക്ക' വകുപ്പിന്റെ സ്ക്കിൽ അപ്ഗ്രഡേഷൻ പദ്ധതി സമഗ്രമാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. രാജ്യാധിഷ്ഠിത പ്രീ-ഡിപാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നതിൽ ഊന്നൽ നൽകുകയും വിദേശത്തു നിന്നു തിരിച്ചു വരുന്നവരുടെ പുനരധിവാസം ഉറപ്പ് വരുത്തുവാനുള്ള അനുകൂല നടപടികൾ സ്വീകരിക്കുകയും ചെയ്യും. പ്രവാസി കേരളീയരുടെ സമ്പാദ്യം പ്രയോജനപ്രദമായ രീതിയിൽ തിരിച്ചുവിടുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നതും സംസ്ഥാനത്ത് പ്രവാസികേരളീയരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുവാൻ ഒരു ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുകയും ചെയ്യുന്നതാണ്.

## ആഭ്യന്തരം

**199.** സദ്ഭരണത്തിനും സാമൂഹ്യ സാമ്പത്തിക വികസനത്തിനും ഒഴിവാക്കാനാവാത്തതാണ് കാര്യക്ഷമമായ പോലീസ് സേനയിലൂടെയുള്ള ഫലപ്രദമായ നിയമ നിർവ്വഹണം. കേരള ജനതയ്ക്ക് സംശുദ്ധവും, സുതാര്യവും സേവനാധിഷ്ഠിതമായ പോലീസ് ഭരണം കാഴ്ച വയ്ക്കുന്നതിന് എന്റെ സർക്കാർ എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. നിയമനം, പരിശീലനം, സ്ഥാനകയറ്റം എന്നിവ വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിലാക്കുന്നതിന് യോജിച്ച ഹ്യൂമൻ റിസോഴ്സ് ഡെവലപ്പ്മെന്റ് പോളിസി എന്റെ സർക്കാർ കൊണ്ടുവരുന്നതാണ്.

**200.** പോലീസിന്റെ ആധുനികവൽക്കരണം ഒരു ഘടനാപരമായ ഉദ്യമവും അത് അനുയോജ്യമായ സാങ്കേതിക വിദ്യയുടെ പ്രയോഗം വിഭവാനം ചെയ്യുകയും ചെയ്യും. ഗതാഗത നിയന്ത്രണത്തിനും നടപ്പാക്കലിനുമായി അടിസ്ഥാന സൗകര്യ വികസനം കൊണ്ടുവരുന്നതും, അതിൽ സ്റ്റേറ്റ് ലെവൽ ട്രാഫിക് കൺട്രോൾ ആന്റ് മോണിട്ടറിംഗ് സെന്ററും ഉൾപ്പെടുന്നതുമാണ്. സംസ്ഥാനത്ത് സൈബർസ്പേസിന്റെ വർദ്ധിച്ചുവരുന്ന ദുരുപയോഗം കണക്കിലെടുത്ത് സൈബർക്രൈം ഇൻവെസ്റ്റിഗേഷനും, ട്രയിനിങ്ങിനും, അടിസ്ഥാന സൗകര്യ വികസനത്തിനും മുൻഗണന നൽകുന്നതാണ്. എല്ലാ പോലീസ് സ്റ്റേഷനുകളുടെയും നിലവാരമുയർത്തി സ്മാർട്ട് പോലീസ് സ്റ്റേഷനുകളായി മാറ്റുന്നതിന് ഒരു പുരോഗമനാത്മകമായ പദ്ധതി നടപ്പിലാക്കുന്നതാണ്. പൊതുജനങ്ങളുടെ പ്രയോജനത്തിനായി ക്രൈം ആന്റ് ക്രിമിനൽ ട്രാക്കിംഗ് നെറ്റ്വർക്ക് (CCTNS) പ്രൊജക്ടിൽ ഒരു പബ്ലിക് വെബ് പോർട്ടൽ ഫെസിലിറ്റി കൊണ്ടുവരുന്നതാണ്.

**201.** എന്റെ സർക്കാർ തീരദേശ സുരക്ഷ കൈകാര്യം ചെയ്യുന്നതിനായി ഒരു ഐ.ആർ മറൈൻ ബറ്റാലിയനും സംസ്ഥാനത്തെ പ്രക്ഷോഭം തീവ്രവാദം മറ്റു ബന്ധപ്പെട്ട പ്രശ്നങ്ങൾ

കൈകാര്യം ചെയ്യുന്നതിന് സഹായത്തിനായി ഒരു ഇന്ത്യ റിസർവ് (ഐ.ആർ) ബറ്റാലിയനും കൂടി അനുവദിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. കാര്യക്ഷമമായ ഒരു വുമൺ സേഫ്ടി ആന്റ് സെക്യൂരിറ്റി സ്കീം ആരംഭിക്കുന്നതാണ്. ഒരു സമ്പൂർണ്ണ വനിതാ ബറ്റാലിയൻ കൊണ്ടുവരുന്നതിന്റെ സാധ്യതകൾ കൂടി പരിശോധിക്കുന്നതാണ്. കൂടാതെ താഴെത്തട്ടിലുള്ള വനിതാ ഓഫീസർമാരുടെ പ്രാതിനിധ്യം എന്റെ സർക്കാർ വർദ്ധിപ്പിക്കുന്നതുമാണ്.

**202.** ഫയർ സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിച്ചും, ആധുനിക അഗ്നി പ്രതിരോധ രക്ഷാ ഉപകരണങ്ങൾ സംഭരിച്ചും ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ വിഭവശേഷി എന്റെ സർക്കാർ വർദ്ധിപ്പിക്കുന്നതാണ്. സെക്രട്ടേറിയറ്റിനും, പത്മനാഭസ്വാമി ക്ഷേത്രത്തിനും വേണ്ടി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. ഫയർ & റസ്ക്യൂ സർവ്വീസസിൽ ഉയർന്നുവരുന്ന വെല്ലുവിളികൾ പ്രതിഫലിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫയർ ഫോഴ്സ് ആക്റ്റും, റൂൾസും നിർമ്മിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വിയ്യൂരിലുള്ള ട്രെയിനിംഗ് അക്കാദമി പുനസംഘടിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. മാനവ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് സിവിൽ ഡിഫൻസ് അക്കാദമി ശക്തിപ്പെടുത്തുന്നതാണ്.

**203.** ജയിലുകൾ ആധുനികവത്കരിക്കൽ, തടവുകാരുടെ ക്ഷേമം എന്നീ രണ്ട് സുപ്രധാന മേഖലകൾക്ക് ജയിൽ വകുപ്പ് ഊന്നൽ നൽകുന്നു. വിയ്യൂരിലെ ഹൈസെക്യൂരിറ്റി ജയിൽ, ജില്ലാ ജയിലുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യ പ്രവൃത്തികൾ വേഗത്തിലാക്കും. വയർലെസ് കമ്മ്യൂണിക്കേഷൻ സൗകര്യം ത്വരിതപ്പെടുത്തും. ജയിലിൽ തൊഴിലധിഷ്ഠിത കേന്ദ്രങ്ങൾ, തിരഞ്ഞെ

ടുക്കപ്പെട്ട ജയിലുകളിൽ യോഗ പരിശീലന കേന്ദ്രങ്ങൽ എന്നിവ സ്ഥാപിക്കുകയും വിവിധ മതസ്ഥർക്ക് ബഹുനില പ്രാർത്ഥനാ ഹാളുകൾ സ്ഥാപിക്കുന്നതാണ്. പ്രധാന ജയിലുകളെ കോടതിക ളുമായി ബന്ധിപ്പിക്കുന്ന വീഡിയോ കോൺഫറൻസിംഗ് സൗകര്യം കൊണ്ടുവരുമെന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതും അത് എത്രയും പെട്ടന്ന് പൂർത്തിയാകുന്നതുമാണ്.

**204.** അഴിമതി തുടച്ചുനീക്കുന്നതിന് എന്റെ സർക്കാർ സാധ്യ മായ എല്ലാ നടപടികളും സ്വീകരിക്കും. വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തും സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് അവബോധമുണ്ടാക്കുന്നുവെന്ന് ഉറപ്പുവരുത്തും. നല്ല ഭരണത്തിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാതിര സംഘടനകൾ മറ്റ് സിറ്റിസൺ ഗ്രൂപ്പുകൾ എന്നീവ വഴി യുവജന ങ്ങളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പുവരുത്തും. വിജിലൻസ് സംവിധാനത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കു ന്നത് കുറ്റകൃത്യങ്ങൾ വഴങ്ങുന്ന സ്വഭാവമുള്ളവർ, പ്രവർത്തനങ്ങൾ സംഭവങ്ങൾ, സ്ഥലങ്ങൾ, പ്ലാനുകൾ, പദ്ധതികൾ എന്നിവ കണ്ടെ ത്തുന്നതിലാണ്.

## നിയമം

**205.** എന്റെ സർക്കാർ കാലഹരണപ്പെട്ട നിയമങ്ങളെ റദ്ദാക്കു വാനും മുൻ തിരുവിതാംകൂർ, കൊച്ചിൻ, മലബാർ ഭാഗങ്ങളിൽ ബാധകമായിട്ടുള്ള ശേഷിക്കുന്ന നിയമങ്ങൾ ഏകീകരിക്കുവാനും ഉദ്ദേശിക്കുന്നു. ലീഗൽ സർവ്വീസസ് അതോറിറ്റി നൽകുന്ന വിവിധ സേവനങ്ങൾ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി (NALSA) 2016-17-ലെ നാഷണൽ പ്ലാൻ ഓഫ് ആക്ഷന്റെ മാതൃക യിൽ ശക്തിപ്പെടുത്തും. സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ എന്റെ സർക്കാർ എല്ലാ പിൻന്തുണയും നൽകും.

## നീതിനിർവ്വഹണം

**206.** കോടതികളിലെ സൗകര്യങ്ങൾ ആസൂത്രിതമായ രീതി യിൽ വികസിപ്പിക്കുകയും അതുവഴി മെച്ചപ്പെട്ട നിലവാരം കൈവ രിക്കുന്നതുമാണ്.

## ഔദ്യോഗിക ഭാഷ

**207.** 1969-ലെ ഔദ്യോഗിക ഭാഷാനിയമം ഉണ്ടായിരുന്നിട്ടും ഔദ്യോഗിക ഭാഷാ നടപ്പിലാക്കുന്നതിനും, മലയാളം ഭരണത്തിന്റെ മുഖ്യ മാധ്യമമായി സ്വീകരിക്കുന്നതിനും സർക്കാർ പൂർണ്ണമായും വിജയിച്ചിട്ടില്ല. മലയാളത്തിന് ശ്രേഷ്ഠഭാഷാ പദവി ലഭിക്കുകയും മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ, 2015 പാസ്സാക്കിയിട്ടുള്ളതുമാണ്. എന്നിരുന്നാലും, ഈ സമയങ്ങളിലൊക്കെ മലയാളത്തെ ഔദ്യോഗിക രംഗത്ത് ഉപയോഗിക്കുവാൻ സർക്കാർ മാന്ദ്യത കാട്ടി. കേരളത്തിന്റെ അറുപാതം വാർഷിക വേളയിൽ, കേരളത്തിലെ ഔദ്യോഗിക ഭാഷ എന്ന നിലയിൽ, മലയാളത്തിന്റെ ഉപയോഗം സാർവ്വത്രികമാക്കുവാൻ എന്റെ സർക്കാർ ശ്രമിക്കും.

## പാർലമെന്ററി കാര്യം

**208.** രാജ്യത്തെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ, വൻതോതിലുള്ള മതേതര വിശ്വാസ്യതക്ക് ചോർച്ച സംഭവിച്ചിരിക്കുന്നുവെന്ന് എന്റെ സർക്കാർ തിരിച്ചറിയുകയും, ശക്തമായതും ശ്രേഷ്ഠമായതുമായ പാർലമെന്ററി ജനാധിപത്യം, അതിനെ അതിജീവിക്കുന്നതിനായി മതേതര മൂല്യങ്ങളുടെ പ്രാധാന്യത്തെ കേന്ദ്രീകരിച്ചുള്ള വിപുലമായ ബോധവത്കരണ ക്യമ്പയിനുകൾ സംഘടിപ്പിക്കുവാൻ എന്റെ സർക്കാർ ശ്രദ്ധിക്കുന്നതാണ്. ഈ പദ്ധതി, വിദ്യാത്ഥികളേയും യുജനങ്ങളേയും ലക്ഷ്യം വച്ചുകൊണ്ട് പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കുന്നതാണ്.

## റവന്യൂ

**209.** ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനായി ഒരു സമയബന്ധിത ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം നടപ്പിലാക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. കേരള ഭൂപരിഷ്കരണ ആക്റ്റിന് അതിന്റെ ഏതെങ്കിലും ഉദ്ദേശലക്ഷ്യങ്ങൾക്ക് കോട്ടം വരാതെ എല്ലാ പ്രക്രിയ പൂർത്തീകരിക്കുവാനും റീ സർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ

പരിഹരിക്കുവാനും ഒരു സമയ പരിധി നിശ്ചയിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൃഷിയോഗ്യമായ തണ്ണീർത്തടങ്ങളും നെൽപാടങ്ങളുടെയും ഡേറ്റാ ബാങ്ക് ഈ വർഷം തന്നെ പൂർത്തീകരിക്കും. ഭൂരേഖകൾ മുൻഗണന നൽകി ആധുനികവത്കരിക്കുന്നതാണ്. സർക്കാർ ഭൂമി കൈയേറുന്നത് തടയുന്നതിന് ശക്തമായ നടപടികൾ ആരംഭിക്കുന്നതാണ്. ദീർഘകാലമായി മലബാറിൽ വ്യക്തികളുടെ കൈകളിലുള്ള കുറഞ്ഞ വിസ്തീർണ്ണത്തിലുള്ള ഭൂമി പതിച്ചുകൊടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**210.** ശബരിമല തീർത്ഥടകർക്ക് ലഭ്യമായിട്ടുള്ള സൗകര്യങ്ങൾ വർദ്ധിക്കുന്നതിനും സമയബന്ധിതമായി ശബരിമല മാസ്റ്റർ പ്ലാൻ നടപ്പാക്കുന്നതിന് എന്റെ സർക്കാർ നടപടികൾ സ്വീകരിക്കും. പ്ലാസ്റ്റിക് മുക്ത ശബരിമല എന്ന ലക്ഷ്യം നേടുന്നതിന് ഫലപ്രദമായ നടപടികൾ എടുക്കുന്നതാണ്.

**211.** കാവുകളും, ആൽത്തറകളും ഒരു ഗ്രാമങ്ങളിലെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിലും അതുപോലെതന്നെ പാരിസ്ഥിതികമായും വളരെ വലിയ പ്രാധാന്യം ഉണ്ട്. ഇവയെ നിലനിർത്താനും പരിപാലിക്കാനും എന്റെ സർക്കാർ പരിശ്രമിക്കുന്നതാണ്. ദേവസ്വം ഭൂമിയുടെ ഒരു പ്രത്യേക സർവ്വെ നടത്തുന്നതാണ്.

**212.** നികുതി പിരിവുമായി ബന്ധപ്പെട്ട നടപടികൾ ആധുനികവത്കരിച്ച് വരുമാന വർദ്ധനവുണ്ടാക്കുവാനുള്ള വിവിധ പരിപാടികൾ എന്റെ സർക്കാർ ഏറ്റെടുക്കുന്നതാണ്. ഹാർഡ്വേറുകളുടെ പരിഷ്ക്കരണത്തിനും കേരള വാല്യു ആഡഡ് ടാക്സ് ഇൻഫർമേഷൻ സിസ്റ്റം മെച്ചപ്പെടുത്തുന്നതിനുമുള്ള ഇ-ഗവേൺസ് സംരഭങ്ങൾ നടപ്പിലാക്കുന്നതാണ്. അസ്സ്മെന്റിനായുള്ള സിസ്റ്റം സ്ക്രൂട്ടനി കമ്പ്യൂട്ടർ വത്ക്കരിക്കും. എല്ലാ വകുപ്പുകളെയും ഉൾപ്പെടുത്തിയുള്ള സംയോജിത ചെക്ക് പോസ്റ്റ് സമ്പ്രദായത്തിലേക്ക് സംസ്ഥാനം ഉടൻ മാറും. അവ കൂടുതലായും വിവരശേഖരണ

തരത്തിലുള്ളതും, ഓട്ടോമേഷൻ, സർവ്വയലൻസ് എന്നിവയ്ക്കായുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററുകളും ആയിരിക്കുന്നതാണ്.

## എക്സൈസ്

213. മദ്യ ഉപയോഗത്തിന് നിന്ന് വിട്ടുനിൽക്കാനും മയക്കുമരുന്ന് വിരുദ്ധപ്രവർത്തനങ്ങളും സംബന്ധിച്ച് അനബോധം ശക്തിപ്പെടുത്തുന്നതിനും ഒരു അവയർനസ് മിഷൻ രൂപീകരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഈ മിഷൻ വിദ്യാർത്ഥി പോലീസ് കേഡറ്റ്സ്, സ്കൂളുകളിലെയും കോളേജുകളിലേയും മയക്കുമരുന്ന് വിരുദ്ധ ക്ലബുകൾ, എൻ. എസ്. എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യ വർജ്ജന സമിതി ഉൾപ്പെടെയുള്ള വിവിധ എൻ. ജി. ഒ. കൾ. വിദ്യാർത്ഥി യുവജന സംഘടനകൾ എന്നിവയുടെ പ്രവർത്തനം ഏകോപിപ്പിക്കും. മദ്യത്തിന്റെ ഉപഭോഗം ലഹരി പദാർത്ഥങ്ങളുടെ വ്യാപകമായ ലഭ്യത, എന്നിവയിൽ നിന്നുണ്ടാകുന്ന സാമൂഹ്യ സാമ്പത്തിക ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച വ്ശദമായ ശാസ്ത്രീയ പഠനം നടത്തുന്നതാണ്.

214. മദ്യ ഉപഭോഗത്തിൽ ഏർപ്പെടുത്തിയ നിയ്ന്തണത്തിന് ഉദ്ദേശിച്ച ഫലം ലഭിച്ചില്ല എന്നതാണ് എന്റെ സർക്കാരിന്റെ കാഴ്ചപ്പാട്. സംസ്ഥാനത്ത് മയക്കുമരുന്നിന്റെ ഉപയോഗത്തിലും ലഭ്യതയിലും ഉള്ള വർദ്ധനവ് അസ്വസ്ഥതയുളവാക്കുന്നതാണ്. എന്റെ സർക്കാർ അതിന്റെ നയപരമായ നിലപാട് രൂപീകരിക്കുന്നതിന് മുൻപ് സമൂഹത്തിലെ എല്ലാ വിഭാഗം ആളുകളുടെയും അഭിപ്രായം കണക്കിലെടുക്കുന്നതാണ്.

215. മയക്കുമരുന്ന് ഉപയോഗത്തിന് പ്രതിരോധിക്കുവാൻ ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി സ്ഥാപക്കുന്നതിന് ഉൾപ്പെടെയുള്ള മറ്റ് ഉദ്യമങ്ങൾ ഏറ്റെടുക്കുന്നതാണ്. എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഡീ-അഡിഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. എറ്റവും കൂടുതൽ ഗോത്ര വർഗ്ഗക്കാരും, എസ്റ്റേറ്റ് തൊഴിലാളികളും താമസിക്കുന്ന മലപ്പുറം ജില്ലയിലെ നിലമ്പൂർ, ഇടുക്കി ജില്ലയിലെ ദേവികുളം എന്നിവിടങ്ങളിൽ എൻഫെഴ്സ്മെന്റ് പ്രവർത്തനം

ശക്തിപ്പെടുത്തുന്നതിന് എന്റെ സർക്കാർ ജനമൈത്രി എക്സൈസ് ഓഫീസുകൾ സ്ഥാപിക്കും. തൃശ്ശൂരിലെ എക്സൈസ് അക്കാദമി ആന്റ് റിസർച്ച് സെന്റർ നാഷണൽ അക്കാദമി ആയി ഉയർത്തും.

## രജിസ്ട്രേഷൻ

**216.** ഇൻഫർമേഷൻ ടെക്നോളജി ഫലപ്രദമായി ഉപയോഗപ്പെടുത്തുക വഴി, രജിസ്ട്രേഷൻ വകുപ്പിനെ എന്റെ സർക്കാർ ആധുനികവത്ക്കരിക്കും. ആധാർ രജിസ്ട്രേഷന് ഇ-പേമെന്റ് രജിസ്ട്രേഷൻ ഫീസ് സൗകര്യം ഏർപ്പെടുത്തും. കുടിക്കട സർട്ടിഫിക്കറ്റ് ഒറ്റ ദിവസം കൊണ്ട് നൽകുക എന്നത് എന്റെ സർക്കാർ ഒരു ദൗത്യമായി ഏറ്റെടുത്തിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ രജിസ്റ്റർ ഓഫീസുകളിലും കുടിക്കട സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

## ലോട്ടറികൾ

**217.** 10,000 കോടിയുടെ വിറ്റുവരവ്, മൊത്തം 2,500 കോടിയുടെ ശേഖരിച്ച അറ്റാദായം, നടപ്പുവർഷം ലോട്ടറിയിൽ നിന്നും നേടാനാവുമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു. കാരുണ്യ, പോലെ പ്രത്യേക ആവശ്യങ്ങൾക്കായി ലോട്ടറികൾ സംഘടിപ്പിക്കുന്ന നിലവിലെ സമ്പ്രദായം തുടരുന്നതാണ്. സാമൂഹ്യമായി പാർശ്വവത്കരിക്കപ്പെട്ട അഗതികളും ഭിന്നശേഷിക്കാരുമായ ലോട്ടറി ഏജന്റുമാർ, വിൽപ്പനക്കാർ എന്നിവർക്ക് ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് വഴി നൂതന സഹായ നടപടികൾ കൊണ്ടുവരുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

## ഉപസംഹാരം

**218.** നമ്മുടെ സംസ്ഥാനം വളരുകയും അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യണം. മുന്നിലുള്ള പ്രയത്നം തികച്ചും ഭയാനകവും എന്റെ സർക്കാരിന് മുൻ സർക്കാരിൽ നിന്നും സിദ്ധിച്ച പാരമ്പര്യം വളരെ ഇരുണ്ടതാണ്. എന്നാൽ, എന്തൊക്കെ ആണെങ്കിലും

സംസ്ഥാനത്തിന്റെ വികസന വീക്ഷണം യാഥാർത്ഥ്യമാക്കപ്പെടേണ്ട താണ്. അതിനായുള്ള ഏതൊരു ത്യാഗവും വലുതായിരിക്കില്ല. നമ്മുടെ സംസ്ഥാനത്തിന് അതിന്റെ ലക്ഷ്യങ്ങൾ കൈവരിക്കണ മെങ്കിൽ സാമൂഹിക സാമ്പത്തിക വികസനം, അതിവേഗം മുന്നോ ട്ടുകൊണ്ടുപോകേണ്ടതുണ്ട്. ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റപ്പെടേണ്ടതുണ്ട്. എന്റെ സർക്കാർ ഭയന്ന് പിൻമാറില്ല. എത്ര ഭയാനകമാണെങ്കിലും നാം ആ വെല്ലുവിളികളെ അതിജീവിക്കും. സാമൂഹ്യക സാമ്പത്തിക പുരോഗതികളുടെ മുൻനിരയിൽ കേരളത്തെ എത്തിക്കുവാൻ എന്റെ സർക്കാർ ആവേശത്തോടെയും പതറാതെയും മുന്നേറും. ഇതിനായുള്ള പരിശ്രമങ്ങൾക്ക് നമുക്ക് ഒത്തുചേരാം.

**ജയ്ഹിന്ദ്**